www.malankaralibrary.com

നവംബർ 2024

# ക്രൈസ്തവ കാഹളം



2024

YOUTH PILGRIMS OF HOPE

യുവജനങ്ങൾ പ്രത്യാശയുടെ തീർത്ഥാടകർ

Malankara Catholic Youth Movement

# മലങ്കരയുടെ നവ യുവത്വം

www.malankaralibrary.com




കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ, ദുഃഖിതരെപ്പോലെയായിരുന്നെങ്കിലും നീ സദാ ആനന്ദിച്ചുകൊണ്ടിരുന്നു; ദരിദ്രയായിരുന്നെങ്കിലും അനേകരെ സമ്പന്നരാക്കുന്നു; ഒന്നുമില്ലാത്തവരെപ്പോലെയായിരുന്നെങ്കിലും നീ എല്ലാം ഉള്ളവളാകുന്നു. എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

www.malankaralibrary.com

# പരിശുദ്ധാത്മ നിറവിൽ
# സാർവത്രിക സഭാ സിനഡ്
# വത്തിക്കാനിൽ







Synod
2021
2024

For a synodal Church
communion | participation | mission

www.malankaralibrary.com

ക്രൈസ്തവ കാഹളം
നവംബർ 2024 വാല്യം 85 ലക്കം 11

# ഉള്ളടക്കം




രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത്
9446703056

കവർ & ലേഔട്ട്
Fingraph - 9387811920
fingraphtvm@gmail.com

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്,
പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം,
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്,
പട്ടം, തിരുവനന്തപുരം-4

എഡിറ്റോറിയൽ 5
പിതൃമൊഴി 6
യുവജനങ്ങൾ, പ്രത്യാശയുടെ തീർത്ഥാടകർ 9
മുനമ്പം, ചെറായി മേഖലയിലെ വഖഫ് അവകാശവാദങ്ങളും പൊളിഞ്ഞു വീഴുന്ന വാദഗതികളും 23
കേരള ക്രൈസ്തവ സമൂഹത്തിന്റെ പ്രതിസന്ധികൾക്ക് പരിഹാരം - ഐക്യത്തോടെയുള്ള മുന്നേറ്റം 28
ഹരിതഹൃദയൻ 34
സ്വർഗ്ഗീയ മന്ദഹാസം 37
സാർവത്രിക സഭയിലെ വേദപാരംഗതർ വി. അൽഫോൻസ് ലിഗൂരി 40
അധികാരം ദിവ്യമാണ്, അറിഞ്ഞുപയോഗിക്കണം 52
രത്തൻ പഠിപ്പിച്ച പാഠരത്നങ്ങൾ 57
ശ്റോഗോ ദ് ഉറ്ഹോ (വഴിവിളക്ക്) 59

www.malankaralibrary.com



എഡിറ്റോറിയൽ

## ഞങ്ങൾ യുവജനങ്ങൾ എഴുതുന്നത്...

സാർവ്വത്രിക സഭയിലെ യുവജനങ്ങളാണ് ഞങ്ങൾ. മലങ്കര കത്തോലിക്കാ സഭാ മക്കളാണ്. പുണ്യപിതാവായ മാർ ഇവാനിയോസ് തിരുമേനിയുടെ പ്രാർത്ഥനയിലും തീരുമാനത്തിലും ആവിർഭവിച്ച മലങ്കര പുനഃരൈക്യ പ്രസ്ഥാനത്തിന്റെ ഈ കാലഘട്ടത്തിലെ സാക്ഷികളാകുവാൻ വിളിയും നിയോഗവും ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിൽ ജീവിക്കുന്ന ഞങ്ങൾ ചുറ്റുപാടുകളെ നിരന്തരം വീക്ഷിക്കുന്നുണ്ട്. സാമൂഹിക മാധ്യമങ്ങളുടെ അതിപ്രസരത്തിന്റെ നടുവിൽ ജീവിക്കുമ്പോൾ അത് ഞങ്ങളുടേതടക്കം അനേകരുടെ ജീവിതത്തിൽ പുതിയ ആശയങ്ങളും പുത്തൻ നിലപാടുകളും നൽകുന്നുണ്ട്. ഇതെല്ലാം വേർതിരിച്ചെടുക്കുവാൻ പ്രാപ്തിയും ജാഗ്രതയും ഞങ്ങൾക്ക് ആവശ്യമുണ്ട്. സഭയോട് ചേർന്ന് നിൽക്കുമ്പോഴാണ് ഞങ്ങൾ നിരന്തരമായ ജാഗ്രത പുലർത്തുന്നത്. അനിയന്ത്രിതമായി വളരുന്ന മതനിരാസവും ദൈവത്തിലുള്ള അവിശ്വാസവും ഞങ്ങളെ ഭയപ്പെടുത്തുന്നു. ദൈവത്തെ നിരാകരിക്കുവാൻ ആദ്യപടിയായി കണ്ടിരിക്കുന്നത് സഭയെയും മതവിശ്വാസത്തെയും നിരാകരിക്കലാണ്. ബുദ്ധിപൂർവ്വമായ ഈ നുഴഞ്ഞുകയറ്റം ഞങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. സഭയുടെ പ്രബോധനങ്ങളെ തെറ്റായി വ്യാഖ്യാനിക്കുന്ന പുത്തൻ പ്രവണതകൾ ഞങ്ങൾ മനസ്സിലാക്കുന്നുണ്ട്. യുദ്ധത്തിന്റെയും തീവ്രവാദത്തിന്റെയും പേരിൽ ഒരു മതസമൂഹത്തോടും ആവശ്യമില്ലാത്ത അകൽച്ചയും വെറുപ്പും ഉണ്ടാക്കുന്ന സമീപനങ്ങളിൽ നിന്ന് ഞങ്ങൾ പിന്തിരിയും. കാരണം അത് കത്തോലിക്കാ സഭയുടെ നിലപാടല്ല. അത് കർത്താവിന് ഇഷ്ടവുമല്ല. സമൂഹത്തിൽ വളരുന്ന അനീതിയെ ഞങ്ങൾ ചൂണ്ടിക്കാണിക്കും. പക്ഷേ അത് തക്കം പോലെ, രാഷ്ട്രീയ യുവജന സംഘടനകൾ ചെയ്യുന്നതുപോലെ നാണം കെട്ട ഏർപ്പാടായിരിക്കില്ല. പ്രത്യയശാസ്ത്ര ദാരിദ്ര്യവും അധികാര ഭ്രമവും ഏൽപ്പിച്ച ജീർണ്ണതകളിൽ മുങ്ങിത്താഴുന്ന രാഷ്ട്രീയ യുവജന പ്രസ്ഥാനങ്ങൾ ഞങ്ങൾക്ക് ഒരിക്കലും മാതൃകയല്ല.

സഭയുടെ എല്ലാ വെല്ലുവിളികളും ദൈനംദിന വിഷയങ്ങളും സോഷ്യൽ മീഡിയായിലൂടെ പരിഹരിക്കാനാവുമെന്ന് ഞങ്ങൾ കരുതുന്നില്ല. മറ്റൊന്നും ചെയ്യാനില്ലാതെ സോഷ്യൽ മീഡിയായിൽ വന്നിരുന്ന് ഗീർവാണം മുഴക്കുന്ന ആളുകളെ കാണുമ്പോൾ ഞങ്ങൾക്ക് ലജ്ജ തോന്നും. സുവിശേഷത്തിന്റെ ശുശ്രൂഷ കേവലം അനുഷ്ഠാനങ്ങളാണെന്ന് തെറ്റിദ്ധരിച്ചിരിക്കുന്ന ആളുകളെ കാണുമ്പോൾ തമാശ തോന്നും. പള്ളിയിൽ കയറാത്തവർ ധൂപക്കുറ്റിയുടെ മണികൾ എണ്ണിയിരിക്കുന്നത് കാണുന്നത് ഒരു രസമാണ്. ഇവർക്ക് വേറൊരു പണിയുമില്ലേ എന്ന് തോന്നും. ചിലരുടെ സോഷ്യൽ മീഡിയ കണ്ടാൽ അവരാണ് സഭയെ താങ്ങി നിർത്തുന്നതെന്ന് തെറ്റിദ്ധരിക്കും.

www.malankaralibrary.com

എല്ലാവരെയും വെല്ലുവിളിക്കുന്നതും ഉരുളയ്ക്ക് ഉപ്പേരി പോലെ മറുപടി പറയുന്നതുമല്ല സഭയുടെ നിലപാടെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. സ്നേഹത്തിന്റെ സുവിശേഷവും കരുതലിന്റെ മനോഭാവവും ഈ കാലഘട്ടത്തിൽ എല്ലാവർക്കും നൽകുവാൻ മറ്റാരെക്കാളും ഉത്തരവാദിത്വം ഞങ്ങൾക്കുണ്ട്. വിഘടനത്തിന്റെയും അനാവശ്യ വിമർശനത്തിന്റെയും സമീപനമല്ല ഞങ്ങളുടേത്. പുണ്യപിതാവായ ധന്യൻ മാർ ഇവാനിയോസ് തിരുമേനി കാണിച്ചുതന്ന വഴി കലഹത്തിന്റേതല്ല, കോടതി വ്യവഹാരങ്ങളുടേതുമല്ല. വിശ്രമമില്ലാത്ത അധ്വാനത്തിന്റേതാണ്. ഇന്ന് നമുക്ക് കുറഞ്ഞുപോകുന്നത് ആ അധ്വാനവും പ്രാർത്ഥനയും, സമർപ്പണവുമാണ്. തിരികെ പിടിക്കേണ്ടതും അതാണ്. വിലകുറഞ്ഞ ചർച്ചകളും ആർക്കും പ്രയോജനമില്ലാത്ത പോസ്റ്റുകളും സോഷ്യൽ മീഡിയായിൽ ഉണ്ടാക്കുന്ന അനാവശ്യ ധാരണകളും ഞങ്ങൾ ഉപേക്ഷിക്കുന്നു. ഞങ്ങൾക്ക് വേറെ പണിയുണ്ട്. അത് ഈ വചനവർഷത്തിൽ ദൈവവചനം വായിക്കുന്നതിനും ധ്യാനിക്കുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനും ഉള്ള നിയോഗമാണ്. കാലാകാലങ്ങളിൽ പരിശുദ്ധ സുനഹദോസും, സഭാ തലവന്മാരും, സഭാ പിതാക്കന്മാരും, ഞങ്ങളുടെ മാതാപിതാക്കളും, ഞങ്ങളെ വിശ്വാസത്തിൽ കൈപിടിച്ച് വളർത്തുന്നവരും നൽകുന്ന പരിശുദ്ധാത്മാ പ്രചോദിതമായ പ്രബോധനങ്ങൾ ഞങ്ങൾ അഭംഗുരം പിന്തുടരും.

സഭയിലെ യുവജനങ്ങൾ മറ്റുള്ളവരെപ്പോലെയല്ല. ഞങ്ങൾ ചിന്തിക്കുന്നതും, പറയുന്നതും, പ്രവർത്തിക്കുന്നതും സഭയോട് ചേർന്നാണ്. സഭ ഞങ്ങളുടെ ജീവശ്വാസമാണ്. സഭയെ ഉപേക്ഷിക്കാൻ പഠിപ്പിക്കുന്നത് പിശാചിനെ സ്വീകരിക്കാൻ പഠിപ്പിക്കുന്നതിന് തുല്യമാണ്.



**റവ. ഫാ. ബോവസ് മാത്യു**
ഫോൺ: 9447661943
bovasmathew@gmail.com



www.malankaralibrary.com

പിതൃമൊഴി

# യുവത്വം: വിശ്വാസത്തോടെയുള്ള നടപ്പും പ്രതീക്ഷയോടെയുള്ള കാത്തിരിപ്പും

സഭയിൽ യുവജനങ്ങളുടെ പങ്ക് അതുല്യവും അമൂല്യവുമാണ്. അൽമായ സമൂഹത്തിന്റെ പക്വതയാർന്നതും ഉത്തരവാദിത്വ പൂർണവുമായ അസ്തിത്വത്തിലേക്കു വളരുന്ന കാലഘട്ടമെന്ന നിലയിൽ അവരുടെ സഭാശുശ്രൂഷകളിലുള്ള പങ്കാളിത്തവും പരിശീലനവും ഏറെ പ്രധാനപ്പെട്ടതാണ്.

സഭയിൽ അംഗമാവുക അല്ലെങ്കിൽ ദൈവജന കൂട്ടായ്മയുടെ ഭാഗമാവുക എന്നത് യാദൃശ്ചികമായ സംഭവിക്കുന്ന ഒന്നല്ല, മറിച്ച് ഒരു ദൈവവിളിയാണത്. കത്തോലിക്കാ മതബോധന ഗ്രന്ഥം ഇങ്ങനെ പഠിപ്പിക്കുന്നു: 'ഒരാൾ ദൈവജന കൂട്ടായമയുടെ അംഗമായിത്തീരുന്നത് ശാരീരികമായ ജനനം വഴിയല്ല, പിന്നെയോ ഉന്നതത്തിൽ നിന്നു ജനിച്ചുകൊണ്ടാണ്. ജലത്താലും ആത്മാവിനാലുമുള്ള ഒരു ജനനമാണത്. അതായത് ക്രിസ്തുവിലുള്ള വിശ്വാസം വഴിയും മാമ്മോദീസാ വഴിയുമാണ്' (CCC 782). അപ്രകാരം വിളി ലഭിച്ചിരിക്കുന്ന ഒരു ജനതയുടെ ഭാഗമെന്ന നിലയിൽ യുവജന സമൂഹം തങ്ങളുടെ അസ്തിത്വത്തിന്റെ മാഹാത്മ്യവും ദൗത്യവും തിരിച്ചറിയുക എന്നത് പ്രധാനമാണ്. ആ തിരിച്ചറിവാണ് അവരുടെ കർമപഥങ്ങളെയും പ്രവർത്തന ശൈലിയേയും പുനർനിർണയിക്കുന്നത്. കാലവും സമൂഹവും മുന്നോട്ടു വയ്ക്കുന്ന എല്ലാ ആശയങ്ങളും അതേപടി സ്വീകരിക്കുന്ന ഒരു ശൈലിയല്ല യുവതയുടെ മാനദണ്ഡം. മറിച്ച് കാലാതിവർത്തിയായ സുവിശേഷ മൂല്യങ്ങളുടെയും ധാർമികതയുടേയും മാനുഷിക മൂല്യങ്ങളുടെയും അടിസ്ഥാനത്തിലുള്ള ഒരു പരിശോധനയുടെ പശ്ചാത്തലത്തിലായിരിക്കണം മുന്നോട്ടുള്ള ഓരോ ചുവടും ക്രൈസ്തവ യുവത ഉറപ്പിക്കേണ്ടത്. ക്രിസ്തു നമ്മെ സ്നേഹിച്ചതു പോലെ സ്നേഹിക്കുക എന്നതായിരിക്കണം യുവതയുടെ പ്രമാണം. 'ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമാവുക' എന്നതാണ് അവരുടെ ദൗത്യം.



കോവിഡിനു ശേഷം ക്രൈസ്തവ സഭ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളാണ് യുവജനങ്ങളുടെ രാജ്യാന്തര കുടിയേറ്റവും വിശ്വാസരാഹിത്യവും. സ്വന്തം നാട്ടിൽ നിലയുറപ്പിക്കാൻ കഴിയില്ല എന്നൊരു ബോധ്യം യുവജനങ്ങളുടെ ഇടയിൽ രൂപപ്പെടുന്നതിന് പ്രാദേശിക രാഷ്ട്രീയ സാമൂഹ്യ സാഹചര്യങ്ങൾ ഒരു പരിധിവരെ കാരണമായിട്ടുണ്ട്. വേഗത്തിൽ ജീവിതത്തിൽ സുസ്ഥിതി നേടാനുള്ള കുറുക്കുവഴിയായും ചിലർ വിദേശ കുടിയേറ്റത്തെ കാണുന്നുണ്ട്. സമൂഹജീവിതത്തിന്റെ അടിസ്ഥാനമായ കുടുംബത്തിന്റെ രൂപീകരണം പോലും അത്ര പ്രധാനപ്പെട്ടതായി ചിലർ കരുതുന്നില്ല. സാംസ്കാരികമായ അപഭ്രംശങ്ങൾക്കും ആത്മീയമായ ആലസ്യ

www.malankaralibrary.com



ത്തിനും ഇത്തരം പ്രവണതകൾ വാതിൽ തുറക്കുന്നു. സത്യാനന്തര കാലഘട്ടത്തിൽ ജീവിക്കുന്ന ഇന്നത്തെ യുവതയ്ക്ക് സത്യം എന്നത് വ്യക്തിപരമാണ്. അവർ പറയുന്നതാണ് അവരെ സംബന്ധിച്ച് സത്യം. അപ്പോൾ നിതാന്ത സത്യമായ ദൈവത്തെ അവർ എങ്ങനെ ഉൾക്കൊള്ളും. വിശ്വാസരാഹിത്യത്തിന്റെ അടിവേരുകൾ തെളിയുന്നത് അവിടെയാണ്. അറിവിന്റെ തലത്തിൽ നിന്ന് അനുഭവത്തിന്റെ തലത്തിലേക്ക് വളരാത്ത വിശ്വാസം പ്രതിസന്ധികളിൽ ആരേയും കൈപിടിച്ചുയർത്തുകയില്ല.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന കൂട്ടായ്മയായ എം. സി. വൈ. എം. ഒരു സാമൂഹിക സംഘടനയോ പ്രസ്ഥാനമോ അല്ല. മറിച്ച്, അത് സഭയുടെ ഔദ്യോഗിക പ്രേഷിത സംഘടനയാണ്; യുവജനങ്ങളുടെ വിശ്വാസ പരിശീലന വേദിയാണിത്. അതുകൊണ്ട് എം.സി.വൈ.എം. പ്രവർത്തനങ്ങളിലൂടെ വിവിധ തലങ്ങളിൽ യുവജനങ്ങളുടെ വിശ്വാസ പരിശീലനം എത്രമാത്രം കാര്യക്ഷമമാണെന്ന് നാം കാലാകാലങ്ങളിൽ വിലയിരുത്തണം. സഭയെന്ന വിശ്വാസ ജീവിത വേദിയിൽ യുവജനങ്ങളെ ചേർത്ത് നിറുത്തി ക്രമമായ വിശ്വാസ ബോധ്യവും വിശ്വാസ വളർച്ചയും പ്രദാനം ചെയ്യാൻ യുവജന ശുശ്രൂഷയിൽ ഉൾചേർന്നിരിക്കുന്ന ഏവരേയും ഓർമപ്പെടുത്തുന്നു. യുവത്വത്തിന്റെ എല്ലാവിധമായ ശക്തിയും ബലഹീനതയും നാം അംഗീകരിച്ചുകൊണ്ടും, എന്നാൽ ക്രിസ്തീയ പ്രത്യാശയിൽ അടിയുറച്ചും സഭയിലെ ഒരാളുപോലും ഈ കൂട്ടായ്മയിൽ നിന്ന് വേറിട്ട് നിൽകാൻ ഇടനൽകാതെയും കാലോചിതമായ പരിശീലന പരിപാടികൾ നാം നടപ്പിലാക്കണം. ഇക്കാര്യത്തിൽ ഓരോ ഇടവകയിലും യുവജനങ്ങളും അവരുടെ മുതിർന്ന തലമുറയും തമ്മിലുള്ള ആരോഗ്യപരമായ സംവാദത്തിന് വേദിയൊരുക്കാൻ ഇടവക വികാരിമാരും മിഷണറിമാരും ഇടവക ഭരണസമിതി അംഗങ്ങളും പ്രത്യേകം താൽപര്യമെടുക്കണം. വ്യക്തിപരമായ ബോധ്യങ്ങളെക്കാളുപരി സഭ അനുശാസിക്കുന്ന യുവജന ശുശ്രൂഷ കാര്യക്ഷമമായി നടപ്പിലാക്കാൻ എല്ലാവരും പരിശ്രമിക്കണം. നാം സഭയായി സ്വീകരിക്കുന്ന അജപാലന സമീപനം ഉൾചേർക്കൽ (inclusive) ആയിരിക്കണം അല്ലാതെ ഒഴിവാക്കൽ (exclusive) ആയിരിക്കരുത്.

2024 വർഷത്തെ യുവജന പ്രവർത്തനങ്ങൾ നാം ഏകീകരിച്ചത് 'യുവജനങ്ങൾ പ്രത്യാശയുടെ തീർത്ഥാടകർ' എന്ന വിഷയത്തെ അടിസ്ഥാനമാക്കിയാണ്. നിരാശാജനകമായ അനുഭവങ്ങളിൽ സ്വത്വബോധം നഷ്ടപ്പെടുന്ന യുവജനങ്ങൾ നിരാശയിലേയ്ക്ക് വഴുതി വീഴുന്നത് സ്വാഭാവികമാണ്. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവന്റെ അല്ലെങ്കിൽ അവളുടെ സ്വത്വബോധം ക്രിസ്തുവിൽ മാത്രമേ കണ്ടെത്താൻ സാധിക്കുകയുള്ളൂ. നാം ആരാണെന്ന താത്വികമായ ചോദ്യത്തിന് കൃത്യമായ ഉത്തരം, ഓരോ മനുഷ്യനും മറ്റൊരു ക്രിസ്തുവല്ലാതെ (Alter Christus) മറ്റൊന്നുമല്ല എന്നതാണ്. ഓരോ മനുഷ്യനും ക്രിസ്തുവിന്റെ ഛായയിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ജീവിതത്തിൽ തങ്ങളുടെ സ്വത്വബോധം നഷ്ടമാകുന്ന യുവജനങ്ങൾ തീർച്ചയായും ക്രിസ്തുവിൽ തങ്ങളുടെ രൂപം കണ്ടെത്തണം. യുവത്വം ശൂന്യതയിലേക്കുള്ള എടുത്തുചാട്ടമല്ല, വിശ്വാസത്തോടെയുള്ള നടപ്പും പ്രതീക്ഷയോടെയുള്ള കാത്തിരിപ്പുമാണ്. നമ്മുടെ സഭാമക്കളായ യുവജനങ്ങളെ മറ്റുള്ള സംഘടനകളിൽ നിന്ന് വ്യത്യസ്തമാക്കുന്നതും അതുതന്നെയല്ലേ!

പുനരൈക്യ ശതാബ്ദിക്കായി നാം ഒരുങ്ങുന്ന ഈ കാലഘട്ടത്തിൽ വചനത്തിന്റെ ഉപാസകരായി മാറാനുള്ള ഒരു ഓർമപ്പെടുത്തൽ സഭ യുവജനങ്ങൾക്ക് നൽകുകയാണ്. ഒരു വർഷംകൊണ്ട് ബൈബിൾ നന്നായി വായിക്കുക, പഠിക്കുക, വിചിന്തനം ചെയ്യുക, പ്രാർത്ഥനയ്ക്ക് വിഷയമാക്കുക, സാക്ഷ്യം നൽകുക, പ്രവൃത്തിപഥത്തിൽ കൊണ്ടുവരിക. നിങ്ങളുടെ എല്ലാ സന്ദേഹങ്ങൾക്കുമുള്ള ഉത്തരം പരിശുദ്ധാത്മാവ് അതിൽ ഉൾച്ചേർത്തിട്ടുണ്ട്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ പരിശുദ്ധാത്മാവു നയിക്കുന്ന നവയുവത്വം നിങ്ങളിലൂടെ ആവിഷ്കൃതമാവുന്നതു കാണാൻ സഭ ആഗ്രഹിക്കുന്നു.

പ്രിയ മക്കളേ, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

നിങ്ങളുടെ പിതാവും സഹോദരനും

+Baselios Cleemis

**✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവ**

**മേജർ ആർച്ചുബിഷപ്-കാതോലിക്കോസ്**


www.malankaralibrary.com

കവർ സ്റ്റോറി

# യുവജനങ്ങൾ പ്രത്യാശയുടെ തീർത്ഥാടകർ



**റവ. ഡോ. പ്രഭീഷ് ജോർജ്ജ്**
ഡയറക്ടർ, സഭാതല എം.സി.വൈ.എം.

**ആമുഖം**

ദൈവം മനോഹരമായി സൃഷ്ടിച്ച ഈ ലോകത്തിന്റെ താളംതെറ്റിക്കുന്ന മഹാമാരികളും യുദ്ധകെടുതികളും പ്രകൃതിക്ഷോഭങ്ങളും മനുഷ്യ മനസ്സുകളിലുണ്ടാക്കുന്ന അനന്തരഫലങ്ങൾ പലപ്പോഴും നാം വിചാരിക്കുന്നതിനേക്കാൾ ഭീകരമാണ്. കോവിഡ്-19 മഹാമാരി സൃഷ്ടിച്ച ആഘാതത്തിൽ നിന്ന് ലോകം ഇതുവരെ പൂർണമായി വിമുക്തമായിട്ടില്ല. കോവിഡു കാലഘട്ടം മനുഷ്യഹൃദയങ്ങളിൽ നിറച്ച നിരാശയുടെ കാർമേഘം ഇനിയും നീങ്ങി പോയിട്ടില്ല എന്നതാണ് സത്യം. ഈ നിരാശ ഏറ്റവുമധികം ബാധിച്ചത് യുവമനസ്സുകളെയാണ്. ഈ പശ്ചാത്തലത്തിലാണ്, സഭയുടേയും സമൂഹത്തിന്റേയും പ്രത്യാശയായ യുവജനങ്ങൾ ഈ കാലഘട്ടത്തിൽ "പ്രത്യാശയിൽ സന്തോഷിക്കുന്ന" (റോമാ 12:12) തീർത്ഥാടകരായി തീരണമെന്ന് 2023 വർഷത്തിലെ 38-മത് ലോകയുവജനദിന സന്ദേശത്തിൽ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്യുന്നത്.

ക്രിസ്തീയ ജീവിതം ക്രിസ്തുവിൽ രൂഢമൂലമായതും പ്രത്യാശയിൽ നിലനിൽക്കുന്നതും സ്നേഹത്തിലും ഉപവിപ്രവർത്തികളിലും ജീവിക്കുന്നതാണ്. ഉത്ഥിതനായ ക്രിസ്തുവിൽ അടിസ്ഥാനപ്പെടുത്തിയിരിക്കുന്ന അത് മുഴുവൻ പ്രത്യാശാഭരിതമാണ്. ദൈവീക പുണ്യങ്ങളിൽ കാലിക

www.malankaralibrary.com





പ്രസക്തമായ ഒരു ദൈവീകപുണ്യമാണ് പ്രത്യാശ. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ 2024 വർഷത്തെ യുവജന പ്രവർത്തനങ്ങളുടെ ദർശനരേഖയായ പഠന വിഷയമാണ്: *യുവജനങ്ങൾ പ്രത്യാശയുടെ തീർത്ഥാടകർ.* അതിനർത്ഥം, സമകാലീന ലോകത്തിന് പ്രകാശം പകർന്നുകൊടുക്കേണ്ട യുവജനങ്ങളുടെ ഒന്നിച്ചുള്ള പ്രയാണം (സുന്നദോസ് ശൈലി) പ്രത്യാശാഭരിതമായിരിക്കണം. അവരുടെ ഒന്നിച്ചുള്ള തീർത്ഥാടനത്തിന്റെ ലക്ഷ്യം പ്രത്യാശ നിറഞ്ഞ സന്തോഷമായിരിക്കണം.

### 1. പ്രത്യാശയുടെ അടിസ്ഥാനം ക്രിസ്തുവാണ്

നാം ജീവിക്കുന്ന ലോകം സങ്കീർണവും വികാര സമ്മിശ്രവുമാണ്. ഒരു വശത്ത് യുവജനങ്ങളുടെ പ്രത്യാശകളെയും സ്വപ്നങ്ങളെയും പ്രചോദിപ്പിക്കുന്ന അനേകം മനോഹരമായ യാഥാർത്ഥ്യങ്ങളുണ്ട്: സൃഷ്ടപ്രപഞ്ചത്തിന്റെ സൗന്ദര്യം, സുഹൃത്തുക്കളും സ്നേഹിതരുമായുള്ള ബന്ധങ്ങൾ, സംസ്ക്കാരവും ശാസ്ത്രവും സാങ്കേതിക വിദ്യയുമായുള്ള കണ്ടുമുട്ടലുകൾ, നീതിക്കും സമാധാനത്തിനും സാഹോദര്യത്തിനും വേണ്ടിയുള്ള നമ്മുടെ പരിശ്രമങ്ങൾ, മുതലായവ. അതേസമയം മറുവശത്ത്, യുദ്ധങ്ങൾ, കലഹങ്ങൾ, അഴിമതി, ഭീഷണിപ്പെടുത്തലുകൾ, മറ്റുതരത്തിലുള്ള ബുദ്ധിമുട്ടുകൾ, മുതലായ അവരെ നിരാശയിലേയ്ക്കും ഭയത്തിലേയ്ക്കും വിഷാദത്തിലേയ്ക്കും (despair, fear and depression) തള്ളിയിടുന്ന കഠിനമായ ജീവിത അനുഭവങ്ങളുമുണ്ട്. വൈരുദ്ധ്യമാർന്ന ഈ ജീവിതാനുഭവങ്ങളാണ് 'പ്രത്യാശ എവിടെ?' എന്ന ചോദ്യം ഉയർത്താൻ യുവജനങ്ങളെ നിർബന്ധിക്കുന്നത്. സഹനത്തിന്റെ തീച്ചൂളയിലൂടെ കടന്നുപോയ ജോബ് ചോദിച്ച ഒരു ചോദ്യം ഇന്ന് പല യുവജനങ്ങളുടെയും ഉള്ളിൽ മുഴങ്ങുന്നുണ്ട്, "എന്റെ പ്രതീക്ഷ എവിടെ? എന്റെ പ്രത്യാശ ആരു കാണും?" (ജോബ് 17:15).

ജീവിതത്തിന്റെ ഇരുണ്ട ജയിലറകളിൽ ആയിരിക്കുന്ന അനുഭവം, പ്രത്യാശയുടെ പൊൻവെളിച്ചം തങ്ങളുടെ ജീവിതത്തിൽ ഒരിക്കലും പ്രകാശിക്കില്ല എന്ന ചിന്ത ഉണർത്തുന്നു. കഠിനമായ നിരാശയുടെ പ്രകടമായ അടയാളമാണ് യുവജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യകൾ. നാളെയെക്കുറിച്ചുള്ള പ്രത്യാശാഭരിതമായ സ്വപ്നം അവർക്ക് നഷ്ടമാകുമ്പോൾ, സ്വന്തം ജീവിതത്തെ അവസാനിപ്പിക്കാനുള്ള തീരുമാനത്തിൽ നമ്മുടെ യുവജനങ്ങൾ വളരെ വേഗം എത്തിച്ചേരുന്നു.

നിരാശയുടെ തീവ്രത നാം കൂടുതലായി അനുഭവിക്കുന്നത് ഏകാന്തതയിലാണ്: സംസാരിക്കാൻ

www.malankaralibrary.com



ആരുമില്ല; കേൾക്കാൻ ആരുമില്ല. ആൾക്കൂട്ടത്തിൽ ഒറ്റപ്പെട്ട അനുഭവം ശ്വാസം മുട്ടിക്കുന്ന നിരാശയിലേയ്ക്ക് നമ്മെ തള്ളിവിടും. ബനഡിക്ട് 16–ാമൻ മാർപാപ്പാ പറയുന്നു: "ദൈവം ഇപ്പോഴും എന്നെ ശ്രവിക്കുന്നു. എനിക്ക് ആരോടും സംസാരിക്കാൻ സാധിക്കാത്തപ്പോഴും, ആരെയും വിളിക്കാൻ സാധിക്കാത്തപ്പോഴും ദൈവത്തോട് എനിക്ക് സംസാരിക്കാൻ സാധിക്കും" (Pope Benedict XVI, *Spe Salvi*, 32). ഏതു സാഹചര്യത്തിലും എന്നെ കേൾക്കുന്ന, എന്നോട് സംസാരിക്കുന്ന ഒരു ദൈവം. എന്റെ ചിന്തകളുടേയും ഭാവനകളുടേയും അവസാനത്തിൽ എന്നെ കണ്ടുമുട്ടുന്ന ഒരു ദൈവം. ഇതാണ് നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനം.

പാപത്തിന്റെ അന്ധകാരത്തിൽ ഇരുളടഞ്ഞുപോയ ഒരു ലോകത്തിൽ പ്രത്യാശയുടെ പൊൻവെളിച്ചമായിട്ടാണ് ക്രിസ്തു പിറന്നത്. പൂർണ ദൈവവും പൂർണ മനുഷ്യനുമായ ക്രിസ്തു തന്നെയാണ് നമ്മുടെ ഹൃദയങ്ങളിൽ പ്രത്യാശയുടെ കിരണങ്ങൾ തൂകുന്നത്. നിരാശാ ജനകമായ ഏതു സാഹചര്യത്തേയും അനുഭവത്തേയും പരിവർത്തനപ്പെടുത്താൻ ശക്തനായ ക്രിസ്തു നമ്മിൽ നിറയ്ക്കുന്ന പ്രത്യാശ നിത്യമായ സന്തോഷം പ്രദാനം ചെയ്യുന്നു. അതുകൊണ്ടാണ് സഭ പഠിപ്പിക്കുന്നത്, ക്രിസ്തു തന്നെയാണ് നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനം എന്ന്.

ക്രിസ്തുവിൽ ലഭിക്കുന്ന പ്രത്യാശ സ്വന്തമാക്കണമെങ്കിൽ യുവജനങ്ങളുടെ ശ്രദ്ധ അവനിൽ തന്നെയായിരിക്കണം. ലോകത്തിന്റെ നാശത്തിലേയ്ക്കോ തിന്മയിലേയ്ക്കോ അല്ല നമ്മുടെ ദൃഷ്ടികൾ പതിയേണ്ടത്. പിന്നെയോ, എല്ലാറ്റിനേയും പരിവർത്തനപ്പെടുത്താൻ ശക്തനായ ക്രിസ്തുവിലായിരിക്കണം എപ്പോഴും നമ്മുടെ ശ്രദ്ധ. കാൽവരി മലമുകളിൽ അർപ്പിച്ച നിത്യബലിയിലൂടെ പാപത്തേയും മരണത്തേയും സാത്താനെയും വിജയിച്ച ക്രിസ്തുവിൽ സകല നിഷേധാത്മക അനുഭവങ്ങളേയും പരിവർത്തനപ്പെടുത്തുന്ന ശക്തിയുണ്ടെന്ന് നാം ഉറച്ചു വിശ്വസിക്കണം; ഇരുട്ടിന് കോട്ടക്കെട്ടുന്ന സകല കല്ലറകളെയും ഭേദിക്കാൻ ശക്തനായ ഒരു ദൈവം. അവൻ വിദൂരസ്ഥനല്ല, സമീപസ്ഥനാണ്. അവൻ ഇമ്മാനുവേലാണ്. അതുകൊണ്ട് ഫ്രാൻസിസ് മാർപാപ്പാ, തന്റെ സന്ദേശത്തിൽ, എല്ലാ യുവജനങ്ങളെ ഓർമപ്പെടുത്തുന്നു: "യുവജനങ്ങൾ വഹിക്കുന്ന കുരിശുകളുടെ മദ്ധ്യത്തിലും യേശു തന്റെ സാന്നിദ്ധ്യം അനുഭവവേദ്യമാക്കുന്നു; അവന്റെ സൗഹൃദവും, അവന്റെ ആശ്വാസവും അവന്റെ സൗഖ്യദായകമായ കൂട്ടായ്മയും അവർക്ക് വച്ചു നീട്ടുന്നു" (Christus Vivit, 83). യുവജനങ്ങൾ അഭിമുഖീകരിക്കുന്ന എല്ലാ സാഹചര്യങ്ങളിലും, അവ എത്ര ക്ലേശം നിറഞ്ഞതാണെങ്കിലും, ക്രിസ്തു നമ്മുടെ കൂടെയുണ്ട്, ഒരു സുഹൃത്തായി. അവിടുന്ന് നമ്മെ ആശ്വസിപ്പിക്കുകയും മുന്നോട്ടുള്ള പ്രയാണത്തിൽ നമ്മെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. നമ്മുടെ പ്രത്യാശ ഇതല്ലാതെ മറ്റൊന്നുമല്ല.



www.malankaralibrary.com





**2. പ്രത്യാശയുടെ പശ്ചാത്തലം പ്രാർത്ഥന**

ഉത്ഥിതനായ ക്രിസ്തുവിനെ കണ്ടുമുട്ടുന്നവർക്ക് മാത്രമേ പ്രത്യാശയുടെ അനുഭവത്തിൽ വളരാൻ സാധിക്കുകയുള്ളൂ. പ്രാർത്ഥനയിലാണ് ഉത്ഥിതനായ ക്രിസ്തുവിന്റെ ലോകത്തിലെ സജീവ സാന്നിധ്യം നാം തിരിച്ചറിയുന്നതും അനുഭവിക്കുന്നതും. പ്രത്യാശയുടെ പശ്ചാത്തലം എപ്പോഴും പ്രാർത്ഥനയാണ്. യഥാർത്ഥത്തിൽ, ഇക്കാരണത്താലാണ്, പ്രാത്ഥനയുടെ അസാന്നിധ്യത്തിൽ ഒരാൾക്ക് നിരാശയിൽ നിന്ന് പുറത്തു കടക്കാൻ സാധിക്കാത്തത്. ദൈവത്തേയും ദൈവീക കാര്യങ്ങളെയും ഉപേക്ഷിക്കുന്നവർക്ക് ക്രിസ്തുവിനെ കണ്ടെത്താനോ പ്രതിസന്ധികളെ പ്രത്യാശാഭരിതമായി തരണം ചെയ്യാനോ സാധിക്കുകയില്ല. ഈ കാലഘട്ടത്തിലെ യുവജനങ്ങൾ കടുത്ത നിരാശയിലേയ്ക്ക് വഴുതി വീഴാനുള്ള കാരണവും പ്രാർത്ഥനാ ജീവിതത്തിന്റെ അഭാവം തന്നെയാണ്.

നമ്മുടെ ഇടവക ദൈവാലയത്തിലും അതുപോലെ, ഭവനങ്ങളിലും നമുക്ക് സമൂഹ പ്രാർത്ഥന ഉണ്ടായിരിക്കും, എന്നാൽ, വ്യക്തിപരമായ പ്രാർത്ഥന നമുക്കുണ്ടോ? അത് ക്രിസ്തുവും ഞാനും തമ്മിലുള്ള സംഭാഷണമാണ്. യഥാർത്ഥത്തിൽ, സമൂഹ പ്രാർത്ഥനയോടൊപ്പം വ്യക്തിപരമായ പ്രാർത്ഥനയും നടക്കുമ്പോൾ മാത്രമേ ആത്മീക ബോധ്യങ്ങൾ രൂപപ്പെടുകയുള്ളൂ. നാം ഓർക്കേണ്ട കാര്യം എന്തെന്നാൽ, ജീവിതത്തിലെ ഭൂരിഭാഗം പ്രതിസന്ധികളും വ്യക്തിപരമായതിനാൽ അതിനെ അഭിമുഖീകരിക്കേണ്ടത് ഓരോ വ്യക്തിയുമാണ്, എന്നാൽ ആത്മീക ബോധ്യത്തോടുകൂടിയായിരിക്കണം. ഏതൊരു വെല്ലുവിളി നിറഞ്ഞ സാഹചര്യത്തേയും അഭിമുഖീകരിക്കാൻ സഹായിക്കുന്നതും നിരാശയുടെ ഏതൊരു അനുഭവത്തേയും പ്രത്യാശയും സന്തോഷവുമായി പരിവർത്തനപ്പെടുത്താൻ നമ്മെ ശക്തരാക്കുന്നതും പ്രാർത്ഥനയിൽ പരിപോഷിപ്പിക്കപ്പെടുന്ന ക്രിസ്തുവുമായുള്ള സ്നേഹബന്ധമാണ്. ദൗർഭാഗ്യവശാൽ, പുതിയ തലമുറയിലെ ജനങ്ങൾ നിശബ്ദയുടേയും വ്യക്തിപരമായ പ്രാർത്ഥനയുടേയും ജീവിതത്തിൽ നിന്ന് വളരെ എളുപ്പത്തിൽ വ്യതിചലിക്കപ്പെടുന്നത്. അതുകൊണ്ട്, ഓരോ ദിവസവും വ്യക്തിപരമായ ആത്മീയ അഭ്യാസങ്ങളിലൂടെ നമ്മുടെ കർത്താവായ യേശുക്രിസ്തുവായി വ്യക്തിപരമായ ഒരു ബന്ധം കെട്ടിപ്പടുക്കാൻ നാം സമയം കണ്ടെത്തണം.

www.malankaralibrary.com






### 3. ക്രിസ്തുവിൽ നമ്മെ കണ്ടെത്തുക

പ്രത്യാശയിൽ സന്തോഷിക്കാൻ, ഓരോ വ്യക്തിയും ക്രിസ്തുവിനെ വ്യക്തിപരമായി കണ്ടുമുട്ടണം. ആൾക്കൂട്ടത്തിൽ ഒഴുകിയാൽ ചിലപ്പോൾ ബോധ്യങ്ങൾ കുറഞ്ഞുപോകാനിടയുണ്ട്. ഈ കണ്ടുമുട്ടൽ ക്രിസ്തുവിനെ കണ്ടുമുട്ടൽ മാത്രമല്ല, പിന്നെയോ, ക്രിസ്തുവിൽ നമ്മെ കണ്ടെത്തുന്ന ഒരു പ്രക്രിയകൂടിയാണ്. അനേകം യുവജനങ്ങൾ ക്രിസ്തുവിനെ കണ്ടുമുട്ടിയിട്ടുണ്ടെങ്കിലും ക്രിസ്തുവിൽ തങ്ങളെ കണ്ടെത്താതെ തങ്ങളുടെ പഴയ ജീവിതത്തിലേയ്ക്ക് തിരിച്ചു പോകുന്നത് നാം കാണുന്നുണ്ട്. ക്രിസ്തുവിന്റെ പരസ്യജീവിത കാലഘട്ടത്തിൽ ക്രിസ്തുവിനെ കണ്ടുമുട്ടിയ ധനികനായ യുവാവിനെക്കുറിച്ച് നാം സുവിശേഷങ്ങളിൽ വായിക്കുന്നുണ്ട് (മത്താ 19:16-30). ക്രിസ്തുവിൽ സ്വയം കണ്ടെത്താൻ വിമുഖത കാട്ടിയ അവൻ ജീവിതത്തെ പരിവർത്തനപ്പെടുത്താവുന്ന കണ്ടുമുട്ടലിൽ നിന്നും തിരികെ നടന്നു. അവൻ ജീവിതത്തിൽ അമൂല്യമെന്ന് വിലകൽപിച്ച് കരുതിയ സമ്പത്തിനെക്കാളും അവന് വിലയുണ്ടെന്ന് ക്രിസ്തു പറഞ്ഞപ്പോൾ ആ സത്യം ഉൾക്കൊള്ളാൻ ആ യുവാവിന് സാധിച്ചില്ല. ജീവിതത്തിലെ വിലകെട്ടതിനെ ഉപേക്ഷിക്കാനുള്ള യേശുവിന്റെ വിലയേറിയ വചനം, സത്യത്തിൽ, അവൻ തൃണവത്ഗണിച്ചു. ഇത്തരം പ്രലോഭനങ്ങൾക്ക് യുവജനങ്ങൾ ഇന്നും വശംവദരാകുന്നുണ്ട്.

പാപത്തിന്റെ കളങ്കമേശാതെ പൂർണമനുഷ്യനായി ഈ ലോകത്തിൽ ജീവിച്ച ഏക വ്യക്തി പൂർണദൈവമായ ക്രിസ്തുവാണ്. നാം യഥാർത്ഥ മനുഷ്യനെ കണ്ടെത്തുന്നത് ക്രിസ്തുവിലാണ്. അതായത്, പാപസാഹചര്യത്തിൽ ജീവിക്കുന്ന മനുഷ്യന് അവന്റെ സ്വത്വം തിരിച്ചറിയൻ ക്രിസ്തുവിലേയ്ക്ക് നോക്കണം. നാം നമ്മെ ക്രിസ്തുവിൽ കണ്ടെത്തണം. നാം ആരാണെന്ന താത്വികമായ ചോദ്യത്തിന് കൃത്യമായ ഉത്തരം, ഓരോ മനുഷ്യനും മറ്റൊരു ക്രിസ്തുവല്ലാതെ (Alter Christus) മറ്റൊന്നുമല്ല, അതിനർത്ഥം ഓരോ മനുഷ്യനും ക്രിസ്തുവിന്റെ ഛായയിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഇത് അല്പം കൂടി ആഴത്തിൽ ചിന്തിക്കുമ്പോൾ മനസ്സിലാകും, മറ്റൊരു ക്രിസ്തു, ക്രിസ്തു തന്നെയാണ് (Alter Christus ipse Christus) എന്ന്. സത്യത്തിൽ ദൈവം ക്രിസ്തുവിൽ നമ്മെ അവിടുത്തെ പുത്രരായി തെരഞ്ഞെടുത്തു (എഫേ 1:3-4). ജീവിതത്തിൽ തങ്ങളുടെ സ്വത്വബോധം

www.malankaralibrary.com



നഷ്ടമാകുന്ന യുവജനങ്ങൾ തീർച്ചയായും ക്രിസ്തുവിൽ തങ്ങളുടെ രൂപം കണ്ടെത്തണം. അതിന് ക്രിസ്തുവിലേയ്ക്ക് മടങ്ങാൻ തയ്യാറാകണം.

**4. പ്രത്യാശ പുതിയ സൃഷ്ടിയാകാനുള്ള വിളി**

ക്രിസ്തുവിൽ സ്വയം കണ്ടെത്തുന്ന ഒരു വ്യക്തിക്ക് പുതിയ സൃഷ്ടിയാകാതിരിക്കാൻ സാധ്യമല്ല. ഒരാൾ ക്രിസ്തുവിനെ നോക്കുമ്പോഴെല്ലാം, ഞാൻ എന്ത് ആയിരിക്കുന്നു എന്നതും ഞാൻ എന്താണ് ആയിരിക്കേണ്ടതും തമ്മിലുള്ള വിടവ് അവൻ/ അവൾ കണ്ടെത്തുന്നു. യഥാർത്ഥത്തിൽ, ഇത് ക്രിസ്തുവിലുള്ള നമ്മുടെ സ്വയം കണ്ടെത്തലാണ്. ഈ തിരിച്ചറിവ് സ്വയപരിവർത്തനത്തിനുള്ള ആദ്യചവിട്ടുപടിയാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, സ്വയം പരിവർത്തന വിധേയമാകാൻ മനസ്സുള്ളവർക്ക് മാത്രമേ ക്രിസ്തുവിൽ തങ്ങളെ തന്നെ കണ്ടെത്താൻ സാധിക്കുകയുള്ളൂ. അതായത്, ഒരു സമൂലമായ പരിവർത്തനം സ്വന്തം ജീവിതക്രമത്തിൽ അനിവാര്യമാണെന്ന് തിരിച്ചറിഞ്ഞിട്ടും അത് അംഗീകരിക്കാൻ പറ്റാത്തവരാണ് പഴയ ജീവിതത്തിലേയ്ക്ക് തിരികെ നടക്കുന്നത്.

നഷ്ടബോധത്താൽ തിരികെ നടക്കുന്നവരല്ല, പ്രത്യാശയോടെ മുന്നോട്ട് പ്രയാണം ചെയ്യുന്നവരാണ് പ്രത്യാശയുടെ പ്രവാചകന്മാരായി തീരുന്നത്. അവരാണ് സമൂഹത്തിന് പ്രത്യാശ നൽകുന്നത്. സഭാചരിത്രത്തിൽ തങ്ങളുടെ ജീവിത ചുറ്റുപാടിൽ പ്രത്യാശയുടെ വെളിച്ചം പകർന്നുകൊടുത്ത അനേകരെ നമുക്ക് കാണാൻ സാധിക്കും. ആധുനിക കാലഘട്ടചരിത്രത്തിൽ ലോകം മുഴുവൻ ആദരിച്ച കൽക്കത്തയിലെ മദർ തെരേസ നിരാശയുടെ അന്ധകാരത്തിൽ പ്രത്യാശയുടെ ചെറുദീപമായി ജ്വലിച്ച നക്ഷത്രമായിരുന്നു. യുവത്വത്തിലായിരുന്ന ആ പെൺകുട്ടിയുടെ ചുറ്റിലുമുണ്ടായിരുന്നത് പിറക്കാനുള്ള അവകാശം നിഷേധിച്ച ഗർഭപാത്രങ്ങളും, മാതാപിതാക്കളുടെ സ്നേഹത്തിൽ ഇടം കിട്ടാതെ പോയ അനാഥ ബാല്യങ്ങളും, തെരുവീഥികളിൽ തളർന്നുവീണ വാർദ്ധക്യങ്ങളും – അവ അവളുടെ ഉള്ളിൽ നിരാശ മാത്രം നിറയ്ക്കാൻ മതിയായ ജീവിത യാഥാർത്ഥ്യങ്ങളായിരുന്നു. ഒരു പക്ഷേ, അവൾ അതിൽമാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു എങ്കിൽ അവളും നിരാശയുടെ അന്ധകാരത്തിൽ വീണുപോകുമായിരുന്നു. എന്നാൽ അവളുടെ ശ്രദ്ധ പതിഞ്ഞത് അൾത്താരയിൽ അനുദിനം മുറിയുന്ന ക്രിസ്തുവിലായിരുന്നു. മൗനമായ പ്രാർത്ഥനയിൽ ക്രിസ്തുവിൽ തന്നെതന്നെ അവൾ കണ്ടെത്തി. നിരാശയുടെ അന്ധകാരത്തിൽ പ്രത്യാശയുടെ ഒരു ദീപമായി തീരാനുള്ള



www.malankaralibrary.com



'വിളിക്കുള്ളിലെ വിളി' അവൾ തിരിച്ചറിഞ്ഞു. അതുമുതൽ കൊൽക്കത്തയുടെ ഇരുൾമൂടിയ തെരുവോരങ്ങളിൽ, അനേകം ജീവിതങ്ങളിൽ പ്രത്യാശയുടെ സന്തോഷം വിതറിക്കൊണ്ട്, അവൾ നടത്തിയത് പ്രത്യാശയുടെ തീർത്ഥാടനമായിരുന്നു. ഇതാണ് ക്രിസ്തുവിൽ പുതിയ സൃഷ്ടിയാകുക എന്നു പറയുന്നത്.

### *5. പ്രത്യാശയിൽ സന്തോഷിക്കുവിൻ* (റോമാ 12:12)

ക്രിസ്തുവിൽ ആരംഭിക്കുന്ന പുതിയ ജീവിതക്രമത്തിൽ നാം അനുവർത്തിക്കേണ്ട ജീവിതശൈലിയെക്കുറിച്ച് റോമായിലെ സഭയ്ക്ക് വി. പൗലോസ് അപ്പസ്തോലൻ നൽകുന്ന പ്രബോധനമാണ് റോമാക്കാർക്ക് എഴുതിയ ലേഖനത്തിലെ 12-ാം അദ്ധ്യായത്തിന്റെ ഇതിവൃത്തം. നാം ആയിരിക്കുന്ന ജീവിതം അത് ദൈവം നമ്മോട് കാണിച്ച കാരുണ്യമാണ്. ഈ ദൈവീകകാരുണ്യം അനുസ്മരിച്ചുകൊണ്ട് ലോകത്തിന് അനുരൂപപ്പെടാത്ത ഒരു ജീവിതം നാം നയിക്കണം. ഈ പ്രബോധനത്തിൽ നാം കാണുന്നത്, ലോകസുഖത്തിൽ മുഴുകിയിരിക്കുന്ന ഒരു ജീവിതം ദൈവത്തിന് പ്രീതികരമാകണമെന്നില്ല എന്ന പൗലോസിന്റെ ബോധ്യമാണ്: "നിങ്ങൾ ലോകത്തിന് അനുരൂപരാകരുത്; പ്രത്യുത, നിങ്ങളുടെ മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ" (റോമാ 12:2). ലോകത്തോട് അനുരൂപപ്പെടാനുള്ള പ്രലോഭനത്തെ അതിജീവിക്കുന്നവർക്ക് മാത്രമേ സ്വർഗത്തിന്റെ ആനന്ദം അനുഭവിക്കാൻ സാധിക്കുകയുള്ളൂ. പ്രത്യാശയിൽ സന്തോഷിക്കാൻ, നിരാശയിലേയ്ക്കും നഷ്ടബോധത്തിലേയ്ക്കും നമ്മെ തള്ളിയിടുന്ന ജഢീക ശക്തിക്കെതിരെ നാം നിരന്തരം നിലക്കൊള്ളണം.

വിശ്വാസത്തെ പ്രതി ക്രൂരമായ പീഢനങ്ങൾക്ക് വിധേമായ ഒരു സഭാസമൂഹത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടാണ് ഈ പ്രബോധനം വി. പൗലോസ് റോമായിലെ സഭയ്ക്ക് നൽകുന്നത്. മാനുഷികമായ രീതിയിൽ ചിന്തിക്കുമ്പോൾ ശരീരം നുറുങ്ങുന്നതും മരണത്തെ മുഖാമുഖം കാണുന്നതുമായ പീഢനങ്ങളിലൂടെ കടന്നുപോകുമ്പോൾ, എവിടെയാണ് യാഥാർത്ഥമായ സന്തോഷം? എന്ന ചോദ്യം അവരുടെ ഹൃദയങ്ങളിൽ അലയടിക്കുന്നത് സ്വാഭാവികമാണ്. അതിന് അദ്ദേഹം നൽകുന്ന ഉത്തരമാണ് "പ്രത്യാശയിൽ സന്തോഷിക്കുവിൻ." 2011 - ൽ സ്പെയിനിലെ മാഡ്രിഡിൽ ഒന്നിച്ചുകൂടിയ യുവജനങ്ങളെ അഭിസംബോധന ചെയ്ത അവസരത്തിൽ ബനഡിക്ട് പതിനാറാമൻ പാപ്പാ ഇതേ ചോദ്യം യുവജനങ്ങളോട് ചോദിച്ചു: "എവിടെ



www.malankaralibrary.com






യിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന എന്റെ വില നിർണയിക്കാൻ സാധിക്കുമോ? എന്റെ വില നിർണയിക്കുന്നത് എന്താണ്? ഞാൻ ഉപയോഗിക്കുന്ന ഒരു സ്മാർട്ട് ഫോണാണോ? അതോ, ഞാൻ ഓടിക്കുന്ന ഒരു ബൈക്കോ കാറോ ആണോ? ഉത്തരം 'അതെ' ആണെങ്കിൽ, അത്തരം സാധനങ്ങൾ കിട്ടാതെ വരുമ്പോഴോ, നഷ്ടപ്പെടുമ്പോഴോ വലിയ നിരാശബോധം യുവജനങ്ങളുടെ ഉള്ളിൽ നിറയും. ഭൗതീക വസ്തുക്കൾക്ക് വേണ്ടി അവരുടെ മാതാപിതാക്കളോട് കലഹിക്കുകയും ജീവൻ അവസാനിപ്പിക്കുകയും ചെയ്യുന്ന യുവജനങ്ങൾ അവരുടെ ജീവനെ അവർ എന്തിനുവേണ്ടി മരിക്കാൻ ആഗ്രഹിക്കുന്നുവോ ആ ഭൗതീക വസ്തുക്കളേക്കാൾ വില കുറച്ചു കാണുന്നവരാണ്. സ്നേഹിക്കുന്നവരിൽ നിന്ന് സ്നേഹം കിട്ടാതെ വരുമ്പോഴും അവരെ എന്നന്നേയ്ക്കുമായി നഷ്ടമാകുമ്പോഴും ആ കാരണത്താൽ, സ്വന്തം ജീവിതത്തോട് 'നോ' പറയുമ്പോൾ അവരെ വിലയേറിയതായി സ്നേഹിച്ച മാതാപിതാക്കളുടേയും സഹോദരങ്ങളുടേയും ഹൃദയത്തിൽ ഒരിക്കലും ഉണങ്ങാത്ത നൊമ്പരങ്ങൾ യുവജനങ്ങൾ കോരിയിടുകയാണ് ചെയ്യുന്നത്. യഥാർത്ഥത്തിൽ, അത്തരം യുവജനങ്ങളുടെ ഉള്ളിലെ പ്രത്യാശയുടെ നുറുങ്ങുവെട്ടം മങ്ങിപ്പോയി എന്നതാണ് സത്യം. യുവജനങ്ങൾ നിരന്തരം തങ്ങളോട് തന്നെ ചോദിക്കണം, ആവശ്യങ്ങൾക്ക് മാത്രമായി എന്നെ സ്നേഹിക്കുന്നവർക്ക് എന്റെ വില നിശ്ചയിക്കാൻ സാധിക്കുമോ? പരിധികളും വ്യവസ്ഥകളും കൂടാതെ എന്നെ സ്നേഹിക്കാൻ അവർക്കാകുമോ? അത്തരം സ്നേഹം ലഭിക്കാതെ വരുമ്പോൾ അവസാനിക്കേണ്ടതാണോ എന്റെ ജീവിതം?

ഞാൻ എന്ന വ്യക്തിയെ പൂർണമായി വിലമതിക്കുന്നതും പൂർണതയിൽ സ്നേഹിക്കുന്നതും



നിന്നാണ് സന്തോഷം വരുന്നത്? എങ്ങനെ ഇത് വിവരിക്കും?" പാപ്പാ നൽകിയ ഉത്തരവും വളരെ വ്യക്തമാണ്. "തീർച്ചയായും, പല കാര്യങ്ങളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ, വിശ്വാസത്തിൽ അടിസ്ഥിതമായ ഈ ഉറപ്പാണ് വളരെ നിർണായകമായ ഒന്ന്; ഞാൻ ആവശ്യമുള്ളവനാണ്. ചരിത്രത്തിൽ എനിക്ക് ഒരു നിയോഗമുണ്ട്. ഞാൻ സ്വീകരിക്കപ്പെട്ടു, ഞാൻ സ്നേഹിക്കപ്പെട്ടു." എനിക്ക് ഈ ലോകത്തിൽ നിവർത്തിയാക്കാൻ ഒരു നിയോഗമുണ്ടെന്ന തിരിച്ചറിവ് ഞാൻ എന്ന വ്യക്തിയുടെ നിലനിൽപ് മറ്റുള്ളവരുടേയും ആവശ്യമാണെന്ന ബോധ്യത്തിലേയ്ക്ക് എന്നെ നയിക്കുന്നു. ഏതു സാഹചര്യത്തിലും ഞാൻ ഈ ലോകത്തിൽ ഉണ്ടായിരിക്കണം എന്നത് ഓരോരുത്തരും ഹൃദയത്തിൽ സൂക്ഷിക്കേണ്ട പ്രത്യാശയാണ്.

ഞാൻ ആവശ്യമില്ലാത്തവനല്ല. ഞാൻ ഈ ലോകത്തിൽ ആയിരിക്കുന്നത് ആകസ്മികമായിട്ടല്ല; മറിച്ച്, ദൈവപദ്ധതിയുടെ ഭാഗമായിട്ടാണ്. ദൈവത്തിന്, എന്റെ സഹോദരങ്ങൾക്ക്, എന്റെ സുഹൃത്തുക്കൾക്ക്, എന്റെ സഹപാഠികൾക്ക്, എന്റെ സഹപ്രവർത്തകർക്ക്, എന്റെ അയല്പക്കക്കാർക്ക്, ഞാൻ കണ്ടുമുട്ടുന്ന എല്ലാവർക്കും എന്നെ ആവശ്യമുണ്ട്. ഞാൻ മറ്റുള്ളവർക്ക് സ്വീകാര്യനും മറ്റുള്ളവരാൽ സ്നേഹിക്കപ്പെടുന്നവനുമാകുമ്പോൾ എന്നിൽ നിറയുന്ന സന്തോഷമാണ് പ്രത്യാശയിലെ സന്തോഷം. ചുരുക്കത്തിൽ, ഞാൻ വിലമതിക്കപ്പെടുമ്പോഴാണ് എന്നിലെ സന്തോഷം പൂർണമാകുന്നത്.

### 6. സ്നേഹത്തിൽ വിരിയുന്ന പ്രത്യാശ

ഈ ലോകത്തിലെ വ്യക്തികൾക്കോ, സാധനങ്ങൾക്കോ സംഭവങ്ങൾക്കോ ദൈവത്തിന്റെ ഛായ

www.malankaralibrary.com





ക്രിസ്തുവാണ്. അതുകൊണ്ടാണ് "അറിവിനെ അതിശയിക്കുന്ന ക്രിസ്തുവിന്റെ സ്നേഹ"ത്തെക്കുറിച്ച് (എഫേ 3:19) എഫേസോസുകാരോട് പൗലോസ് അപ്പസ്തോലൻ വാചാലമായി സംസാരിക്കുന്നത്. യഥാർത്ഥമായ സന്തോഷം മുളപൊട്ടുന്നത് പരിശുദ്ധമായ സ്നേഹത്തിൽ നിന്നാണ്. സ്നേഹമില്ലാത്ത ബന്ധങ്ങളിലും അനുഭവങ്ങളിലും സന്തോഷം അപൂർണമായിരിക്കും. എന്നെ സ്നേഹിക്കുന്നവർക്ക് മാത്രമേ എന്റെ വില മനസിലാകൂ. എന്നെ വില കല്പിക്കുന്നവർക്ക് എന്നെ വ്യവസ്ഥകളില്ലാതെ സ്നേഹിക്കാൻ സാധിക്കും. അവിടെ നാം അനുഭവിക്കുന്നതാണ് യഥാർത്ഥമായ സന്തോഷം.

സ്നേഹത്തിൽ കുറവ് വരുമ്പോൾ എന്നെക്കുറിച്ചുള്ള മറ്റുള്ളവരുടെ വിലയിരുത്തലും തരംതാണുപോകും എന്നത് സ്വാഭാവികമാണ്. വ്യവസ്ഥകളില്ലാതെ എന്നെ അംഗീകരിക്കാനും സ്നേഹിക്കാനും സാധിക്കുന്നത് ദൈവത്തിനു മാത്രമാണ്. ഇക്കാരണത്താലാണ്, ദൈവസ്നേഹമാണ് എന്റെ പ്രത്യാശയുടെയും സ്നേഹത്തിന്റേയും അടിസ്ഥാനമെന്ന് നാം പറയുന്നത്. ഇത് ലോകത്തിന്റെ അറിവല്ല. വിശ്വാസത്തിൽ നാം തിരിച്ചറിയുന്ന ജീവിതബോധ്യമാണ്. "ആത്യന്തികമായി, വ്യവസ്ഥകളില്ലാതെ സ്വീകരിക്കപ്പെടുന്നു എന്ന ബോധ്യം നമുക്ക് ആവശ്യമാണ്. ദൈവം എന്നെ അംഗീകരിക്കുമ്പോഴും അതിനെക്കുറിച്ച് ഞാൻ ബോധ്യപ്പെടുമ്പോഴും മാത്രമേ, ഞാൻ തീർച്ചയായും അറിയുന്നു, ഞാൻ നിലനിൽക്കുന്നത് നല്ലതാണ്... മനുഷ്യനായിരിക്കുന്നത് നല്ലതാണ്, ക്ലേശതയുടെ അവസരത്തിൽപോലും. വിശ്വാസം ഒരാളെ ആന്തരികമായ ആഴത്തിൽ നിന്ന് സന്തോഷഭരിതനാക്കുന്നു." (*Pope Benedict XVI, Address to the Roman Curia*, 22 December 2011). ചുരുക്കത്തിൽ, നിരാശയുടേയും പ്രത്യാശയുടേയും വൈവിധ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന അനുദിന ജീവിതത്തിൽ നമ്മുടെ ഉള്ളിൽ ആഴത്തിൽ നാം അനുഭവിക്കുന്ന സന്തോഷത്തിന്റെ ഉറവിടം ക്രിസ്തുവല്ലാതെ, മറ്റാരുമല്ല.

### 7. പ്രതിസന്ധികളെ അതിലംഘിക്കുന്ന പ്രത്യാശ

വിവിധങ്ങളായ ജീവിത അനുഭവങ്ങളിലൂടെ ഒരു വ്യക്തി കടന്നുപോകുമ്പോൾ, എവിടെയാണ് ജീവിതത്തിന്റെ മനോഹാരിത? ഞാൻ അനുഭവിക്കുന്ന ജീവിതാനുഭവങ്ങളിൽ തീരുന്നതാണോ ഈ ലോകത്തിലെ എന്റെ ജീവിതം? എന്റെ ജീവിതത്തിന്റെ ലക്ഷ്യം ഏതെങ്കിലും പ്രതിസന്ധിഘട്ടങ്ങളിലോ നിഷേധാത്മക അനുഭവങ്ങളിലോ അവസാനിക്കുന്നതാണോ? ലോകത്തിന്റെ കണ്ണുകളിലൂടെ നോക്കുന്നവർക്കല്ല, മറിച്ച് പ്രത്യാശയുടെ മിഴികളിലൂടെ നോക്കുന്നവർക്കാണ് ജീവിതത്തിന്റെ സൗന്ദര്യം ആസ്വദിക്കാൻ സാധിക്കുക. അതായത്,

www.malankaralibrary.com



നാം കടന്നുപോകുന്ന എല്ലാ ജീവിത യാഥാർത്ഥ്യങ്ങളെയും ദൈവപദ്ധതിയുടെ ഭാഗമായി നാം കാണുമ്പോൾ നമുക്ക് മനസ്സിലാകും, തിന്മയുടെ അനുഭവങ്ങളിൽ നിന്നുപോലും നന്മയും സന്തോഷവും ഉളവാക്കുന്ന ഒരു ദൈവം നമ്മുടെ കൂടെയുണ്ട് എന്ന വിശ്വാസസത്യം. എത്ര വലിയ നിരാശയുളവാക്കുന്ന ഏതു പ്രതിസന്ധിയേയും തരണം ചെയ്യാൻ നമ്മെ സഹായിക്കുന്നത് നമ്മുടെ വിശ്വാസ ജീവിതത്തിന്റെ ഈ അടിസ്ഥാന ബോധ്യമാണ്.

### 8. പ്രത്യാശ ഒരു തീർത്ഥാടനം

പ്രിയ യുവജനങ്ങളെ, നമ്മുടെ ഒന്നിച്ചുള്ള ഈ യാത്ര പിന്നിലേയ്ക്കല്ല, മുന്നിലേയ്ക്കാണ്. പ്രത്യാശനിറഞ്ഞ പുതിയ പ്രഭാതങ്ങളിലേയ്ക്കുള്ള പ്രയാണമാണത്. അനുദിന ജീവിതത്തിൽ നാം കണ്ടുമുട്ടുന്ന അനേകം ജീവിതങ്ങൾ പറയുന്ന കഥകളിൽ നിരാശയുടെയും വേദനയുടെയും തകർച്ചയുടെയും അനുഭവങ്ങളുണ്ട്. എന്നാൽ, ഉത്ഥാനത്തിന്റെ കഥ പറയുന്നത് സന്തോഷത്തിന്റേയും പ്രത്യാശയുടേയും അനുഭവങ്ങളാണ്. ക്രിസ്തുവിനെ കണ്ടുമുട്ടുമ്പോൾ നാം അനുഭവിക്കുന്ന സന്തോഷം നമ്മെ പരിവർത്തനപ്പെടുത്തും. അങ്ങനെ, നമ്മുടെ ചുറ്റുപാടുകളെ പ്രത്യാശയുടെ സന്തോഷംകൊണ്ട് നിറയ്ക്കാൻ നമുക്ക് സാധിക്കും. ഇതൊരു തീർത്ഥാടനമാണ്; പ്രത്യാശയിലും സന്തോഷത്തിലുമുള്ള ഒരു യാത്ര; നമ്മുടെ വില നാം കണ്ടെത്തുന്ന പുണ്യയാത്ര. ഈ ലോകത്തിൽ ഞാൻ ജീവിക്കുന്നത് എന്റെയും മറ്റുള്ളവരുടേയും ആവശ്യമാണെന്ന ബോധ്യം എന്നിൽ ജനിപ്പിക്കുന്ന ജീവിത യാത്രയാണിത്. നമ്മെയും നമ്മുടെ ലോകത്തേയും ദൈവം വ്യവസ്ഥകളില്ലാത സ്നേഹിക്കുന്നു എന്ന് നാം തിരിച്ചറിയുന്നത് ഈ ഒന്നിച്ചുള്ള തീർത്ഥാടനത്തിലാണ്.

### 9. പ്രത്യാശ ഒരു ദൈവിക പുണ്യം

നമ്മുടെ വിശ്വാസത്തെയും സ്നേഹത്തെയും പ്രകാശിതമാക്കുന്ന പുണ്യമാണ് പ്രത്യാശ. എല്ലാ പുണ്യങ്ങൾക്കും മാറ്റുകൂട്ടുന്നതും പ്രത്യാശയാണ്. പ്രത്യാശയില്ലെങ്കിൽ, നാം എപ്പോഴും വിലപിക്കുന്നവരും വേദനിക്കുന്നവരും മാത്രമായിരിക്കും. എന്നിരുന്നാലും, പ്രത്യാശ നമ്മുടെ ഉള്ളിലുള്ളപ്പോൾ, നാം സന്തോഷഭരിതരും ഊർജ്ജസ്വലരുമായിരിക്കും. അതുകൊണ്ട്, യുവത്വത്തിന്റെ പ്രസരിപ്പ് കെട്ടുപോകാതിരിക്കാൻ, യുവജനങ്ങൾ എപ്പോഴും പ്രത്യാശാഭരിതരായിരിക്കണം. പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പാ പറയുന്നു: "പ്രത്യാശ ലളിതമാണ്, ചെറുതാണ്, അതേസമയം അവിഭാജ്യമാണ്." പ്രത്യാശ നിസാരമായ ഒന്നല്ല, മറിച്ച്, അത് നമ്മുടെ വിശ്വാസ ജീവിതത്തിലെ



www.malankaralibrary.com





അവിഭാജ്യ ഘടകമാണ്. പ്രത്യാശ നാളെക്കുറിച്ചുള്ള ശുഭാപ്തി വിശ്വാസം മാത്രമല്ല, നാളെത്തേയ്ക്കുവേണ്ടി ഇന്നത്തെ ക്ലേശങ്ങൾ ഏറ്റെടുക്കാനുള്ള ധൈര്യവും ഇന്നത്തെ വേദനകളിൽ ജീവിതം അവസാനിപ്പിക്കാതിരിക്കാനുള്ള വിവേകവുമാണ്. ഇന്നത്തെ അദ്ധ്വാനമാണ് നാളെയെക്കുറിച്ചുള്ള പ്രതീക്ഷയെ ബലപ്പെടുത്തുന്നത്. അതിനാൽ, അലസരാകുന്നവർക്ക് പ്രത്യാശയിൽ സന്തോഷിക്കാനാവില്ല.

### a. പ്രത്യാശ ഒളിച്ചോട്ടമല്ല

ദുഃഖവെള്ളിക്കും ഉയിർപ്പ് ഞായറിനും ഇടയിലെ ശനിയാഴ്ചയിലാണ് പ്രത്യാശയുടെ മാറ്റ് നാം കണ്ടെത്തുന്നത്. തന്റെ ദൗത്യം വലിയ വേദനകളുടെ വെള്ളിയാഴ്ച പൂർത്തീകരിച്ചിട്ട് ശനിയാഴ്ച വലിയ ഞായറാഴ്ചയുടെ വരവിനായി യേശു സമാധാനത്തോടെ കാത്തിരുന്നു. ഇതാണ് ക്രിസ്തുവിൽ നാം കാണുന്ന പ്രത്യാശ. ഇത് കഠിനാദ്ധ്വാനത്തിന്റേയും സ്വപ്നങ്ങളുടേയും പ്രത്യാശയാണ്. യുവജനങ്ങൾക്ക് ഇന്ന് ആവശ്യം ഈ പ്രത്യാശയാണ്. അതുപോലെ, ഗദ്സമേനിലെ ക്രിസ്തുവിന്റെ പ്രാർത്ഥനയെ (മത്താ 26:36-46) നിരാശയുടെ വാക്കുകളായി നാം കാണരുത്. "ഈ പാനപാത്രം എന്നിൽ നിന്ന് മാറ്റിത്തരണമെ" (മത്താ 26:39, മർക്കോ 14:36, ലൂക്കാ 22:42) എന്ന ആഗ്രഹം പ്രാർത്ഥനയുടെ ഒന്നാം ഭാഗം മാത്രമാണ്. അതിന്റെ രണ്ടാം ഭാഗമാണ് ക്രിസ്തുവിലെ വിശ്വാസത്തെ വെളിപ്പെടുത്തുന്നത്: "എങ്കിലും, എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ!" പിതാവിന്റെ പദ്ധതിയിൽ തന്റെ സഹനങ്ങളെ ചേർത്തുവയ്ക്കുമ്പോൾ പിതാവിന്റെ രക്ഷാകര പദ്ധതിയാണ് പൂർത്തീകരിക്കപ്പെടുന്നത് എന്ന തിരിച്ചറിവിൽ ക്രിസ്തു സ്വയം സ്വീകരിച്ച പാതയായിരുന്നു കാൽവരിയിലേയ്ക്കുള്ള തീർത്ഥാടനം. ഇതുകൊണ്ടാണ്, ആ തീർത്ഥാടന പാതയിൽ യേശുക്രിസ്തു ശാന്തനായിരുന്നത്.

ക്രിസ്തുവിന്റെ ഉള്ളിലെ പ്രത്യാശയാണ് സഹനത്തിന്റെ നെരിപ്പോടിൽ ശാന്തമായിരിക്കാൻ അവിടുത്തെ സഹായിച്ചത്. കാൽവരിയിൽ തീരേണ്ടതല്ല തന്റെ ജീവിതമെന്നും പാതാളത്തോളം താഴ്ത്തപ്പെട്ടാലും ഉത്ഥാന മഹത്വം സമാഗതമാകുമെന്ന ശുഭാപ്തി വിശ്വാസം ക്രിസ്തുവിന്റെ ഉള്ളിലുണ്ടായിരുന്നു. ദൈവപദ്ധതിയെ തകർക്കാൻ ഒരു ശക്തിക്കും സാധ്യമല്ല. ചിലപ്പോൾ അതിന്റ പൂർത്തീകരണത്തിന് കാലതാമസം വന്നേയ്ക്കാം. ഉയിർപ്പ് നൽകുന്ന പ്രത്യാശയുടെ സന്തോഷം ഉള്ളിലില്ലാത്ത ഒരു വ്യക്തിക്ക് കാൽവരിയിലെ സഹനയാഗം അചിന്ത്യമാണ്. ജീവിത യാഥാർത്ഥ്യങ്ങളിൽ

www.malankaralibrary.com






നിന്ന് ഒളിച്ചോടുന്നവർക്ക് ഒരിക്കലും പ്രത്യാശയുടെ സന്തോഷം അനുഭവിക്കാൻ സാധിക്കില്ല.

### b. പ്രത്യാശ നിഷ്ക്രിയത്വമല്ല

നിരാശയുടെ അനുഭവം എത്ര തീവ്രമാണെങ്കിലും ദൈവീക ഇടപെടൽ എപ്പോൾ വേണമെങ്കിലും ഉണ്ടാകും എന്ന ബോധ്യം ക്രിസ്തീയ പ്രത്യാശയുടെ അടിസ്ഥാനമാണ്. നമ്മുടെ ചുറ്റുപാടുമുള്ള വേദനാജനകമായ അനുഭവങ്ങളെ പരിവർത്തനപ്പെടുത്താനുള്ള ദൈവനിയോഗത്തിൽ നിന്ന് ഒളിച്ചോടാനായി പ്രത്യാശ എന്ന പുണ്യത്തെ നാം ഉപയോഗിക്കരുത്. നമ്മുടെ പരിശ്രമങ്ങളൊക്കെ നിഷ്ഫലമാണെന്ന ചിന്ത നമ്മെ അലസരും നിഷ്ക്രിയരുമാക്കും. പ്രത്യാശയിൽ ദൈവപദ്ധതിയോട് ക്രിയാത്മകമായി സഹകരിക്കാനുള്ള നമ്മുടെ വിളിയും ഉൾചേർന്നിട്ടുണ്ട്. നമ്മുടെ അദ്ധ്വാനങ്ങളെ പൂർണതയിലെത്തിക്കുന്ന ഒരു ദൈവമുണ്ടെന്ന ബോധ്യമാണ് പ്രത്യാശയിൽ സന്തോഷം ഉളവാക്കുന്നത്. അതുകൊണ്ട്, പരിശുദ്ധാത്മാവിനോട് ചേർന്നു നിന്ന് ലോകത്തെ നന്മയിലേയ്ക്ക് ആനയിക്കാനുള്ള പരിശ്രമത്തിൽ യുവജനങ്ങൾ ഒരു സഭയായി ഈ ലോകത്തിൽ പ്രവർത്തിക്കണം.

### c. പ്രത്യാശ പ്രകാശമാണ്

അന്ധകാരത്തിൽ ഒരു വസ്തുവിനെയോ വ്യക്തിയോ നോക്കുന്നതുപോലെയല്ല, പ്രകാശത്തിൽ കാണുന്നത്. പ്രകാശത്തിൽ നാം ലോകത്തെ നോക്കുമ്പോൾ നമ്മുടെ ഉള്ളിൽ പ്രകാശം നിറയുക മാത്രമല്ല, പ്രകാശത്തിന്റ പ്രവർത്തികൾ ചെയ്യാനുള്ള ഊർജ്ജവും നമുക്ക് ലഭിക്കുന്നു. പ്രത്യാശയോടെ നാം ചെയ്യുന്ന പ്രവർത്തികളിലൂടെ നമ്മുടെ ചുറ്റുപാടിലും പരക്കുന്ന പ്രകാശത്തെക്കുറിച്ച് ക്രിസ്തു ഗിരിപ്രഭാഷണത്തിൽ പഠിപ്പിക്കുന്നുണ്ട് (മത്താ 5:16). അതുകൊണ്ട്, നിരാശാജനകമായ സാഹചര്യങ്ങളിൽ പ്രത്യാശയുടെ ഉൾക്കാഴ്ചയോടെ ചുറ്റുപാടും നോക്കി കാണാൻ നമുക്ക് സാധിക്കണം. ഉത്ഥിതനായ ക്രിസ്തുവിനെ കണ്ടുമുട്ടുമ്പോൾ നമ്മുടെ ഉള്ളിൽ നിറയുന്ന പ്രത്യാശയാണ് നമ്മുടെ ജീവിത വെളിച്ചം. ഈ വെട്ടമാണ് സ്വയം കാണാനും മറ്റുള്ളവരെ കാണാനും നമ്മെ സഹായിക്കുന്ന പ്രത്യാശയുടെ

www.malankaralibrary.com






പ്രകാശം. നമ്മെ "പ്രകാശത്തിന്റെ മക്കൾ" (യോഹ 12:36) ആക്കുന്നതും ഈ പ്രത്യാശയാണ്.

### d. പ്രത്യാശ പങ്കുവയ്ക്കലാണ്

പീഢാനുഭവ കാലത്ത് ശിഷ്യന്മാരുടെ ഉള്ളിൽ നിറഞ്ഞ ഭയവും നിരാശയും അവരെ തങ്ങളുടെ ജീവിതത്തിലേയ്ക്ക് തന്നെചുരുങ്ങാനും നിയോഗത്തിൽ നിന്ന് ഓടിയൊളിക്കാനുമാണ് പ്രേരിപ്പിച്ചത്. എന്നാൽ, പന്തക്കുസ്താ അനുഭവം അവരുടെ ഉള്ളിൽ പ്രത്യാശ നിറച്ചപ്പോൾ അവർ അനുഭവിക്കുന്ന ആത്മീയ സന്തോഷം ലോകത്തോട് പങ്കുവയ്ക്കാൻ അവർ പുറത്തേയ്ക്ക് ഇറങ്ങി. പ്രത്യാശയുടെ സന്തോഷം പങ്കുവയ്ക്കാതിരിക്കാൻ അവർക്കാവില്ല. പീഢനങ്ങൾക്കോ മരണത്തിനോ അവർ അനുഭവിക്കുന്ന സന്തോഷം പങ്കുവയ്ക്കുന്നതിനെ തടയാനായില്ല. ദൈവാലയങ്ങളിലോ പ്രാർത്ഥനാ സങ്കേതങ്ങളിലോ മാത്രമല്ല, തടവറകളിലും തെരുവീഥികളിലും ചന്തകളിലും ചായപീഠികകളിലും അവർ സന്തോഷത്തിന്റെ സദ്വാർത്ത പങ്കുവച്ചു. ഉത്ഥിതനായ ക്രിസ്തുവിനെ കണ്ടുമുട്ടുമ്പോഴും പരിശുദ്ധാത്മാ അഭിഷേകം പ്രാപിക്കുമ്പോഴും പങ്കുവയ്ക്കലിന്റെ ഉന്മാദത്തിലാകുന്ന ശിഷ്യന്മാരെക്കുറിച്ചാണ് അപ്പസ്തോല പ്രവർത്തനങ്ങളിൽ നാം വായിക്കുന്നത്.

### e. ഉപവി പ്രവൃത്തികളിൽ ജീവിക്കുന്ന പ്രത്യാശ

പ്രത്യാശ നാം ജീവിക്കുന്നത് സ്നേഹത്തിലും, അത് അലങ്കരിക്കപ്പെടുന്നത് പുണ്യപ്രവർത്തികളാലുമാണ്. ഉപവി പ്രവർത്തികൾ ക്രിസ്തീയ പ്രത്യാശയുടെ പ്രകടമായ അടയാളങ്ങളാണ്. നാം ക്രിസ്തുവിൽ അനുഭവിക്കുന്ന പ്രത്യാശ അത് നമ്മുടെ ചുറ്റുപാടും നിരാശയുടെ സാഹചര്യത്തിൽ ജീവിക്കുന്ന സഹോദരങ്ങളുടെ ജീവിതത്തിൽ വെളിച്ചമാകുന്നത് നമ്മളിലൂടെ നിവർത്തിയാകുന്ന ഉപവി പ്രവർത്തികളിലൂടെയാണ്. അങ്ങനെയാണ്, പ്രത്യാശ ഇന്നിന്റെ വെളിച്ചമാകുന്നത്. ഇക്കാരണത്താലാണ്, യുവജനങ്ങൾ സാഹോദര്യത്തിന്റെയും ദൈവകരുണയുടേയും പ്രവൃത്തികളിൽ പങ്കാളികളാകണമെന്ന് സഭ അനുശാസിക്കുന്നത്.

### f. പ്രത്യാശ ജീവിതത്തിന് രുചിയാണ്

ജീവിതം ആസ്വദിക്കാൻ, രുചികരമായ ഭക്ഷണം. പുത്തൻ വാഹനം, നിറമേറിയ വേഷങ്ങൾ, ത്രസിപ്പിക്കുന്ന കായിക വിനോദങ്ങൾ, സിനിമ, എന്നിവ അന്വേഷിച്ച് ഏറെ പരക്കം പായുന്നവരാണ് യുവജനങ്ങൾ. ആസ്വാദനത്തിനായി നാം തെരഞ്ഞെടുക്കുന്ന ഇപ്രകാരമുള്ള കാര്യങ്ങൾ കുറച്ചു കഴിയുമ്പോൾ പകരുന്നത് വിരസതയാണ്, കാരണം, അത്തരം സാധനങ്ങൾക്ക് നമുക്ക് നിത്യമായ സാക്ഷാത്ക്കാരം നൽകുകയുമില്ല കഴിയുകയുമില്ല. ജീവിതത്തിന്റെ രുചി കണ്ടെത്താൻ ഓടിനടന്നിട്ട് അവസാനം നിരാശരായി മടങ്ങിവരുന്ന യുവജനങ്ങൾ നമുക്ക് ചുറ്റുമുണ്ട്. അപ്പോൾ എവിടെയാണ് നാം ജീവിതത്തിന്റെ യഥാർത്ഥമായ രുചി കണ്ടെത്തുന്നത്? പരി. ഫ്രാൻസിസ് മാർപാപ്പാ പ്രത്യാശയെ ജീവിതത്തിന്റെ രുചിയായിട്ടാണ് വിശേഷിപ്പിച്ചത്. "പ്രത്യാശ നമ്മുടെ അനുദിന ജീവിതത്തിലെ ഉപ്പാണ്." ജീവിതാനുഭവങ്ങൾക്ക് രുചി പകരുന്നത് പ്രത്യാശയാണ്. യുവത്വത്തിന് രുചിപകരാൻ പ്രത്യാശ അനിവാര്യമായ പുണ്യമാണ്. നമുക്ക് എങ്ങനെയാണ് പ്രത്യാശയില്ലാതെ ജീവിക്കാൻ സാധിക്കുക? പ്രത്യാശയില്ലാത്ത ഒരു വ്യക്തിക്ക് ജീവിതം ക്ലേശകരമായിരിക്കും. സുഖദുഃഖ സമ്മിശ്രമായ ജീവിതാനുഭവങ്ങളിൽ ആനന്ദം കണ്ടെത്താൻ നാം പ്രത്യാശയുടെ മനുഷ്യരാകണം.

www.malankaralibrary.com





**9. ഓർക്കാം...**

പ്രത്യാശയുടെ തീർത്ഥാടനം ഒരു വിളിയാണ്; അതിലുപരി അതൊരു വെല്ലുവിളിയാണ്. ഒരു സഭയായി യുവജനങ്ങൾ ഒന്നിച്ചു നടത്തേണ്ട തീർത്ഥാടനമാണിത്. പ്രത്യാശ നാളേയ്ക്കു വേണ്ടിയുള്ള കാത്തിരിപ്പല്ല, മറിച്ച്, ഇന്നത്തെ പ്രകാശമാണ്. ഇന്നിന്റെ ഊർജ്ജമാണിത്. ഇന്നത്തെ സന്തോഷമാണിത്. ക്രിസ്തുവിന്റെ യുവജനങ്ങൾക്ക് ലഭിച്ചിരിക്കുന്ന വിളി പ്രത്യാശയുടെ പ്രവാചകരാകുക എന്നതാണ്.

**10. മുന്നേറാം...**

ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിനെ
ഉള്ളിലെ പ്രത്യാശയായി സ്വീകരിക്കാൻ...
സുഖ-ദുഃഖ സമ്മിശ്രമായ ലോകത്തിൽ
പ്രത്യാശയുടെ പ്രവാചകരാകാൻ...
ഇരുളടഞ്ഞ പാതകളിൽ പ്രത്യാശയുടെ
നുറുങ്ങുവെട്ടമാകാൻ...
തിന്മയുടെ ലോകത്തിൽ നന്മയുടെ പ്രകാശഗോ
പുരമാകാൻ...
പ്രത്യാശ പങ്കുവയ്ക്കുന്ന പ്രകാശത്തിന്റെ
മക്കളാകാൻ...
മറ്റു ജീവിതങ്ങൾക്ക് രുചിപകരുന്ന ഉപ്പാകാൻ...
അപരന് വഴികാട്ടിയാകുന്ന വെളിച്ചമാകാൻ...
**നമുക്ക് പ്രത്യാശയുടെ തീർത്ഥാടകരാകാം**

## ഉപകാരസ്മരണ



**ഒരു വിശ്വാസി**

www.malankaralibrary.com




# മുനമ്പം

## ചെറായി മേഖലയിലെ വഖഫ് അവകാശവാദങ്ങളും പൊളിഞ്ഞു വീഴുന്ന വാദഗതികളും

**കെ. സി. ബി. സി. ജാഗ്രതാ കമ്മീഷൻ**

എറണാകുളം ജില്ലയിൽ വൈപ്പിൻ കരയുടെ തെക്ക് കടലിനോട് ചേർന്ന് മുനമ്പം, ചെറായി, പള്ളിക്കൽ ദ്വീപ് മേഖലയിൽ 1989 മുതൽ രജിസ്റ്റർ ചെയ്യപ്പെട്ട ആയിരത്തോളം ആധാരങ്ങൾക്കും ക്രൈസ്തവരും ഹൈന്ദവരും ഉൾപ്പെട്ട അറുനൂറിൽപരം കുടുംബങ്ങൾക്കും കടുത്ത ഭീഷണി ഉയർത്തിക്കൊണ്ട് വഖഫ് ബോർഡ് ആ സ്ഥലത്തിന് അവകാശവാദം ഉന്നയിച്ചിട്ട് അഞ്ചു വർഷത്തോളമായി. പ്രദേശവാസികൾ 2022 മുതൽ പലപ്പോഴായി ഫയൽ ചെയ്ത വിവിധ ഹർജികൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഈ വിധത്തിൽ മുന്നോട്ടുപോയാൽ സമീപകാലത്തെങ്ങും ഈ പ്രതിസന്ധിക്ക് പരിഹാരമുണ്ടാകുമെന്ന് കരുതാനാവില്ല. അതിനാൽ, വസ്തുതകളും വിഷയത്തിന്റെ പ്രാധാന്യവും മനസിലാക്കിക്കൊണ്ടുള്ള ഗൗരവ പൂർണമായ സമീപനം അടിയന്തിരമായ ആവശ്യമാണ്.



www.malankaralibrary.com



**ചരിത്രം**

വഖഫ് ബോർഡ് അവകാശവാദങ്ങൾ ഉയർത്തി പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്ന ചെറായി, മുനമ്പം, പള്ളിക്കൽ പ്രദേശത്തെ തർക്കഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച ചരിത്രം ആരംഭിക്കു ന്നത് 1902 ലാണ്. അക്കാലത്ത് തിരുവിതാംകൂർ രാജാവ്, ഗുജറാ ത്തിൽനിന്ന് കേരളത്തിലെത്തിയ അബ്ദുൽ സത്താർ മൂസ ഹാജി സേട്ടിന് 404 ഏക്കർ ഭൂമിയും 60 ഏക്കർ വെള്ളക്കെട്ടും കൃഷി ആവശ്യത്തിനായി പാട്ടത്തിന് കൊടുക്കുകയുണ്ടായി. 'അക്കാലത്തി നും വളരെ വർഷങ്ങൾക്ക് മുമ്പ് തന്നെ പ്രദേശവാസികളായിരുന്ന മത്സ്യത്തൊഴിലാളികളുടെ ഭൂമി ഒഴിവാക്കിയായിരുന്നു പാട്ടം.

പിന്നീട് 1948ൽ അദ്ദേഹത്തിന്റെ പിൻഗാമിയായ സിദ്ദിഖ് സേട്ട് ഈ ഭൂമി രജിസ്റ്റർ ചെയ്തു വാങ്ങി. അമ്പത് വർഷങ്ങൾക്കിടെ ആ ദ്വീപ് മേഖലയിൽ പല ഭാഗങ്ങളിലായി ഒട്ടേറെ ഭൂമി കടലേറ്റം (sea erosion) മൂലം നഷ്ടമായിരുന്നു. പ്രത്യേകിച്ച്, 1934ൽ ഉണ്ടായ ശക്തമായ കാലവർഷവും കടൽ ക്ഷോഭവും 'പണ്ടാര കടപ്പുറം' എന്ന റിയപ്പെട്ടിരുന്ന ഒരു കടപ്പുറത്തെ പൂർണ്ണമായി ഇല്ലാതാക്കി. സേട്ടിന് ത്തിന് നൽകി മഹാരാജാവ് പാട്ടത്തിന് നൽകിയിരുന്ന ഭൂമിയിൽ വലിയൊരു ഭാഗം അവിടെയായിരുന്നു. പിൽക്കാലത്ത് രജിസ്റ്റർ ചെയ്യപ്പെട്ട ഭൂമിയിൽ മത്സ്യത്തൊഴിലാളികൾ ഒരു നൂറ്റാണ്ടോളമായി താമസിച്ചു വന്നിരുന്ന പ്രദേശങ്ങളും ഉൾപ്പെട്ടു.

ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത ഭൂമി സിദ്ദിഖ് സേട്ട് 1950 നവംബർ ഒന്നാംതിയ്യതി ഫാറൂഖ് കോളേജ് മാനേജ്മെന്റിന് കൈമാറി (1948 ലാണ് കോഴിക്കോട് ജില്ലയിലെ ഫറോക്കിൽ ഫാറൂഖ് കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്). ഫാറൂഖ് കോളേജിന്റെ തുടക്കക്കാരനായിരുന്ന ചാവക്കാട് സ്വദേശി മൗലവി അബ്ദുള്ള അഹമ്മദ് അലിയുമായി സിദ്ദിഖ് സേട്ടിന് ഉണ്ടായിരുന്ന അടുപ്പമാണ് ഭൂമി കോളേജിന് നൽകാനുള്ള കാരണമെന്നു പറയപ്പെടുന്നു. എന്നാൽ, 404 ഏക്കറുണ്ടായിരുന്ന ഭൂമി കടൽശോഷണം സംഭവിച്ച് വർഷങ്ങൾകൊണ്ട് നാലിലൊന്നായി ചുരുങ്ങിയത് മനസിലാക്കി അത്തരമൊരു ഭൂമി കൈവശം വച്ചിട്ടു കാര്യമില്ല എന്ന ചിന്തകൂടി സേട്ടിന് ഉണ്ടായിരുന്നതായി സൂചനകളുണ്ട്. എന്നാൽ, ക്രയവിക്രയം നടത്താമെങ്കിലും വിദ്യാഭ്യാസ ആവശ്യങ്ങൾക്കല്ലാതെ മറ്റൊരു ആവശ്യത്തിനും ഫാറൂഖ് കോളേജ് മാനേജ്മെന്റ് ഈ ഭൂമിയോ ഭൂമി വിറ്റുകിട്ടുന്ന പണമോ ഉപയോഗി ക്കരുത്, ഫാറൂഖ് കോളേജ് ഏതെങ്കിലും കാലത്ത് ഇല്ലാതാകുന്ന



www.malankaralibrary.com





പക്ഷം അന്ന് ഈ ഭൂമിയുണ്ടെങ്കിൽ തന്റെ സന്തതി പരമ്പരയ്ക്ക് അത് തിരികെ ലഭിക്കണം എന്നീ വ്യവസ്ഥകൾ ഉൾപ്പെടുത്തിയ ആധാരമാണ് അന്ന് രജിസ്റ്റർ ചെയ്തിരുന്നത്. എന്നാൽ, അറിഞ്ഞോ അറിയാതെയോ 'വഖഫ്' എന്ന ഒരു വാക്ക് ആധാരത്തിൽ എഴുതിച്ചേർത്തിരുന്നു.

ഭൂമി കൈമാറ്റം ചെയ്യുന്നതിന് മുമ്പുതന്നെ അവിടെ താമസക്കാരായിരുന്ന ചില കുടുംബങ്ങൾ താലൂക്ക് ഓഫീസിൽനിന്ന് കുടികിടപ്പ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിരുന്നു. വൈദ്യുതി, കുടിവെള്ളം തുടങ്ങിയവ ലഭിക്കാൻ ആ സർട്ടിഫിക്കേറ്റ് സഹായകമാകും എന്നതിനാലാണ് പ്രദേശവാസികൾ അപ്രകാരം ചെയ്തത്. ഏതാനും വർഷങ്ങൾക്ക് ശേഷം ഭൂവിനിയോഗം സംബന്ധിച്ച ചില തർക്കങ്ങളെ തുടർന്ന് ഫാറൂഖ് കോളേജ് മാനേജ്മെന്റും തദ്ദേശവാസികളും തമ്മിൽ ചില അസ്വാരസ്യങ്ങൾ ഉടലെടുത്തു. ഈ കേസ് കുറേക്കാലം തുടർന്നു. ഭൂമി ഫാറൂഖ് കോളേജിന് ഇഷ്ടദാനം കിട്ടിയതാണ് എന്ന വിലയിരുത്തലിനെ തുടർന്ന് പിന്നീടുള്ള കോടതി ഉത്തരവുകൾ പ്രദേശവാസികൾക്ക് അനുകൂലമായില്ല.

1975 ൽ പ്രദേശവാസികൾ കുടിയാൻ സംഘം രൂപീകരിക്കുകയും പറവൂർ മുൻസിഫ് കോടതിയിൽ ഹർജി ഫയൽ ചെയ്യുകയും ചെയ്തു. ആ കേസ് പന്ത്രണ്ട് വർഷം തുടർന്നു. നീണ്ട മുപ്പത്തിനാല് വർഷങ്ങൾക്ക് ശേഷം ഒത്തുതീർപ്പ് പ്രകാരം 1987 ൽ ഫാറൂഖ് കോളേജ് മാനേജ്മെന്റിന് കൂടിയ വില കൊടുത്ത് അന്നുണ്ടായിരുന്ന കുടികിടപ്പുകാർ അവർ നൂറ്റാണ്ടുകളായി ജീവിച്ചിരുന്ന ഭൂമി വാങ്ങി. സെന്റിന് 250 രൂപ പ്രകാരമാണ് അന്ന് അവർ നൽകിയത്. അന്ന് സമീപപ്രദേശങ്ങളിൽ പലയിടങ്ങളിലും സ്ഥലത്തിന് നൂറു രൂപയിൽ താഴെ മാത്രമായിരുന്നു വിലയുണ്ടായിരുന്നത്. എങ്കിലും കാലങ്ങളായി അവിടെ ജീവിച്ചു പോന്ന മൽസ്യത്തൊഴിലാളികൾ എന്ന നിലയിൽ തൊഴിലിനെ പ്രതികൂലമായി ബാധിക്കും എന്നതിനാൽ വലിയ വിലകൊടുക്കാൻ അവർ നിർബ്ബന്ധിതരാവുകയായിരുന്നു. തുടർന്ന് ഫാറൂഖ് കോളേജിന്റെ മാനേജിങ് കൗൺസിൽ സെക്രട്ടറി ഹസ്സൻകുട്ടി സാഹിബ് ഒപ്പിട്ട 280 ഓളം ആധാരങ്ങളാണ് 1989 മുതൽ 1993 വരെയുള്ള കാലത്ത് രജിസ്റ്റർ ചെയ്തത്.

## പിന്നീട് സംഭവിച്ചത്

പിന്നീടുള്ള മൂന്ന് പതിറ്റാണ്ട് കാലംകൊണ്ട് പ്രദേശം നല്ല രീതിയിൽ വികസിച്ചു. നൂറുകണക്കിന് കോൺക്രീറ്റ് വീടുകളും സ്ഥാപനങ്ങളും ദേവാലയങ്ങളും നിർമ്മിക്കപ്പെട്ടു. റോഡുകളും പാലങ്ങളും പണിതു. അങ്ങനെയിരിക്കെയാണ് സമാധാനമായി ജീവിച്ചുപോന്ന ഒരു ജനതയ്ക്ക് പെട്ടെന്ന് മറ്റൊരു വെല്ലുവിളി നേരിടേണ്ടതായി വന്നത്. 2022 ജനുവരി മാസത്തിൽ കരമടയ്ക്കാൻ വില്ലേജ് ഓഫീസിലെ ത്തിയ ഒരാൾക്ക് അതിന് കഴിഞ്ഞില്ല. അത് വഖഫ് ഭൂമിയാണ് എന്നൊരു ഓർഡർ തഹസിൽദാരിൽ നിന്ന് എത്തിയിരുന്ന

www.malankaralibrary.com


താണ് തടസത്തിന് കാരണമായത്. പിന്നീടുള്ള അന്വേഷണത്തിലാണ് 2019ൽ തന്നെ ഇത്തരം നീക്കങ്ങൾ വഖഫ് ബോർഡ് ആരം ഭിച്ചിരുന്നതായി പ്രദേശവാസികൾക്ക് മനസിലാക്കാൻ കഴിഞ്ഞത്. എന്നാൽ, അവരിലാർക്കും ഒരു നോട്ടീസ് പോലും ലഭിച്ചിരുന്നില്ല.

പിന്നീട് ജനപ്രതിനിധികളുമായി ബന്ധപ്പെടുകയും തിരുവനന്തപുരത്ത് നേരിട്ട് പോവുകയും ഒട്ടേറെ ചർച്ചകൾ നടത്തുകയും ഹൈക്കോടതിയിൽ കേസ് നടത്തുകയും ചെയ്ത ശേഷമാണ് അറുനൂറോളം വരുന്ന കുടുംബങ്ങൾക്ക് കരമടയ്ക്കാൻ അനുമതി ലഭിക്കുന്നത്. എന്നാൽ, കരമടയ്ക്കുന്നതിനും പോക്കുവരവ് നടത്തുന്നതിനും അനുവദിച്ചുകൊണ്ട് ഹൈക്കോടതി യിൽനിന്ന് ഉത്തരവ് ലഭിച്ചതിന് പിന്നാലെ വഖഫ് ബോർഡിലെ രണ്ട് അംഗങ്ങൾ വീണ്ടും ഹൈക്കോടതി ഡിവിഷൻ ബഞ്ചിനെ സമീപിച്ചതിനെ തുടർന്ന് ആ ഓർഡർ സ്റ്റേ ചെയ്യപ്പെട്ടു. നിലവിൽ പ്രദേശവാസികളുടെ നേതൃത്വത്തിൽ അഞ്ചു കേസുകൾ ഹൈക്കോടതിയിൽ നടന്നുകൊണ്ടിരിക്കുന്നുണ്ട്.

ഈ ഭൂമി വഖഫ് ബോർഡിന്റെ രേഖകളിൽ ഉൾപ്പെട്ടതിനാലും, കേസുകൾ നടക്കുന്നതിനാലും ക്രയവിക്രയം നടത്താനോ പണയപ്പെടുത്തി ലോണെടുക്കാനോ ഉടമസ്ഥർക്ക് കഴിയുന്നില്ല. വലിയ പണം മുടക്കി ഹൈക്കോടതിയിൽ കേസ് നടത്തേണ്ടി വരുന്നത് നിർദ്ധനരായ മുനമ്പം നിവാസികൾക്ക് താങ്ങാനാവുന്നതിന് അപ്പുറമാണ്. മറുപക്ഷം അതിശക്തരായതിനാലും വഖഫ് നിയമവും വഖഫ് ബോർഡും അവർക്ക് പിന്തുണയായുണ്ട് എന്നതിനാലും കേസിന്റെ ഭാവിയെക്കുറിച്ച് അവർക്ക് വലിയ ആശങ്കളുണ്ട്. എന്നാൽ, ഇപ്പോൾ കേന്ദ്ര സർക്കാർ ഒരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന വഖഫ് നിയമ പരിഷ്കരണത്തെ ആ നാട്ടുകാർ വലിയ പ്രതീക്ഷയോടെ കാണുന്നു.

### കോടതിയിലെ വാദങ്ങൾ

വഖഫായി നല്കുന്ന ഭൂമിക്ക് ദാതാക്കൾ നിബന്ധനകൾ നിഷ്കർഷിക്കാൻ പാടില്ല എന്നതാണ് ചട്ടം. എന്നാൽ, ഫാറൂഖ് കോളേജിന് രജിസ്റ്റർ ചെയ്തുനൽകിയിരിക്കുന്ന ആധാരം നിബന്ധനകളോടു കൂടിയതാണ്. കോളേജ് എന്നെങ്കിലും ഇല്ലാതാകുന്ന പക്ഷം അന്ന് അവശേഷിക്കുന്ന ഭൂമി ആദ്യ ഉടമസ്ഥന്റെ അനന്തരാവകാശികൾക്ക് നൽകണമെന്ന വ്യവസ്ഥ ആധാരത്തിലുണ്ട്. അതിനാൽ, ഇപ്പോഴത്തെ 'വഖഫ് ' അവകാശവാദങ്ങൾ നിലനിൽക്കില്ല എന്നതാണ് കോടതിക്ക് മുന്നിലുള്ള പ്രധാന വാദം. ഫാറൂഖ് കോളേജിന് ഗിഫ്റ്റ് ആയി ലഭിച്ച ഭൂമിയെന്ന് മുൻ കോടതി വിധികളിൽ പലപ്പോഴും പരാമർശിക്കപ്പെട്ടിട്ടുള്ളതിനാൽ അത്തരമൊരു ഭൂമി 'വഖഫ' എന്ന് സ്ഥാപിക്കാനാവില്ല. വഖഫ് നിയമ ത്തിൽ 2013 ൽ നടത്തിയ ഭേദഗതികൾ പ്രകാരം, ഒരു ഭൂമി 'വഖഫ്' എന്ന് സ്ഥാപിക്കണമെങ്കിൽ മൂന്നു വർഷത്തിനുള്ളിൽ ക്ലെയിം ചെയ്യണമെന്നുണ്ട്. എന്നാൽ 2019 ലാണ് മുനമ്പം നിവാസികളുടെ ഭൂമി 'വഖഫ്' ആണെന്നുള്ള അവകാശം വഖഫ് ബോർഡ് ഉയർത്തിയിട്ടുള്ളത്. എന്നാൽ, പ്രദേശവാസികളെ അറിയിച്ചുകൊണ്ടുള്ള ഒരു നിയമാനുസൃത നീക്കവും ഉണ്ടായിട്ടില്ല.

### ഭരണഘടനാ വിരുദ്ധത, അനീതി, അവഗണന

വഖഫ് അവകാശവാദങ്ങൾ ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന മാന്യമായ ജീവിതത്തിനും സ്വത്തിനും തുല്യതയ്ക്കുമുള്ള മൗലികാവകാശങ്ങൾക്കും മതേതരത്വത്തിനും കടുത്ത വെല്ലുവിളി ഉയർത്തുന്നു. ഇപ്പോൾ നിലവിലുള്ള വഖഫ് നിയമം ഭരണഘടനാ വിരുദ്ധമാണ് എന്നത് നിസ്തർക്കമാണ്. ശരിയ നിയമത്തെ (Sharia - Islamic Law) ഇന്ത്യൻ നിയമ വ്യവസ്ഥിതിക്ക് മുകളിൽ സ്ഥാപിക്കുന്ന വ്യവസ്ഥകൾ വഖഫ് നിയമത്തിൽ ചേർക്കപ്പെട്ടിട്ടുണ്ട് (once Waqf always Waqf). വിൽക്കാനോ കൈമാറ്റം ചെയ്യാനോ പാടില്ലാത്തവിധം അല്ലാഹുവിനു സ മർപ്പിക്കപ്പെട്ടത് എന്നാണ് 'വഖഫ്' എന്ന വാ ക്കിന്റെ അർഥം. 1995 ൽ ഇന്ത്യയിൽ നിലവിൽ വന്ന വഖഫ് നിയമ പ്രകാരം ഏതെങ്കിലും ഒരു സ്ഥലത്തിന് വഖഫ് ബോർഡ് അവകാശം ഉന്നയിച്ചാൽ അതിസങ്കീർണ്ണമായ നിയമ നടപടികളിലേക്കാണ് പിന്നീട് നീങ്ങുക. വേണ്ടവിധത്തിലുള്ള കോടതി, സർക്കാർ ഇടപെടലുകൾ തക്കസമയത്ത് ഉണ്ടായില്ലെങ്കിൽ സ്ഥലം എന്നന്നേയ്ക്കുമായി വഖഫ് ബോർഡിന്റേതായി മാറും.

ഈ ഗുരുതരമായ പ്രശ്നം ശ്രദ്ധയിൽപെട്ടപ്പോൾ മുതൽ പ്രദേശവാസികളും അവരുടെ പ്രതിനിധികളും ജനപ്രതിനിധികളെയും സർക്കാർ സംവിധാനങ്ങളെയും രാഷ്ട്രീയ നേതൃത്വങ്ങളെയും പലവിധത്തിൽ സമീപിക്കുകയുണ്ടായിരുന്നു. വിഷയം പരിഹരിച്ച് തരാം എന്നുള്ള ജനപ്രതിനിധികളുടെ ഉറപ്പിന്മേലാണ് പ്രദേശവാസികൾ പ്രക്ഷോഭത്തിലേക്ക് പോകാതിരുന്നത്. എന്നാൽ അവർ നൽകിയിരുന്ന ഉറപ്പ് ഇതു വരെയും

www.malankaralibrary.com



വഖഫ് നിയമത്തിന്റെ മറവിൽ മുനമ്പത്തെ നിർദ്ധനരായ ജനങ്ങൾ ഒന്നര നൂറ്റാണ്ടിലേറെ കാലമായി ജീവിച്ചു പോന്നതും അപ്രകാരമായിരുന്നിട്ടും ഒരിക്കൽ വിലകൊടുത്തു വാങ്ങേണ്ടി വന്നതുമായ ഭൂമി കൈവശപ്പെടുത്താനുള്ള ചില തൽപരകക്ഷികളുടെ നീക്കം കടുത്ത അനീതിയാണ്. മുനമ്പത്തെ ജനങ്ങളുടെ അവസ്ഥ കേരള മനസാക്ഷിയെ ഉണർത്തേണ്ടതാണ്. സർക്കാരിന്റെ നിഷ്ക്രിയാവസ്ഥയും ചർച്ച ചെയ്യപ്പെടേണ്ടതാണ്. പാവപ്പെട്ട ഈ ജനങ്ങളുടെ അവകാശ സമരത്തിന് പിൻബലം നല്കുന്നതോടൊപ്പം ഭരണഘടനാ വിരുദ്ധവും നീതിരഹിതവുമായ ഈ നീക്കത്തെ ചോദ്യം ചെയ്യാൻ കേരളസമൂഹം തയ്യാറാകണം. ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലായിരിക്കുന്ന വഖഫ് നിയമ പരിഷ്കരണത്തിന് അനുകൂലമായ നിലപാട് പൊതുസമൂഹം സ്വീകരി ക്കാൻ മുനമ്പം-ചെറായി മേഖലയിൽ ഉടലെടുത്തിരിക്കുന്ന ഈ പ്രതിസന്ധിയും അനുബന്ധ ചർച്ചകളും വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കാം. മുനമ്പത്ത് ഇപ്പോൾ ഉടലെടുത്തിരിക്കുന്ന പ്രതിസന്ധിക്ക് സമാനമായ നീക്കങ്ങൾ ഇനി ഒരിക്കലും ഇന്ത്യയിൽ എവിടെയും ഉണ്ടാകാതിരിക്കാൻ ആവശ്യമായ ഭേദഗതികൾ വഖഫ് നിയമത്തിൽ വരുത്തേണ്ടതുണ്ട്. പൊതുജനത്തിന്റെ സ്വത്തിനും മൗലിക അവകാശങ്ങൾക്കും രാജ്യത്തിന്റെ മതേതരത്വത്തിനും വെല്ലുവിളിയായി മാറിയേക്കാവുന്ന വകുപ്പുകൾ നീക്കംചെയ്ത് ഇപ്പോൾ ഉയർന്നിരിക്കുന്ന ആശങ്കകൾക്ക് പരിഹാരം കണ്ടെത്താൻ കേന്ദ്രസർക്കാർ തയ്യാറാകുമെന്ന് പ്രതീക്ഷിക്കാം.

പാലിക്കപ്പെട്ടിട്ടില്ല. കോടതിയിലെ കേസുകൾ നല്ല രീതിയിൽ മുന്നോട്ടുപോകുന്നതിന് പലവിധത്തിലുള്ള തടസ്സങ്ങൾ നേരിടുന്നതാ ണ് മറ്റൊരു പ്രതിസന്ധി. 2023 ജൂലൈ മാസത്തിലാണ് അവസാനമായി കോടതിയിൽ വാദം നടന്നത്. നിലവിൽ തീരദേശ ഹൈവേയുമായി ബന്ധപ്പെട്ട സർവേകൾ ആ പ്രദേശത്ത് നടന്നിട്ടുണ്ട്. തുടർന്ന് സ്ഥലം ഏറ്റെടുക്കൽ നടക്കുമ്പോൾ കേസിൽ ഉൾപ്പെട്ട ഭൂമി ആയതിനാൽ അനേകർ നഷ്ടപരിഹാരം പോലും ലഭിക്കാതെ തെരുവിലേയ്ക്ക് ഇറങ്ങേണ്ട സാഹചര്യം ഉടലെടുത്തേക്കാം.

### പരിഹാരമെന്ത്?

യാതൊരു ന്യായീകരണവും നൽകാൻ കഴിയാത്ത ക്രൂരമായ അനീതി ഒരുകൂട്ടം പാവപ്പെട്ട മനുഷ്യരോട് ചിലർ കാണിക്കുന്നത് കൈകെട്ടി നോക്കി നിൽക്കാതിരിക്കുകയാണ് പരിഹാരത്തിലേക്കുള്ള ആദ്യത്തെ പടി. പൊതുസമൂഹവും സംഘടനകളും മനുഷ്യാവകാശ കമ്മീഷനും രാഷ്ട്രീയ പാർട്ടികളും കക്ഷി രാഷ്ട്രീയ മത ഭേദമില്ലാതെ ഇവർക്കൊപ്പം നിലകൊള്ളേ ണ്ട സാഹചര്യമാണ് ഉടലെടുത്തിരിക്കുന്നത്. കോടതിവിധി കാത്തുനിൽക്കാതെ സംസ്ഥാന സർക്കാരാണ് ഇവിടെ ഉണർന്നു പ്രവർത്തിക്കേ ണ്ടത്. മാധ്യമങ്ങൾ ഈ വിഷയത്തെ നീതിനിഷ്ഠമായി കൈകാര്യം ചെയ്യുകയും സത്യസന്ധമായി സമൂഹത്തെ അറിയിക്കുകയും വേണം. ദേശീയ ശ്രദ്ധ ഈ വിഷയത്തിന് ലഭിക്കേണ്ടതും അത്യന്താപേക്ഷിതമാണ്.



www.malankaralibrary.com



സ്പെഷ്യൽ സ്റ്റോറി

# കേരള ക്രൈസ്തവ സമൂഹത്തിന്റെ പ്രതിസന്ധികൾക്ക് പരിഹാരം ഐക്യത്തോടെയുള്ള മുന്നേറ്റം

**കെ. സി. ബി. സി. ജാഗ്രതാ കമ്മീഷൻ**

കേരളസമൂഹത്തിന്റെ സാംസ്കാരിക വളർച്ചയ്ക്കും വിദ്യാഭ്യാസ ആതുരശുശ്രൂഷാ മേഖലകൾക്കും അതിരറ്റ സംഭാവനകൾ നൽകിയിട്ടുള്ള ചരിത്രമാണ് കേരളത്തിലെ ക്രൈസ്തവ സമൂഹങ്ങൾക്കുള്ളത്. ഇപ്പോഴും വിവിധ മേഖലകളിൽ ക്രൈസ്തവ സഭകൾ നൽകിക്കൊണ്ടിരിക്കുന്ന സംഭാവനകൾ സമാനതകളില്ലാത്തതാണ്. 'ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി' തീരുകയെന്ന ക്രിസ്തുവി ന്റെ കൽപ്പനയ്ക്കുള്ള പ്രത്യുത്തരമാണ് കേരളത്തിലെ ക്രൈസ്തവരുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളും ഇടപെടലുകളും. ഇനിയും അത് അപ്രകാരം തന്നെയായിരിക്കും. എന്നാൽ, ഇക്കാലഘട്ടത്തിൽ കേരളത്തിലെ ക്രൈസ്തവ സമൂഹം അഭിമുഖീകരിക്കുന്ന ചില പ്രതിസന്ധികളുണ്ട്. അവയെക്കുറിച്ചുള്ള ശരിയായ അവബോധം ക്രൈസ്തവർക്കുതന്നെ ഉണ്ടായിരിക്കുകയാണ് മുഖ്യമായ ആവശ്യം. അവയിൽ ഏറിയ പങ്കിന്റെയും പരിഹാരം ശരിയായ അവബോധത്തിലൂടെയും കൂട്ടായ പരിശ്രമത്തിലൂടെയും കണ്ടെത്താൻ കഴിയും. കേരളത്തിലെ ക്രൈസ്തവ പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിച്ച് സംസ്ഥാന സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ച കമ്മീഷൻ

www.malankaralibrary.com




ചെയർമാൻ ജസ്റ്റിസ് ജെ.ബി. കോശി പ്രത്യേക മായി മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശമാണ് ക്രൈ സ്തവ സമൂഹങ്ങൾക്കിടയിൽ രൂപപ്പെടേണ്ട ഐക്യം.

കേരളത്തിലെ ക്രൈസ്തവ സമൂഹത്തിന്റെ നിലനിൽപ്പ് കടുത്ത വെല്ലുവിളികൾ നേരിടുന്ന സാഹചര്യങ്ങൾ, അനിയന്ത്രിതമായി കുടിയേറ്റം വർധിക്കുന്ന അവസ്ഥ തുടങ്ങിയവ നിലവിൽ കുറഞ്ഞുകൊണ്ടിരിക്കുന്ന ക്രൈസ്തവ ജനസംഖ്യ വളരെവേഗം താഴാൻ ഇടയാക്കുകയും ക്രൈസ്ത വർ കേരളത്തിൽ അതീവ ദുർബ്ബല വിഭാഗമായി മാറുകയും ചെയ്യും എന്ന ഭീഷണി നിലനിൽക്കു ന്നുണ്ട്. ഇത്തരമൊരു ഭീഷണി വെല്ലുവിളിയാ കുന്നത് ക്രൈസ്തവ സമൂഹത്തിനു മാത്രമല്ല എന്നുള്ളതാണ് വാസ്തവം. കേരളത്തിലെ ക്രൈസ്തവ സമൂഹത്തിന്റെ ഇടപെടലുകളെ ദുർബ്ബലപ്പെടുത്താനും ഒട്ടേറെ സ്ഥാപനങ്ങളുടെ നടത്തിപ്പുകൾ പ്രതിസന്ധിയിലാകാനും അതി ടയാക്കും. കേരളത്തിലെ അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ തുടങ്ങിയവയിൽ വലിയൊരു ശതമാനവും ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിർണ്ണായക പങ്കും മറ്റ് ഒട്ടേറെ സാമൂഹിക പ്രവർത്തനങ്ങളി ലുള്ള വലിയ പങ്കാളിത്തവും കയ്യാളുന്ന ക്രൈ സ്തവ സഭകൾ ഇത്തരം പ്രവർത്തനങ്ങളിൽ നിന്ന് പിന്നാക്കം പോകുന്ന സാഹചര്യങ്ങൾ വലിയ സാമൂഹിക മാറ്റങ്ങൾക്കും പ്രതിസന്ധി കൾക്കും വഴിയൊരുക്കുമെന്ന് തീർച്ച. അക്കാരണ ങ്ങളാൽ തന്നെ, ഇന്ന് കേരളത്തിലെ ക്രൈസ്തവ സമൂഹം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും ആശങ്കകളെക്കുറിച്ചുമുള്ള ക്രിയാത്മകമായ വിചിന്തനം നമ്മുടെ ഉത്തരവാദിത്തംകൂടിയാണ്.

### പാരിസ്ഥിതിക പ്രതിസന്ധികൾ

കേരളത്തെ സംബന്ധിച്ച് പാരിസ്ഥിതി കമായ വെല്ലുവിളികളുടെ തോത് ഏറ്റവും ഉയർന്നു നിൽക്കുന്ന കാലഘട്ടമാണിത്. കഴിഞ്ഞ ഏതാനും വർഷക്കാലത്തെ വിവിധ അനുഭവങ്ങൾ പരിഗണി ച്ചാൽ, കേരളത്തിലെ ഗ്രാമീണ – കാർഷിക മേഖല കളിൽ ഏറിയപങ്കും പാരിസ്ഥിതികമായ കാരണ ങ്ങളാൽ അരക്ഷി താവസ്ഥയിൽ എത്തിച്ചേർന്നിരി ക്കുന്നതായി കാണാം. ആധുനിക കേരളത്തിലെ മലയോര മേഖലകളിൽ സംഭവിച്ച പ്രകൃതി ദുരന്ത ങ്ങളിൽ ഏറ്റവും വലുതിനാണ് ഈ വർഷം നാം സാക്ഷ്യം വഹിച്ചത്. 2018 ലെ അപ്രതീക്ഷിതമായ വെള്ളപ്പൊക്കത്തിന് ശേഷം ഓരോവർഷവും

www.malankaralibrary.com



കേരളത്തിലെ വിവിധ ജില്ലകളിൽ പൂർവ്വാധികം ശക്തമായ പ്രകൃതിദുരന്തങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. തീരദേശവാസികൾ സമാനമായ ദുരിതാവസ്ഥയിൽ എത്തിച്ചേർന്നിട്ട് വളരെ വർഷങ്ങളായി. വർഷംപ്രതി വർധിച്ചുകൊണ്ടിരിക്കുന്ന കടലാക്രമണങ്ങളും തീരശോഷണവും അവരുടെ ജീവിതം ദുസ്സഹമാക്കിയിരിക്കുന്നു.

പാരിസ്ഥിതിക വിഷയങ്ങൾ കേരളത്തിലെ ജനങ്ങളുടെ പൊതുവായ പ്രതിസന്ധികളാണെങ്കിലും ഇത്തരം മേഖലകളിൽ ഏറ്റവുമധികം അധിവസിക്കുന്ന ക്രൈസ്തവ വിഭാഗങ്ങളെ സംബന്ധിച്ച് അത് തനതായ അതിജീവന പ്രശ്നങ്ങൾ കൂടിയായി മാറുകയാണ്. എല്ലാത്തിനും പുറമെ, മലയോര വനാതിർത്തി പ്രദേശങ്ങളിലെ കാർഷിക മേഖലകളിൽ ഏറിയപങ്കും ക്രൈസ്തവ കുടിയേറ്റ മേഖലകൾ കൂടിയായതിനാൽ വന്യമൃഗ ശല്യവും വലിയ പ്രതിസന്ധിയായി മാറിയിരിക്കുന്നു. കാർഷികവൃത്തിയിലും ചെറുകിട വ്യാപാര വ്യവസായ മേഖലകളിലും ആയിരിക്കുന്ന സാധാരണക്കാരായ ജനങ്ങൾക്ക് അതിജീവിക്കാൻ കഴിയാത്ത അവസ്ഥ ഉടലെടുത്തുകഴിഞ്ഞു. ഇത്തരം കാരണങ്ങൾ പുതിയ തലമുറയുടെ വിദേശ കുടിയേറ്റത്തെ വലിയ രീതിയിൽ സ്വാധീനിച്ചിട്ടുണ്ട്. എല്ലാവിധത്തിലുമുള്ള സുരക്ഷിതത്വക്കുറവും സാമ്പത്തിക അസ്ഥിരതയും നാട്ടിൽ തുടരുന്നവർക്ക് മുന്നോട്ടുള്ള ജീവിതത്തിൽ പ്രതിബന്ധം സൃഷ്ടിക്കുന്നു. ഇത്തരം പലവിധകാരണങ്ങളാൽ വീടും സ്വത്തും നഷ്ടപ്പെട്ട് വലിയ പ്രതിസന്ധികളിൽ കഴിയുന്ന ഒട്ടേറെ കുടുംബങ്ങളും നമുക്കിടയിലുണ്ട്. അവർക്ക് സർക്കാർ പ്രഖ്യാപിച്ച നഷ്ടപരിഹാരവും ആനുകൂല്യങ്ങളും പോലും ഇനിയും ലഭിക്കാത്ത സാഹചര്യങ്ങളും നിലനിൽകുന്നു.

ഒരോവർഷം കഴിയുംതോറും വർധിച്ചുകൊണ്ടിരിക്കുന്ന പാരിസ്ഥിതിക പ്രതിസന്ധികൾക്ക് പരിഹാരമുണ്ടായില്ലെങ്കിൽ അത് കേരളസമൂഹത്തെ മൊത്തത്തിലും വിശിഷ്യാ ക്രൈസ്തവ സമൂഹത്തെയും വലിയ തകർച്ചയിലേക്ക് നയിക്കും. ഇവിടെ സംസ്ഥാന - കേന്ദ്ര സർക്കാരുകൾ ആത്മാർത്ഥമായ ജനപക്ഷ സമീപന ങ്ങൾ സ്വീകരിക്കുകയാണ് പരമപ്രധാനമായ ആവശ്യം. തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ ജീവിതോപാധികളും ഭവനവും നഷ്ടപ്പെട്ടവർക്ക് അർഹമായ നഷ്ടപരിഹാരം താമസം വിനാ ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകണം. പരിസ്ഥിതി ദുരന്തങ്ങൾ വഴിയായുള്ള കൂട്ടക്കുരുതി ആവർത്തിക്കാതിരിക്കാൻ ആവശ്യമായ പഠനങ്ങൾ നടത്തി പദ്ധതികൾ ആവിഷ്കരിക്കുകയും വേണം. തീരദേശവാസികളുടെ സുരക്ഷിതത്വവും ജീവിതോപാധിയും ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. വർധിച്ചുകൊണ്ടിരിക്കുന്ന വന്യമൃഗ ശല്യവും ആക്രമണങ്ങളും നിയന്ത്രിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കണം.

മലയാളികളുടെ ഉറക്കംകെടുത്തുന്ന ഇത്തരം പ്രതിസന്ധികളുടെ പരിഹാരത്തിന് സമൂഹത്തിന്റെയും സർക്കാരിന്റെയും കൂട്ടായ പരിശ്രമങ്ങൾ ആവശ്യമാണ്. സാമൂഹികവും സാമുദായികവുമായ ഐക്യം ഇത്തരംവിഷയങ്ങളുമായിബന്ധപ്പെട്ട് മലയാളികൾക്കിടയിൽ രൂപപ്പെടേണ്ടതുണ്ട്. ചില തല്പരകക്ഷികൾ പ്രചരിപ്പിക്കുന്ന തെറ്റിദ്ധാരണകളിൽ അകപ്പെട്ട് പരസ്പരം പഴിചാരുന്ന പ്രവണത അവസാനിപ്പിച്ച് കൂട്ടായ നീക്കങ്ങൾ ഉണ്ടാവുകയാണ് ആവശ്യം. പാരിസ്ഥിതികമായി സംഭവിക്കുന്ന മാറ്റങ്ങൾക്ക് ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരായ ജനങ്ങൾ യാതൊരു വിധത്തിലും തെറ്റുകാരാകുന്നില്ല. ചിലതൊക്കെ ആഗോള പ്രതിഭാസങ്ങളുടെ ഫലവും മറ്റു ചിലവ ശരിയായ പാരിസ്ഥിതിക ആഘാത പഠനങ്ങൾ കൂടാതെയുള്ള അശാസ്ത്രീയ നിർമിതികളുടെ ഫലവുമാണ്. അശാസ്ത്രീയ നിർമ്മിതികൾക്കും അനിയന്ത്രിത ഖനനങ്ങൾക്കും സർക്കാരും വൻകിട കമ്പനികളും ഉത്തരവാദികളാണ്. അതിനാൽത്തന്നെ ഇത്തരം പ്രതിസന്ധികൾ സാധാരണക്കാരായ ജനങ്ങളുടെ ജീവിതം വഴിമുട്ടിക്കുന്ന സാഹചര്യം ഉടലെടുക്കാൻ പാടുള്ളതല്ല. ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ കേരളത്തിലെ എല്ലാ ജനങ്ങളെയും ഈ പ്രതിസന്ധികൾ ഇന്നല്ലെങ്കിൽ നാളെ ഗുരുതരമായി ബാധിക്കും എന്നതിനാൽ, പരസ്പര സഹകരണത്തോടെയും സഹോദര്യത്തോടെയും നീങ്ങാൻ മലയാളികൾക്ക് കഴിയേണ്ടതുണ്ട്. ഈ വിഷയത്തിൽ കേരളത്തിലെ ക്രൈസ്തവ സഭകളുടെ ഐക്യത്തോടെയുള്ള നീക്കങ്ങളും ആവശ്യമാണ്.

### വിദ്യാഭ്യാസ ആരോഗ്യ മേഖലകൾ

വിദ്യാഭ്യാസ ആരോഗ്യ മേഖലകളിലെ നിർണ്ണായകമായ ഇടപെടലുകളാണ് കേരളത്തിലെ ക്രൈസ്തവ സഭകളുടെ സാമൂഹിക പ്രവർത്തന ചരിത്രത്തിന്റെ കാതൽ. സ്വാതന്ത്ര്യം ലഭിക്കുന്നതിന് ദശകങ്ങൾക്ക് മുമ്പ് മുതൽ ഈ മേഖലകളിൽ മിഷനറിമാരും തദ്ദേശീയ സഭാ സമൂഹ

www.malankaralibrary.com





ങ്ങളും നടത്തിയിട്ടുള്ള ഇടപെടലുകൾ സമാനത കളില്ലാത്തതാണ്. മറ്റു സമൂഹങ്ങളും സർക്കാരും പോലും പിൽക്കാലത്ത് മാതൃകയാക്കിയതും പിന്തുടർന്നതും അവയെയാണ്. ഇന്നും ഇത്തരം മേഖലകളിൽ ക്രൈസ്തവ സമൂഹങ്ങൾ നടത്തി വരുന്ന പ്രവർത്തനങ്ങൾ അവഗണിക്കാനാവാത്ത വയാണ്. തികഞ്ഞ സാമൂഹികപ്രതി ബദ്ധത യോടെ വിവിധ ക്രൈസ്തവ വിഭാഗങ്ങളുടെ നേതൃത്വത്തിൽ വിശിഷ്യാ കാത്തോലിക്കാ സഭ യുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന നൂറുക ണക്കിന് സ്ഥാപനങ്ങൾ കേരളത്തിന്റെ മുക്കിലും മൂലയിലുമുണ്ട്. പ്രത്യക്ഷമായോ പരോക്ഷമായോ ഇത്തരം സ്ഥാപനങ്ങളുടെ സേവനങ്ങൾ സ്വീകരി ക്കാത്ത മലയാളികളുണ്ടാകില്ല. ഇന്നത്തെ സാഹ ചര്യത്തിൽ സർക്കാർ കഴിഞ്ഞാൽ ഈ മേഖല കളിൽ ഏറ്റവുമധികം സേവനങ്ങൾ സമൂഹത്തിന് നൽകിക്കൊണ്ടിരിക്കുന്ന അതിബൃഹത്തായ ഒരു നെറ്റുവർക്കാണ് ക്രൈസ്തവർക്കുള്ളത് എന്നു പറയാം. എന്നാൽ ഈ മേഖലയിൽ വളരെയേറെ പ്രതിസന്ധികൾ സ്ഥാപന നേതൃത്വങ്ങളും സഭാ നേതൃത്വങ്ങളും അഭിമുഖീകരിക്കുന്നുണ്ട്.

കത്തോലിക്കാ സഭയ്ക്ക് മാത്രമായി ചെറുതും വലുതുമായി അഞ്ഞൂറോളം ആശുപത്രികളാണ് കേരളത്തിലുള്ളത്. പതിനയ്യായിരത്തില്പരം പേരെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യം ഈ ആശുപത്രികളിലുണ്ട്. ലക്ഷക്കണക്കിന് പേർ പ്രതിദിനം ഈ ആശുപത്രികളുടെ സേവനം തേടുന്നു. മറ്റു ക്രൈസ്തവ വിഭാഗങ്ങളുടെ ആശു പത്രികൾ കൂടി കൂട്ടിയാൽ കണക്കുകൾ ഇനിയും ഉയരും. അനാഥാലയങ്ങളും വൃദ്ധസദനങ്ങളും മനസികരോഗികൾക്കും ഭിന്നശേഷിക്കാർക്കും വേണ്ടിയുള്ള ഭവനങ്ങളുമായി ഓർഫനേജ് കൺ ട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള 1800-ൽപ്പരം സ്ഥാപനങ്ങളിൽ ഭൂരിപക്ഷവും ക്രൈ സ്തവ സ്ഥാപനങ്ങളാണ്. ഒരുലക്ഷത്തി ലേറെപ്പേർ അത്തരം സ്ഥാപനങ്ങളിൽ സ്ഥിരം അന്തേവാസി കളായി കഴിയുന്നുണ്ട്.

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ ബഹുഭൂ രിപ ക്ഷവും ലാഭം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന വയല്ല. പ്രവർത്തന ചെലവിനുള്ള പണം കണ്ടെ ത്തുകയെന്നത് ദുഷ്കരമായിട്ടും പിന്നാക്കം

www.malankaralibrary.com





പോകാതെ ജാതിമത ഭേദമന്യേ അർഹരായ സകലർക്കും സേവനം നൽകാൻ സന്നദ്ധമായ സ്ഥാപനങ്ങളാണ് അവ. ഈ പ്രവർത്തനമേഖലകളിലുള്ള നിയോഗം തിരിച്ചറിഞ്ഞുള്ള ക്രൈസ്തവ സമൂഹത്തിന്റെ നിർണ്ണായകമായ ഇടപെടലുകളാണ് കാലങ്ങളായി സമൂഹത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്. വളരെ മാതൃകാപരമായും സമാനതകളില്ലാത്ത രീതിയിലും നടന്നുവരുന്ന ഇത്തരം നൂറുകണക്കിന് സ്ഥാപനങ്ങൾക്ക് പിന്നിൽ ക്രൈസ്തവ സന്യാസിനിമാരുടെയും സന്യാസ സമൂഹങ്ങളുടെയും സഭാനേതൃത്വങ്ങളുടെയും സമർപ്പണമാണുള്ളത്. ഒരുപക്ഷെ മറ്റാർക്കും ചെയ്യാൻ കഴിയാത്ത സേവനമാണ് സമർപ്പിത സമൂഹം ഈ രംഗത്ത് ചെയ്തുകൊണ്ടിരിക്കുന്നത്. എന്നാൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ശരിയായ രീതിയിലുള്ള സമീപനം പലപ്പോഴും ഉണ്ടാകാതെ പോകുന്നത് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് വലിയ വെല്ലുവിളിയുയർത്തുന്നുണ്ട്.

ടാക്സ്, വൈദ്യുതി ബിൽ തുടങ്ങിയവയിൽ അർഹതപ്പെട്ട ഇളവുകൾ അനുവദിക്കാത്തതും പാലിയേറ്റിവ് കിറ്റുകൾ, ക്ഷേമ പദ്ധതികൾ തുടങ്ങിയവയിൽ ഇത്തരം ആശുപ്രതികളെ ഉൾപ്പെടുത്താത്താത്തതും വലിയ സാമ്പത്തിക ബാധ്യതയ്ക്ക് വഴിയൊരുക്കുന്നു. പൊല്യൂഷൻ കൺട്രോൾ ബോർഡ് ലൈസൻസ് ഫീ പോലുള്ള മറ്റു പലകാര്യങ്ങളിലും അശാസ്ത്രീയമായതും സൗഹാർദ്ദമില്ലാത്തതുമായ സമീപനം സർക്കാർ തുടരുന്നതിനാൽ അതും ലക്ഷക്കണക്കിന് രൂപ അധിക ബാധ്യതയ്ക്ക് വഴിയൊരുക്കുന്നു. അനാഥാലയങ്ങളിലും അഗതി മന്ദിരങ്ങളിലും അധിവസിക്കുന്നവർക്കുള്ള ക്ഷേമ പെൻഷൻ നിർത്തലാക്കിയതും അത്തരം സ്ഥാപനങ്ങളിൽ വലിയൊ രുപങ്കിനും അർഹമായ ഗ്രാന്റ് നൽകാത്തതും റേഷൻ വിതരണം പോലും പലപ്പോഴും തടസപ്പെടുന്നതും വലിയ പ്രതിസന്ധികളാണ്. കേരളത്തിലെ തെരുവുകളിൽ അലഞ്ഞുതിരിഞ്ഞു നടക്കുമായിരുന്ന പതിനായിരക്കണക്കിന് പേരെയും അവശരും ആലംബഹീനരുമായവരെയും ഏറ്റെടുത്ത് സംരക്ഷിക്കുന്ന ഇത്തരം സ്ഥാപനങ്ങളോടുള്ള സർക്കാരിന്റെ പ്രതിബദ്ധത ഒരിക്കലും പ്രകടിപ്പിക്കപ്പെടുന്നില്ല എന്നു മാത്രമല്ല, സമാനതകളില്ലാത്ത അവഗണനകളാണ് തുടരുന്നത്.

വിദ്യാഭ്യാസ മേഖലയിലെ ക്രൈസ്തവ സമൂഹത്തിന്റെ ഇടപെടലുകൾ വളരെ നിർണ്ണായകമെങ്കിലും അവിടെയും കടുത്ത അവഗണനയാണ് പലപ്പോഴും കണ്ടുവരുന്നത്. കേരളത്തിൽ സ്കൂൾ തലത്തിൽ പഠിച്ചു കൊണ്ടിരിക്കുന്ന കുട്ടികളിൽ എഴുപത് ശതമാനത്തിനടുത്ത് ആശ്രയിക്കുന്നത് എയ്ഡഡ്, അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ്. മൂവായിരത്തിലേറെ സ്കൂളുകളും 208 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമാണ് കത്തോലിക്കാസഭയ്ക്ക് കേരളത്തിലുള്ളത്. എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച് ശമ്പളം മാത്രമാണ് സർക്കാർ നൽകുക. മറ്റുള്ള യാതൊരുവിധത്തിലുള്ള ആനുകൂല്യങ്ങളോ പരിഗണനയോ പലപ്പോഴും എയ്ഡഡ് സ്കൂളുകൾക്ക് ലഭിക്കാറില്ല. ബജറ്റിൽ വിദ്യാഭ്യാസത്തിനായി നീക്കിവ

www.malankaralibrary.com



യ്ക്കാറുള്ള പണം ചെറിയ ശതമാനം വരുന്ന സർക്കാർ വിദ്യാലയങ്ങൾക്കായാണ് ചെലവഴിക്കപ്പെടാറുള്ളത്. സർക്കാരിന്റെ നയരൂപീകരണങ്ങളിൽ പോലും ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ദോഷകരമായ രീതിയിലുള്ള നിലപാടുകളാണ് പലപ്പോഴും സ്വീകരിക്കപ്പെടാറുള്ളത്. കോളേജുകളെ സംബന്ധിച്ച് അവയുടെ അഫിലിയേഷൻ സ്ഥിരപ്പെടുത്താൻ വിസമ്മതിക്കുന്നതും പുതിയ കോഴ്സുകൾക്ക് അനുമതി നൽകാത്തതും പ്രതിസന്ധികളായി മാറാറുണ്ട്. ധാരാളം വിദ്യാർഥികൾ ആഗ്രഹിക്കുന്ന കോഴ്സുകൾ പലതുണ്ടെങ്കിലും അത്തരം കോഴ്സുകൾക്ക് അനുമതി ലഭിക്കാൻ വലിയ തടസങ്ങൾ നിലനിൽക്കുന്നുണ്ട്. മാന്യമായ രീതിയിൽ ശമ്പളം നൽകാൻ മാനേജ്മെന്റുകൾക്ക് കഴിയുന്ന വിധത്തിൽ അൺഎയ്ഡഡ് കോഴ്സുകളിൽ ഫീസ് വർധന വരുത്താനുള്ള അപേക്ഷകളും സർക്കാർ ചെവിക്കൊണ്ടിട്ടില്ല.

ഇത്തരത്തിൽ കേരളത്തിലെ ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ നിർണ്ണായക ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുന്ന വലിയൊരു ശതമാനം സ്ഥാപനങ്ങൾ വലിയ പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരിക്കുന്നു. അനുകൂലമായ നിലപാടുകൾ സർക്കാർ സ്വീകരിക്കുന്ന പക്ഷം ഒട്ടേറെ സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിന് അത് സഹായകമാകും. ഇപ്രകാരം തുടരുന്ന പക്ഷം ഒട്ടേറെ സ്ഥാപനങ്ങൾ അടച്ചുപൂട്ടപ്പെട്ടേക്കാം. സർക്കാരിൽനിന്നുള്ള സാമ്പത്തിക സഹായങ്ങളേക്കാളുപരി സുഗമമായ നടത്തിപ്പിനുള്ള നയരൂപീകരണങ്ങളും സഹകരണങ്ങളും ഉണ്ടായിരിക്കുകയാണ്. അർഹിക്കുന്ന ഇളവുകളിൽനിന്ന് മാറ്റിനിർത്തപ്പെടുന്നതും സാമ്പത്തിക ബാധ്യത ഉയർത്തുന്ന നീക്കങ്ങളും തിരുത്തപ്പെടേണ്ടതുണ്ട്. ഈ മേഖലകളിൽ അനുകൂലമായ സർക്കാർ നിലപാടുകൾ ഉണ്ടാകുന്നതിന് ക്രൈസ്തവ വിഭാഗങ്ങൾക്കിടയിലുള്ള ഐക്യം ഗുണകരമാണ്. ഇതുപോലുള്ള ആയിരക്കണക്കിന് സ്ഥാപനങ്ങളുടെ നിലനിൽപ്പ് സമൂഹത്തിന്റെ സുസ്ഥിതിക്ക് അത്യന്താപേക്ഷിതമാണെന്ന ബോധ്യം പൊതുസമൂഹത്തിനും ജനപ്രതിനിധികൾക്കും ഉണ്ടാകേണ്ടതുമുണ്ട്.

**ഐക്യത്തെക്കുറിച്ചുള്ള അവബോധം**

കേരളത്തിലെ ക്രൈസ്തവ ജനത അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ മേൽപ്പറഞ്ഞ രണ്ടുതലങ്ങളിൽ ഒതുങ്ങുന്നവയല്ല. വളരെ പ്രത്യക്ഷമായതും പ്രധാനമായതുമായ രണ്ടുവശങ്ങൾ മാത്രമാണ് സൂചിപ്പിച്ചത്. ഭൂരിപക്ഷം വരുന്ന സാധാരണക്കാരായ ജനങ്ങളുടെ അതിജീവന പ്രശ്നങ്ങളും സഭാസമൂഹങ്ങളുടെ സാമൂഹിക ഇടപെടലുകളുടെ മേഖലയിലെ പ്രതിസന്ധികളും ഈ സമൂഹത്തിന്റെ ഭാവിയെക്കുറിച്ചുള്ള വലിയ ചോദ്യങ്ങൾ ഉയർത്തുന്നവയാണ്. കേരളത്തിൽ ജീവിക്കാനും നിലനിൽക്കാനും കഴിയില്ല എന്ന ചിന്ത അനേകരെ അന്യനാടുകളിലേയ്ക്ക് ചേക്കേറാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ പശ്ചാത്തലത്തിൽ, നാം ഇവിടെ നിലനിൽക്കേണ്ടവരും ഈ മണ്ണിന്റെ അവിഭാജ്യ ഘടകവുമാണെന്ന ബോധ്യത്തിലേയ്ക്ക് നാം വളരേണ്ടതുണ്ട്. അതിനാണ് ഐക്യത്തെക്കുറിച്ചുള്ള അവബോധം നമുക്കിടയിൽ രൂപപ്പെടേണ്ടത്. ഈ മണ്ണിൽ നാം തുടരേണ്ടത് ഈ ദേശത്തിന്റെകൂടി ആവശ്യമാണെന്ന ബോധ്യത്തിൽ വളരാൻ വരും തലമുറകൾക്ക് സാധിച്ചാൽ, മറ്റു പ്രതിസന്ധികളെയും അതിജീവിക്കാൻ നമുക്ക് സാധിക്കും.

ഒരുമിച്ചുള്ള മുന്നേറ്റം ഒട്ടേറെ പ്രതിസന്ധി കളുടെ പരിഹാരത്തിനുള്ള ആദ്യപടിയാണ്. വിഭാഗീയ ചിന്തകൾക്കും അനാവശ്യ തർക്കങ്ങൾക്കും ഇട നൽകാതെയും നിലവിലുള്ള അത്തരം സാഹചര്യങ്ങളെ തുടച്ചുനീക്കിയും ചർച്ചകൾക്കും സംവാദങ്ങൾക്കും വേദിയൊരുക്കുകയാണ് ആദ്യപടി. 'പരിഹാരങ്ങളില്ലാത്ത പ്രതിസന്ധികളോ, ഉത്തരമില്ലാത്ത ചോദ്യങ്ങളോ ഇല്ല' എന്ന യാഥാർഥ്യം ഉൾക്കൊണ്ടുകൊണ്ട് ദൈവാശ്രയബോധത്തോടെ മുന്നോട്ടുപോയാൽ ഇക്കാല ഘട്ടത്തിൽ നമ്മെ അസ്വസ്ഥതപ്പെടുത്തുന്ന എല്ലാ പ്രതിസന്ധികൾക്കും പരിഹാരം സുനിശ്ചിതം.



www.malankaralibrary.com

ഓർമ്മ

# ഹരിതഹൃദയൻ





റവ. ഫാ. ഷീൻ പാലക്കുഴി

'അന്തിമവിധിയിൽ ദൈവം ഇനി ആ പഴയ ചോദ്യം ചോദിക്കില്ല. വിശക്കുന്നവന് കൊടുക്കാതെ പോയ അപ്പം, ദാഹിക്കുന്നവന് പകരാതെ പോയ ജലം, നഗ്നന് നെയ്യാതെ പോയ അങ്കി, രോഗിക്ക് തട്ടിക്കളഞ്ഞ ഔഷധം, തടവറയിൽ നിഷേധിച്ച ആകാശം– ഇല്ല! ഒന്നും ചോദിക്കില്ല. പകരം ഒരേയൊരു ചോദ്യം: നീയൊരു മരം നട്ടിട്ടുണ്ടോ? അതിലായിരിക്കും നിങ്ങളുടെ വിധിയും ഭൂമിയുടെ വിധിയും നിശ്ചയിക്കപ്പെടാൻ പോകുന്നത്' (ഫാ. ബോബി ജോസ് കട്ടികാട്)

ഈ വരികൾ ധ്യാനിക്കുമ്പോൾ മനസ്സിലുണരുന്നതൊരു മഹാജ്ഞാനിയായ സന്യാസിയുടെ മുഖമാണ്. ധനതത്വശാസ്ത്രത്തിൽ ഒന്നാം റാങ്കോടെ ഉപരിപഠനം പൂർത്തിയാക്കി ഏറെനാൾ മാർ ഇവാനിയോസ് കോളേജിൽ പ്രധാനാധ്യാപകന്റെ വേഷമിട്ട് പിന്നീട് നാലു ദശാബ്ദക്കാലം മലങ്കര കത്തോലിക്കാസഭയുടെ തന്നെ അമരക്കാരനായിരുന്ന സ്വർഗ്ഗസ്ഥിതനും ഭാഗ്യസ്മരണാർഹനുമായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടേതാണ് ആ ഓർമ്മച്ചിത്രം.

തൊടികളിലെല്ലാം പളുങ്കുപോലെ നൈർമ്മല്യമുള്ള ജലസ്രോതസ്സുകൾ ധാരാളമുണ്ടായിരിക്കുകയും കുടിവെള്ളം കുപ്പിയിൽ നിറച്ചത് വിലകൊടുത്തു വാങ്ങണമെന്നത് ദിവസം മുഴുവൻ പൊട്ടിച്ചിരിക്കാനുള്ളൊരു തമാശയായി മാത്രം കാണുകയും ആഗോളതാപനവും

www.malankaralibrary.com



കാലാവസ്ഥാ വ്യതിയാനങ്ങളുമൊക്കെ അനേക നൂറ്റാണ്ടുകൾ കഴിഞ്ഞു മാത്രം സംഭവിക്കാനുള്ളതാണെന്ന് നമ്മുടെ നാട് വിശ്വസിക്കുകയും ചെയ്തിരുന്നൊരു കാലത്തു തന്നെ പ്രകൃതിക്കു കുടപിടിക്കാൻ ധാരാളം മരങ്ങൾ നട്ടുപിടിപ്പിക്കണമെന്നും ജൈവ വൈവിധ്യം വർദ്ധിപ്പിക്കണമെന്നു മൊക്കെ വാശിപിടിച്ച് ജീവിച്ചൊരാളായിരുന്നു വന്ദ്യ തിരുമേനി.

പ്രകൃതിക്ക് അന്യമായ ജീവിതശൈലികളിലൂടെ മാരക രോഗങ്ങൾക്കടിമയായി, വിഷം തീണ്ടിയ ഭക്ഷണക്രമങ്ങളിലൂടെ അകാലവാർദ്ധക്യം ബാധിച്ചവശരായ നമ്മുടെ തലമുറയ്ക്കായി അരനൂറ്റാണ്ടു മുമ്പേ ദൈവം അയച്ച പ്രവാചകനായിരുന്നു അദ്ദേഹം!

ഭൂമിമാതാവിനെ രക്ഷിക്കാൻ ഒരു ചാക്രിക ലേഖനമെഴുതേണ്ടി വരുമെന്ന് മാർപ്പാപ്പമാർ ചിന്തിച്ചു തുടങ്ങുന്നതിനും എത്രയോ മുൻപുതന്നെ തന്റെ പരിസരങ്ങളെ പ്രകൃതിയിലേക്ക് മടങ്ങാൻ നിർബന്ധിച്ചയാളായിരുന്നു തിരുമേനി.

അറിഞ്ഞതു ശരിയാണെങ്കിൽ എഴുപതുകളുടെ അവസാനത്തിലാണ്. ഞാനന്ന് ജനിച്ചിട്ടില്ല. കൊട്ടാരക്കരയ്ക്കടുത്തുള്ള അലക്കുഴി എന്ന ഞങ്ങളുടെ ഗ്രാമത്തിലൊരു കത്തോലിക്കാ പള്ളി വേണമെന്നുള്ള കുറെയേറെ ആളുകളുടെ ആഗ്രഹത്തെക്കുറിച്ചറിഞ്ഞ് അദ്ദേഹം വന്നു. ആളുകളെ നേരിട്ടു കണ്ടു. വീടുകൾ സന്ദർശിച്ചു. കൂട്ടത്തിലൊരു വീട്ടിൽ നിന്ന് പ്രത്യേകതകളൊന്നുമില്ലാത്ത തനി നാടൻ ഭക്ഷണം കഴിച്ച്, വലിയ കയറ്റിറക്കങ്ങളുള്ള നാട്ടുവഴികളിലൂടെ നടന്ന്, വഴിയോരത്ത് അദ്ഭുതത്തോടെ നോക്കി നിന്നവരോടെല്ലാം കുശലം പറഞ്ഞ്, ഒരു പകൽ മുഴുവൻ അവിടെ ചെലവഴിച്ച് ആ ഗ്രാമത്തെ ഹൃദയത്തിൽ സ്വന്തമാക്കി.

ചില മനുഷ്യർ അങ്ങനെയാണ്; സ്വന്തമാവാനും സ്വന്തമാക്കാനും അധികനേരം വേണ്ടിവരില്ല!

ഒരു വീടിന്റെ മുറ്റത്തെത്തിയാൽ അദ്ദേഹത്തിന്റെ ശ്രദ്ധ ആദ്യം പതിയുന്നത് തൊടിയിലാണ്. അവിടെയുള്ള കൃഷികൾ, പാഴായി കിടക്കുന്ന ഭൂമി, ഇനി അവിടെ ചെയ്യേണ്ട വിളകൾ, നടേണ്ട മരങ്ങൾ, ചെടികൾ തുടങ്ങിയവയെക്കുറിച്ചെല്ലാം ആഴമായ തന്റെ അറിവിന്റെയും പരിചയസമ്പത്തിന്റെയും വെളിച്ചത്തിൽ ദീർഘവീക്ഷണത്തോടെ ഒരുപാടു സംസാരിക്കും.

അങ്ങനെ അദ്ദേഹം വീട്ടിൽ നട്ടുവളർത്താൻ നിർബന്ധിച്ച കൊക്കോമരങ്ങൾ ഇപ്പോഴുമുണ്ട് പറമ്പിലങ്ങിങ്ങായി. എത്ര മുറിച്ചു കളഞ്ഞിട്ടും അവ ആരോടും അനുവാദം ചോദിക്കാതെ വീണ്ടും പൊട്ടിമുളയ്ക്കുകയും തളിർക്കുകയും പൂക്കുകയും പച്ചയും മഞ്ഞയും പഴങ്ങളാൽ സ്വയം അലങ്കരിച്ചു നിൽക്കുകയും ചെയ്യുന്നു.

തിരുമേനിയെക്കുറിച്ചുള്ള ഓർമ്മകൾ പോലെ തന്നെ!

തെയ്യാർദ് ഷർദാന്റെ ദൈവശാസ്ത്ര ചിന്തകളിലെ 'ദൈവത്തിലേക്കുള്ള യാത്രയിൽ മണ്ണിനെയും മരങ്ങളെയുമെന്നല്ല സമസ്ത ജീവജാലങ്ങളയും പ്രകൃതിയെ മുഴുവനായും തന്റെ അസ്തിത്വത്തിന്റെ ഭാഗമെന്ന് തിരിച്ചറിഞ്ഞ് ഉറവിടങ്ങളിലേക്കു മടക്കിക്കൊണ്ടു പോകാൻ ദൈവനിയോഗമുള്ളവനാണ് മനുഷ്യൻ' എന്ന ആശയം വന്ദ്യ തിരുമേനിയെ സ്വാധീനിച്ചിട്ടുണ്ടാവണം.

പ്രകൃതിയിലേക്ക് മടങ്ങണം എന്ന ചിന്ത വീണ്ടും വീണ്ടുമോർമ്മിക്കുമ്പോൾ ഹരിത ഹൃദയനായ ആ ഗുരുശ്രേഷ്ഠൻ തെരഞ്ഞെടുത്തതു പോലെ പ്രകൃതിക്കിണങ്ങിയ ഒരാത്മീയത വേണമെന്ന് ചിലപ്പോഴെങ്കിലും തോന്നാറില്ലേ?

കാലാന്തരത്തിൽ കണ്ടും കേട്ടും വായിച്ചുമറിഞ്ഞ ആ ജീവിതത്തിന്റെ സവിശേഷതകൾ ഹൃദയത്തിൽ എപ്പോഴും ഒരു നനവുണർത്തിയിരുന്നു. പച്ച മണ്ണിൽ ചവിട്ടി

www.malankaralibrary.com



നിൽക്കുന്നതിന്റെ ഒരു തണുപ്പ് പാദങ്ങളിൽ പടർത്തിയിരുന്നു. കാലമിത്ര കഴിഞ്ഞിട്ടും സുഗന്ധം പരത്താൻ ആ ഓർമകൾക്കു കഴിയുമെങ്കിൽ ആ യഥാർത്ഥ ജീവിതസൂനത്തിന്റെ സുഗന്ധം നിങ്ങൾക്കൂഹിക്കാവുന്നതേയുള്ളു. പ്രകൃതിയെന്നാൽ അദ്ദേഹത്തിന് മരങ്ങളും ചെടികളും മാത്രമായിരുന്നു എന്ന് തെറ്റിദ്ധരിക്കരുത്. എട്ടോ പത്തോ പതിറ്റാണ്ടു നീളുന്ന ഒരു പുരുഷായുസു കൊണ്ടു കണ്ടുമുട്ടാനും സംവദിക്കാനും കഴിയുന്ന എല്ലാ മനുഷ്യരും അദ്ദേഹത്തിന്റെ പ്രകൃതിയുടെ ഭാഗമായിരുന്നു. ചിലനേരങ്ങളിൽ ഒരു വിശ്വമാനവികതയുടെ പ്രവാചകനെക്കണക്ക് അദ്ദേഹത്തിൽ വേഷപ്പകർച്ചകൾ സംഭവിച്ചിട്ടുണ്ട്. ഒരു വൃക്ഷത്തെപ്പോലെ ആയിരം ചില്ലകളായിരുന്നു അദ്ദേഹത്തിന്. സൗഹൃദമായും ആദരമായും സ്നേഹമായും ആശ്വാസമായും ഐക്യദാർഢ്യമായു കരുണയായുമൊക്കെ ആ ചില്ലകൾ അനേകരെ ചെന്നു തൊട്ടു.

ആഴത്തിൽ വേരോടാത്തൊരു മരത്തിന് എങ്ങനെയാണ് ആയിരം ചില്ലകളുണ്ടാവുക. അദ്ദേഹത്തിന്റെ വേരുകൾ ആകാശങ്ങളിലേക്കും ചില്ലകൾ മണ്ണിലേക്കുമായിരുന്നു. വേരുകൾ ദൈവത്തിലും ഹൃദയം മനുഷ്യരിലുമായിരുന്നു എന്നു സാരം. പ്രാർത്ഥന കൂടാതെ കടന്നു പോയിരുന്ന ഒരു ദിവസവമുണ്ടായിരുന്നില്ല. പുതിയ മനുഷ്യരെ കണ്ടെത്താത്ത ദിനങ്ങളുമില്ല. അദ്ദേഹത്തിന്റെ വിരുന്നു മേശ ഒരിക്കലും ഒഴിഞ്ഞു കിടന്നിട്ടില്ല. വിഭവങ്ങളുടെ ബഹുലതയല്ല, വിളമ്പുന്നവന്റെ സ്നേഹമായിരുന്നു ആ മേശയുടെ സമൃദ്ധി. ആ സമൃദ്ധിയനുഭവിക്കാൻ അദ്ദേഹത്തിന്റെ പരിസരങ്ങൾക്കും സമകാലികർക്കും ഭാഗ്യമുണ്ടായി. ആ ചിറകിൻ കീഴിൽ വളരാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭാമക്കൾക്കും ഭാഗ്യമുണ്ടായി.

എൺപതുകളുടെ മധ്യത്തിൽ ഞങ്ങളുടെ നാട്ടിലേക്ക്, കൊട്ടരക്കരയിലേക്ക് അദ്ദേഹം വീണ്ടും വന്നു; പുതിയ ഇടവകപ്പള്ളി ആശീർവദിക്കാൻ. പക്ഷെ ആദ്യമായി നേരിട്ടു കണ്ട വെള്ളിത്താടിയുള്ളൊരു തിരുമേനിയെ കൃത്യമായി ഓർത്തെടുക്കാൻ അന്നത്തെ ഒരു മൂന്നു വയസ്സുകാരന്റെ ഓർമകൾക്കു ബലം പോരാ!

എന്നാൽ 1994 ഒക്ടോബർ പത്താം തീയതി ഒരു തിങ്കളാഴ്ച അദ്ദേഹം ഈ ലോകം വിട്ടു പോയ വാർത്ത ആകാശവാണിയുടെ പ്രാദേശിക വാർത്തകളിലൂടെ കേട്ടതും ഒരു ഗ്രാമം മുഴുവൻ അതു കേട്ട് അറിയാതെ നിശബ്ദമായതും നൊമ്പരമുണർത്തുന്ന ഓർമ്മകളായി അവശേഷിക്കുന്നു.



www.malankaralibrary.com



# സ്വർഗ്ഗീയ മന്ദഹാസം



പീറ്റർ സി. ഏബ്രഹാം

ഉരുകി ഉരുകി തീരുമ്പോഴും ആ മെഴുതിരി നാളം ചുറ്റുമുള്ള ഇരുട്ടിൽ ആവുന്നത്ര വെളിച്ചം വിതറാൻ പാടുപെട്ടു പിടയുകയായിരുന്നു. നിരാലം ബരെ തന്റെ ജീവിതത്തോട് എക്കാലവും ചേർത്തുനിർത്തി അവരുടെ സങ്കട മുഖങ്ങളിൽ ആശ്വാസത്തിന്റെ ചെറുപുഞ്ചിരി വിരിയിക്കാൻ സമർപ്പിത മായിരുന്ന ഫാദർ സ്കറിയ കൊച്ചുമുരുപ്പേലിന്റെ സ്നേഹജീവിതം ദൈവ ത്തിന്റെ അൾത്താരയിൽ ഒരു മെഴുകുതിരിപോലെ ഉരുകിത്തീർന്നു. തമ്പു രാന്റെ തൃക്കരങ്ങളിൽ മിഴികൾ പൂട്ടി സ്വച്ഛനിദ്രയിൽ ആണ്ടുകിടന്ന ആ ആചാര്യനെ ജനാവലി നിറകണ്ണുകളോടെ നോക്കിനിന്നത് ആ നറുപുഷ്പം സഭയുടെ ആരാമത്തിൽ നിന്നും അകാലത്തിൽ ഇറുത്തെടുക്കപ്പെട്ട വേദ നയോടെയല്ല. ജീവിതയാത്രയിൽ താൻ കണ്ടുമുട്ടിയ ഓരോ നിസ്വജന്മത്തേയും തന്റെ തണൽപ്പറ്റിലേക്ക് ചേർത്തുനിർത്തി പരിചരിച്ച ആ അപരിമേയ കാരുണ്യത്തിന്റെ നാൾവഴികൾ ഒന്നൊന്നായി ഓർത്തുപോയതുകൊണ്ടാണ്. 1995 മാർച്ച് 24-ന് നവാഭിഷിക്തനായ ആ കൊച്ചച്ചൻ ആദ്യമായി അയക്ക പ്പെട്ടത് തീർത്തും അവികസിതമായ മാർത്താണ്ഡം പ്രവിശ്യയിലെ പട്ടിണി പ്പാവങ്ങളുടെ പക്കലേക്കാണ്. നന്മ ചെയ്തുകൊണ്ട് ചുറ്റിസഞ്ചരിച്ച ക്രിസ് തുവിന്റെ കാരുണ്യവും പരസ്നേഹാർദ്രതയും വ്രതമുദ്രകളാക്കിയ അച്ചന് ആ പതിത ജനാവലിക്കൊപ്പമുള്ള വാസം അതീവഹൃദ്യമായിരുന്നു. കര ങ്ങളിൽ ഓരോ ചെമ്പനീർപ്പൂവുമായി മാർത്താണ്ഡത്തെ ആ പഴയ അജഗണം ഒന്നൊന്നായി കടന്നു വന്ന് മഞ്ചലിൽ കണ്ണീർപ്പൂക്കളോടൊപ്പം അവ സമർപ്പിച്ചു പിൻ വാങ്ങിയപ്പോൾ അവരുടെ ജീവിതത്തെ എല്ലാ അർത്ഥത്തിലും നവീകരിച്ചു വളർത്തിയ ഇടയനോ ടുള്ള പ്രതിനന്ദി അർപ്പണമായിരുന്നു.



സ്വന്തം ഇടവകയായ പുത്തൻപീടിക ദേവാലയത്തിലെ മദ്ബഹായ്ക്കു മുകളിൽ തൂങ്ങപ്പെട്ട ക്രിസ്തുവിന്റെ രൂപം നന്നേ കുഞ്ഞുനാൾ മുതൽക്കേ ആകർഷിച്ചിരുന്നു എന്ന് അച്ചൻ പറഞ്ഞിട്ടുണ്ട്. ക്രിസ്തു ജീവിച്ചതും മരിച്ചതും മറ്റു ള്ളവർക്കുവേണ്ടിയായിരുന്നു എന്ന തിരിച്ചറിവായിരുന്നു ആ ആകർഷകത്വത്തിനു പിന്നിൽ. അവസാന തുള്ളി നിണവും



www.malankaralibrary.com



ജലവും അപരന്റെ പരിത്രാണാർത്ഥം ഇറ്റിച്ച് പാരിനെ പവിത്രീകരിച്ച ആ രക്ഷാമൂർത്തി എക്കാലവും സ്കറിയാച്ചന്റെ ആത്മബലവും പ്രേരകശക്തിയുമായിരുന്നു. പഠന സാമർത്ഥ്യത്തിൽ അഗ്രഗണ്യനായിരുന്ന അച്ചൻ മേൽപഠനത്തിനായി റോമിലെ ഗ്രിഗോറിയൻ സർവ്വകലാശാലയിലേക്ക് അയക്കപ്പെട്ടപ്പോഴും പിന്നീട് അമേരിക്ക, ജർമ്മനി, സ്വിറ്റ്സർലന്റ് തുടങ്ങിയ ഇടങ്ങളിൽ അജപാലനധർമ്മം തുടർന്നപ്പോഴും അപരനുവേണ്ടി പ്രാണനർപ്പിക്കുന്ന ക്രിസ്തുവിന്റെ മാതൃക സ്വജീവിതത്തിലേക്ക് ആവാഹിക്കാൻ ഉത്സാഹിച്ചുകൊണ്ടിരുന്നു.

വിശുദ്ധിയുടെ ആൾരൂപമെന്ന് സെമിനാരിക്കാലം മുതൽക്കേ സതീർത്ഥ്യർ മനസാ പ്രകീർത്തിച്ചുപോന്ന എളിമയുടെയും വിനയത്തിന്റെയും വിധേയത്വത്തിന്റെ നേർക്കാഴ്ചയായിരുന്നു അദ്ദേഹം. എത്ര കടുത്ത പ്രതിസന്ധികളിലും അക്ഷോഭ്യതയുടെ മനമുറപ്പോടെ നിലകൊണ്ട അചഞ്ചല വിശ്വാസിയുമായിരുന്നു. ഒരു ഉത്തമ പുരോഹിതൻ ആരായിരിക്കണമെന്ന ദൈവജനത്തിന്റെ നിശിതമായ അന്വേഷണങ്ങളുടെ സമ്പൂർണ ഉത്തരമായിരുന്നു ആ മാതൃകാ ഇടയൻ. 'പ്രാർത്ഥനയാണ് എന്റെ ഹോബി' എന്നദ്ദേഹം മധുരമായി പുഞ്ചിരിതൂകി പറയാറുണ്ടായിരുന്നത് വെറുതെയായിരുന്നില്ല. സഹനം അദ്ദേഹത്തിനൊരു ഹരമായിത്തീർന്നിരിക്കുന്നുവെന്ന് ജനം അദ്ദേഹത്ത ചൂണ്ടിപ്പറഞ്ഞതും വെറുംവാക്കായിരുന്നില്ല. മുറിക്കപ്പെട്ട അപ്പമായ ക്രിസ്തുവിന്റെ സഹന തീവ്രതയായിരുന്നു എക്കാലത്തേയും അദ്ദേഹത്തിന്റെ ഇഷ്ടപ്പെട്ട ധ്യാനവിഷയം. മംഗലാപുരം സെമിനാരിയിലെ പഠനകാലത്ത് അവധിയുള്ള ദിവസങ്ങളിൽ അധികാരികളിൽ നിന്നും അനുമതി വാങ്ങി സ്കറിയാ ശെമ്മാശൻ ചുറ്റുപാടുമുള്ള പാവങ്ങളുടെ ചേരികളിലേക്ക് പോയി അവരെ സന്ദർശിച്ചിരുന്നു. അവരുടെ ശൂന്യഹസ്തങ്ങളിൽ ഒരു ചെമ്പുകാശുപോലും വച്ചുകൊടുത്ത് ആശ്വസിപ്പിക്കാനുള്ള വരുമാനം തനിക്ക് ഇല്ലാതെപോയല്ലോ എന്നദ്ദേഹം പരിതപിച്ചു. അതിന് അദ്ദേഹം പോംവഴിയും കണ്ടെത്തി. അവധിദിവസങ്ങളിൽ തോട്ടം തൊഴിലാളികളായ ബംഗാളികൾക്കൊപ്പം ശെമ്മാശനും കൂലി വേലക്കുപോയി. പകൽ മുഴുവൻ കൃഷിപ്പണി ചെയ്തു തളർന്ന് വൈകിട്ട് അന്നത്തെ പണിക്കൂലി തോട്ടം ഉടമയിൽ നിന്നു വാങ്ങി ആ തുക ചേരികളിലെ പാവങ്ങൾക്കദ്ദേഹം കൊണ്ടുപോയി കൊടുത്തിരുന്നു. പിന്നീട് യൂറോപ്പിലും അമേരിക്കയിലും മറ്റുമായി 18 കൊല്ലം സേവനം ചെയ്തുകിട്ടിയ സർവ്വധനവും പാവങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി കൊടുത്തുതീർത്തു. 'കഞ്ഞിയും ചമ്മന്തിയുമാണ് എന്റെ ആഡംബര ഭക്ഷണവിഭവങ്ങൾ' എന്ന് അദ്ദേഹം നർമ്മമധുരമായി പറഞ്ഞിരുന്നത് അക്ഷരാർത്ഥത്തിൽ സത്യമായിരുന്നു. Transit എന്നൊരു പദ്ധതി അച്ചൻ തന്നെ ആവിഷ്കരിച്ച് തന്റെ സർവ്വസമ്പാദ്യങ്ങളും അതിലൂടെയാണ് പാവങ്ങളിലേക്ക് എത്തിച്ചുകൊണ്ടിരുന്നത്. പഠിക്കാൻ മിടുക്കരായ 50 ദരിദ്രവിദ്യാർത്ഥികളെ ഓരോ വർഷവും ദത്തെടുത്ത് അവർക്ക് ബാങ്കിൽ അക്കൗണ്ട് തുറന്ന് 3 വർഷം അവർക്കുവേണ്ടി തുക നിക്ഷേപിച്ച് ഉപരിപഠനത്തിന് അവർക്ക് സഹായമാകത്തക്ക തരത്തിലുള്ള ക്രമീകരണമായിരുന്നു Transit. ഒരു കുട്ടിക്ക് വേണ്ടി ഇങ്ങനെ ഒരു ലക്ഷം രൂപ വരെയാണ് നിക്ഷേപിക്കപ്പെട്ടിരുന്നത്. ഓരോ ആഴ്ചയിലും അച്ചൻ ഈ കുട്ടികളെ സ്വിറ്റ്സർലാന്റിൽ നിന്നും ഫോൺ ചെയ്ത് അവരുടെ ആത്മീയവും പഠനപരവുമായ കാര്യങ്ങൾ കൃത്യമായി അന്വേഷിച്ചറിയുകയും മാതാപിതാക്കളുമായി ചർച്ച ചെയ്യുകയും ചെയ്തിരുന്നു. ഈ കുഞ്ഞുങ്ങൾക്ക് മാർഗനിർദ്ദേശങ്ങൾ നൽകാനും ക്യാമ്പുകൾ സംഘടിപ്പിക്കാനുമായി അച്ചൻ ഏറെ ത്യാഗപൂർവ്വം വിദൂരതയിൽ നിന്നും ക്രമബദ്ധമായി ഇവിടെ ഓടി എത്തുമായിരുന്നു. ഇവിടെ വന്നാൽ വെറുമൊരു സ്കൂട്ടറിലോ ബൈക്കിലോ ദുർഘടമായ മലയോരങ്ങളും ചേരികളും താണ്ടി ഈ പാവപ്പെട്ട കുഞ്ഞുങ്ങളുടെ ഭവനങ്ങൾ തേടിച്ചെന്ന് അവരെക്കണ്ട് വളർച്ചാഹേതുവായ വഴികൾ പറഞ്ഞുകൊടുത്ത് അവരെ അനുഗ്രഹിക്കുമായിരുന്നു. രക്താർബുദത്തിന്റെ മാരക വിഷാണുക്കൾ തന്നെ ഗ്രസിച്ചിരിക്കുന്നു എന്നറിഞ്ഞിട്ടും ഈ സേവനകരങ്ങൾ കൂടുതൽ ഉത്സാഹഭരിതമായതേയുള്ളൂ! സ്വന്തം ചികിത്സക്കുവേണ്ടി കിട്ടിയ പണത്തിൽ അത്യാവശ്യത്തിനു മാത്രം എടുത്ത് ബാക്കിയെല്ലാം തുടർന്നും അച്ചൻ ക്യാൻസർ രോഗികൾക്കും ഡയാലിസിസ് രോഗി കൾക്കുമായി വീതിച്ചുകൊടുത്തുകൊണ്ടിരുന്നു. ഇങ്ങനെ സഹായം

www.malankaralibrary.com



ലഭിച്ചവരുടെ എണ്ണം ആയിരത്തിൽപരമാണ് എന്നോർക്കണം. വലംകൈ ചെയ്യുന്നത് ഇടംകൈപോലും അറിയരുതെന്നുള്ള രഹസ്യാത്മകതയോടെയാണ് അച്ചൻ ഈ സേവനങ്ങളെല്ലാം ചെയ്തിരുന്നത് എന്നും ഓർക്കണം.

ഓരോ അണുവിലും സൂചി കുത്തിത്തറയ്ക്കുന്നത്ര തീവ്രവേദന സമ്മാനിക്കുന്ന രക്താർബുദ ബാധയിലും എത്ര പ്രത്യാശാഭരിതമായിരുന്നു ആ ഹൃദയം. 75 കിലോ ശരീര ഭാരത്തിൽ നിന്നും 40 കിലോയിലേക്ക് കുത്തനേ വീണ് ഓജസ്സും രൂപലാവണ്യവുമെല്ലാം കവർന്നെടുക്കുന്ന രോഗാതുരതയുടെ നടുവിലും ആ മുഖത്തു വിരിയുന്ന സംതൃപ്തിയുടെ ഒരു നിറഞ്ഞ ചിരിയുണ്ടായിരുന്നു. തന്റെ ചുറ്റും വന്നു നിറഞ്ഞ സന്ദർശകരെ നോക്കി കൈകൂപ്പി സ്കറിയാ കൊച്ചുമുരുപ്പേലച്ചൻ പറഞ്ഞ ഈ അവസാനമൊഴികൾപോലും ക്രിസ്തുനാഥനോട് അനുരൂപപ്പെടാനുള്ള അദ്ദേഹത്തിന്റെ തീവ്രാദിലാഷം വ്യക്തമാക്കുന്നു. 'ഗത്സമനിയിൽ കർത്താവ് രക്തം വിയർത്തു. ഈ ലോകം എന്നേയും എന്റെ വചനത്തേയും തള്ളിക്കളയുന്നു; കുരിശിൽ തറച്ചുകൊന്ന് പാതാളത്തിലേക്ക് താഴ്ത്താൻ ആഗ്രഹിക്കുന്നു. അതിന്റെ വേദന ആയിരിക്കാം ആ രക്തം വിയർക്കലിന്റെ പിന്നിലെ ചിന്ത. ആ പുത്രന്റെ കരച്ചിൽ ദൈവം കേട്ടു. പക്ഷേ പിതാവ് പ്രത്യുത്തരിച്ചത് പീഡകളിൽ നിന്നും മരണത്തിൽ നിന്നും മാറിനിൽക്കാനല്ല, ഈ സഹന പീഡകളിലൂടെ – മരണത്തിലൂടെ എന്റെ ഏകജാതൻ മഹത്വത്തിലേക്ക് പ്രവേശിക്കണം. അവൻ ജീവൻ ഉറവിടമായി മനുഷ്യർക്ക് ആയിത്തീരണം. പിതാവ് അതാണ് ആഗ്രഹിച്ചത്. യേശു അപ്പോൾ വിചാരിച്ചതുപോലെയല്ല ഒരുപക്ഷേ പിതാവ് പ്രവർത്തിച്ചത്. പ്രാർത്ഥിക്കുന്നവനെ ദൈവം അനുസരിക്കുകയാണോ വേണ്ടത്, ദൈവത്തെ വിളിച്ചു പ്രാർത്ഥിക്കുന്നവൻ അനുസരിക്കുകയാണോ വേണ്ടത്? നമ്മളെ ദൈവം അനുസരിക്കേണ്ട കാര്യമില്ല. നമ്മൾ ദൈവത്തെയാണ് അനുസരിക്കേണ്ടത്. നിന്റെ വേദനകളും പ്രയാസങ്ങളും ഹൃദയത്തിന്റെ അഭിലാഷങ്ങളും നീ പറയണം. പറയാതിരിക്കരുത്. മറ്റാരോടാണ് നമുക്ക് പറയാനുള്ളത്. എന്റെ ദൈവം കേൾക്കും. പക്ഷേ നീ പറയുന്നതു പോലെ എല്ലാം സംഭവിക്കണമെന്നില്ല. നീ സൗഖ്യത്തിനുവേണ്ടി പ്രാർത്ഥിച്ചാൽ സൗഖ്യം കിട്ടിയില്ലെന്നിരിക്കും. നീ ജീവനു വേണ്ടി പ്രാർത്ഥിച്ചാൽ മരണം കണ്ടെത്തിയെന്നിരിക്കും. പക്ഷേ ദൈവം നിന്റെ പ്രാർത്ഥന, യാചന, നിന്റെ ഹൃദയത്തിന്റെ നൊമ്പരങ്ങൾ കേൾക്കുന്നു, അറിയുന്നു. ദൈവം നിനക്ക് നന്മയായിട്ടുള്ളത് ചെയ്തുകൊള്ളും'.




**First Birthday in Heaven 14-10-2024**



**THRESIAMMA ABRAHAM**

**W/o. ABRAHAM PHILIP Thottumkal**

**Thottumkal (H), Chembumukku, Kochi-30**

**Born: 06-01-1945 Died: 14-10-2023**

"സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട് അവനു ശിക്ഷവിധി ഉണ്ടാവില്ല. പ്രത്യുത അവൻ മരണത്തിൽ നിന്ന് നിത്യ ജീവനിലേക്ക് കടന്നിരിക്കുന്നു."(യോഹ:5:24)

www.malankaralibrary.com



# വി.അൽഫോൻസ് ലിഗൂരി



റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ



**ആമുഖം**

റിഡംപ്റ്ററിസ്റ്റ് (CSsR) സന്യാസ സമൂഹ സ്ഥാപകനും സർവത്രിക സഭയിലെ എക്കാലത്തെയും പ്രഗത്ഭനായ ധാർമ്മിക ദൈവശാസ്ത്രജ്ഞന്മാരിൽ ഒരാളായി അറിയപ്പെടുകയും ചെയ്യുന്ന വി. അൽഫോൻസ് ലിഗൂരി ഒരു ബഹുമുഖ പ്രതിഭയായി രുന്നു. ഇറ്റലിയിലെ സാന്ത അഗത്തി ദേയി ഗോത്തി രൂപതയിലെ ബിഷപ്പും, ആത്മീയ ആചാര്യനും, ചിന്തകനും, കവിയും, സംഗീതജ്ഞനും ഒക്കെയായി അറിയപ്പെട്ടിരുന്ന അദ്ദേഹം വലിയ ആത്മീയ ഔന്നത്യം കൈവരിച്ചത് അനുദിനം വിശുദ്ധിയിൽ ജീവിച്ചതുകൊണ്ടാണ്. ഇന്നും ആഗോളസഭയിൽ വ്യാപകമായി ഉപയോഗിച്ചുവരുന്ന കുരിശിന്റെ വഴി, വി. കുർബാന സന്ദർശന പ്രാർത്ഥന, നിരവധി മരിയൻ പ്രാർത്ഥനകൾ, നമുക്ക് ലഭ്യമായിരിക്കുന്നത് അദ്ദേഹത്തിന്റെ തൂലികയിലൂടെയാണ്. "നന്നായി പ്രാർത്ഥിക്കാനുള്ള അനുഗ്രഹത്തിനായാണ് നാം പ്രാർത്ഥിക്കേണ്ടത്" എന്ന് പഠിപ്പിച്ച ഈ വിശുദ്ധൻ തന്റെ ദൈവത്തിന് സമർപ്പിച്ച ആളാണ്. കുമ്പസാരക്കാരുടെയും ധാർമ്മിക ദൈവശാസ്ത്രജ്ഞരുടെയും മധ്യസ്ഥനായ അദ്ദേഹം ധാർമ്മിക ദൈവശാസ്ത്ര സത്യങ്ങളുടെ പ്രായോഗിക മാനങ്ങൾ മനസ്സിലാക്കി വിവരിച്ച പണ്ഡിതൻ കൂടി

www.malankaralibrary.com



യാണ്. സമ്പന്ന കുടുംബത്തിൽ ജനിച്ചുവെങ്കിലും പാവനങ്ങളോടും പരിത്യക്തരോടുമൊത്തു ജീവിക്കാനും അവരെ സഹായിക്കാനുമാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്. ജാൻസനിസം എന്ന വേദവിപരീതത്തെ നേരിടുന്നതിനായി സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളെ അടിസ്ഥാനമാക്കി ധാർമ്മിക ദൈവശാസ്ത്രം വിശദീകരിച്ചു ദൈവത്തിന്റെ കരുണയും സ്നേഹവും അനേകർക്ക് അദ്ദേഹം പകർന്നു നൽകി. ഒരു കുമ്പസാരക്കാരന് ആവശ്യമായത് ആഴമായ ദൈവബന്ധം ആണെന്നും ഇതുവഴി മാത്രമേ തന്റെ അരികിൽ എത്തുന്ന അനുതാപികൾക്ക് വൈദ്യനും, വിധികർത്താവും, സൗഖ്യദായകനും ആയി വർത്തിക്കാൻ സാധിക്കൂ എന്നും അദ്ദേഹം വാദിച്ചു. നാല് പ്രാവശ്യം അന്ത്യകൂദാശ സ്വീകരിച്ച അദ്ദേഹം ജീവിതത്തിലുടനീളം രോഗങ്ങളോട് നിരന്തരം പടവെട്ടിയാണ് വിശുദ്ധിയുടെ പടവുകൾ കയറിയത്. അസാധാരണമായ അച്ചടക്കം ജീവിതത്തിൽ പാലിച്ച അൽഫോൻസ് തന്റെ ജീവിതത്തിലെ ഒരു നിമിഷം പോലും വൃഥാ ചിലവഴിക്കില്ല എന്നു പ്രതിജ്ഞ ചെയ്തിരുന്നു. കൂടാതെ തന്റെ എല്ലാ പ്രാർത്ഥനകളും മുടക്കമില്ലാതെ നടത്തുകയും അരമണിക്കൂർ വീതം മൂന്ന് പ്രാവശ്യം ദിവസവും ധ്യാനിക്കുകയും ചെയ്തിരുന്നു. അൽഫോൻസ് മരിയ ലിഗൂരി എന്ന ബഹുമുഖ പ്രതിഭയെ അടുത്തറിയുന്നത് നമ്മുടെ ജീവിതത്തെ കൂടുതൽ ധന്യവത്താക്കിതീർക്കും എന്ന് സംശയലേശമെന്യേ പറയാവുന്നതാണ്.

**ജനനം, വിദ്യഭ്യാസം, ബാല്യകാലം**

ഇന്നത്തെ ഇറ്റലി പ്രദേശത്തിന്റെ ഭാഗമായിരുന്ന നേപ്പിൾസ് രാജ്യത്തിലെ മരിയനെല്ല പട്ടണത്തിൽ 1696 സെപ്റ്റംബർ 27-നാണ് വി. അൽഫോൻസ് ലിഗൂരി ജനിച്ചത്. അദ്ദേഹം ജനിച്ച ലിഗൂരി കുടുംബത്തിന്റെ ഭവനവും അതിനോട് ചേർന്നുള്ള ഒരു മ്യൂസിയവും ഇന്നും അവിടെ നിലനിൽക്കുന്നുണ്ട്. അൽഫോൻസിന്റെ പിതാവ് ജോസഫ് ലിഗൂരി ഒരു ഉന്നത നാവിക ഉദ്യോഗസ്ഥനായിരുന്നു. അമ്മ അന്ന കവലിയേരി തന്റെ ക്രിസ്തീയ വിശ്വാസം ഏറ്റം ശ്രേഷ്ഠതയോടെ ജീവിച്ചവളും മക്കളെ അച്ചടക്കത്തിലും ദൈവഭക്തിയിലും വളർത്തിയവളുമായിരുന്നു. ജനിച്ചതിന്റെ രണ്ടാം ദിവസം അൽഫോൻസിനു ഇടവക ദേവാലയത്തിൽ വച്ച് ജ്ഞാനസ്നാനം നല്കി. അദ്ദേഹത്തിന്റെ ജ്ഞാനസ്നാന നാമം അൽഫോൻസസ് മേരി ആന്റണി ജോൺ ഫ്രാൻസിസ് കോസ്മസ് ഡാമിയൻ മൈക്കലാഞ്ചലോ ഗാസ്പർ ദെലിഗൂരിഎന്നായിരുന്നു. പ്രഭു കുടുംബമായിരുന്നുവെങ്കിലും ഇവർ സമ്പന്നരൊന്നുമായിരുന്നില്ല എന്നു ജീവചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. അദ്ദേഹത്തിന്റെ സഹോദരങ്ങളിൽ രണ്ടു പേർ വൈദികരും രണ്ടുപേർ സന്യാസിനികളും ആയിരുന്നു. ഫാ. അൽഫോൻസും, ബെനഡിക്റ്റീൻ സന്യാസ വൈദികനായിരുന്ന ഫാ. ആന്റണിയും, രൂപതാവൈദികനായിരുന്ന ഫാ. കയത്താനും, സി. മേരി ലൂയിസും, സി. മേരി ആനും ഈ കുടുംബത്തിന്റെ പ്രാർത്ഥനയുടെയും വിശുദ്ധിയുടെയും പ്രതീകങ്ങളായിരുന്നു.

ജീവിതകാലം മുഴുവൻ വിവിധ ആരോഗ്യ പ്രശ്നങ്ങൾ നേരിട്ട അൽഫോൻസിന് ചെറുപ്പത്തിൽ കണ്ണിന്റെ രോഗങ്ങൾ കാരണം പുസ്തകങ്ങൾ വായിക്കുന്നതിനും മറ്റും സാധിച്ചിരുന്നില്ല. ഇക്കാരണത്താൽ പ്രഭുകുടുംബത്തിലെ അംഗങ്ങൾക്ക് നിർബന്ധമായിരുന്ന സൈന്യസേവനത്തിന് അദ്ദേഹത്തിന് സാധിച്ചില്ല. അൽഫോൻസ് നിയമം പഠിച്ചു നല്ലൊരു ജോലി സമ്പാദിക്കുന്നതിലായിരുന്നു കുടുംബത്തിന്റെ താത്പര്യം. നേപ്പിൾസ് സർവ്വകലാശാലയിൽ ഉന്നതവിദ്യാഭ്യാസത്തിന് അയക്കുന്നതിനു മുൻപായി അദ്ദേഹത്തിന്റെ പിതാവ് പ്രത്യേക അദ്ധ്യാപകരെ നിയോഗിക്കുകയും അതുവരെ അറിയേണ്ട കാര്യങ്ങൾ പഠിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്തു. കഠിനാദ്ധ്വാനവും ബുദ്ധിയും സംഗമിച്ചപ്പോൾ അൽഫോൻസ് തന്റെ പതിനാറാമത്തെ വയസ്സിൽ സഭാനിയമത്തിലും സിവിൽ നിയമത്തിലും ഉന്നതബിരുദങ്ങൾ സമ്പാദിച്ചു.

**മികച്ച അഭിഭാഷൻ**

വി. അൽഫോൻസ് ലിഗൂരിയ്ക്ക് പതിനെട്ട് വയസ്സായ സമയത്താണ് അവിടെ അക്കാലത്തു സജീവമായിരുന്ന കാരുണ്യമാതാവിന്റെ സഹോദരസംഘം എന്ന സംഘടനയിലെ അംഗമായി ചേർന്നത്. പാവപ്പെട്ട രോഗികളെ പരിചരിക്കുന്ന ഒരു സന്നദ്ധസംഘടനയായിരുന്നു ഇത്. ചെറുപ്പക്കാരനും ബുദ്ധിമാനുമായ അൽഫോൻസ് വളരെ പെട്ടെന്ന് തന്നെ ആ പ്രദേശത്തെ പേരെടുത്ത ഒരു അഭിഭാഷകനായിത്തീർന്നു. എന്നാൽ ഈ ജോലി അദ്ദേഹം ആഗ്രഹിച്ച ആത്മസംതൃപ്തി നൽകിയില്ല. അൽഫോൻസ് തന്റെ ഒരു സുഹൃത്തിനെഴുതിയ കത്തിൽ ഇപ്രകാരം പറയുന്നു: 'എന്റെ കൂട്ടുകാരാ, ഞങ്ങളുടെ ജോലി വെല്ലുവിളികളും അപകടങ്ങളും നിറഞ്ഞതാണ്. സന്തോഷകര

www.malankaralibrary.com



മല്ലാത്ത ഈ ജീവിതത്തിൽ മരണത്തിന്റെ സാധ്യത ഒളിഞ്ഞിരിക്കുന്നു'. അങ്ങനെ വിജയകരമായി മുന്നേറുന്ന അവസരത്തിൽ എട്ടുവർഷത്തിനിടയിൽ തന്റെ ഇരുപത്തേഴാമത്തെ വയസ്സിൽ അഭിഭാഷകനെന്ന നിലയിൽ ആദ്യമായി ഒരു നിയമപോരാട്ടത്തിൽ അദ്ദേഹം പരാജയപ്പെട്ടു. ഇത് വലിയ ആഘാതമായി പരിണമിക്കുകയും അതുവരെ നേടിയ വിജയങ്ങളെ ഇല്ലാതാക്കി എന്ന് അദ്ദേഹം തിരിച്ചറിയുകയും ചെയ്തു. കൂടാതെ ഇക്കാലയളവിൽ "ലോകത്തെ ഉപേക്ഷിച്ചുകൊണ്ട് നിന്റെ ജീവിതം എനിക്കായ് സമർപ്പിക്കുകയും ചെയ്യുക" എന്നൊരു ഉൾപ്രേരണ ദൈവത്തിൽ നിന്നും അദ്ദേഹത്തിന് ഉണ്ടാവുകയും ചെയ്തു.

അഭിഭാഷകനായി ജോലിചെയ്തിരുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ ആത്മീയ ജീവിതത്തിൽ അസാധാരമായി ഒന്നും സംഭവിച്ചിട്ടുണ്ടായിരുന്നില്ല. എന്നാൽ 1722-ൽ അൽഫോൻസ് വലിയൊരു മാറ്റത്തിന് തന്നെ വിട്ടുകൊടുത്തു. ഇതിന് കാരണമായി ഭവിച്ചത് വിൻസെൻഷ്യൻ സന്യാസിമാരുടെ നേതൃത്വത്തിൽ അവിടെ നടന്ന ഒരു ധ്യാനമാണ്. ദൈവത്തെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നതിനേക്കാൾ വലുതായി ഒന്നുമില്ലെന്ന് ഈ അവസരത്തിൽ അദ്ദേഹത്തിന് ബോധ്യമായി. അതിനായി തന്റെ ഇഷ്ടങ്ങളും അനിഷ്ടങ്ങളും മാറ്റി വയ്ക്കണമെന്നും പാതിമനസ്സോടെ ചെയ്യുന്ന ഒരു കാര്യത്തിനും കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കില്ലെന്നും അദ്ദേഹം തിരിച്ചറിഞ്ഞു. ഈ ദൈവീക അനുഭവത്തെയും ഉൾക്കാഴ്ചയെയും ഉൾക്കൊണ്ട് അദ്ദേഹം പതിവായി വിശുദ്ധ കുർബാന സന്ദർശനം നടത്താൻ ആരംഭിച്ചു. തന്റെ മകനിൽ മാറ്റങ്ങൾ ഉണ്ടാകുന്നു എന്ന് തിരിച്ചറിഞ്ഞ അൽഫോൻസിന്റെ പിതാവ് രണ്ടു പ്രാവശ്യം വിവാഹാലോചനകൾ നടത്തി. ജീവിതകാലം മുഴുവൻ ബ്രഹ്മചാരിയായിരിക്കാൻ അൽഫോൻസ് ഇതിനകം തീരുമാനിച്ചിരുന്നു. പിതാവിൽ നിന്നും സമ്മർദ്ദമുണ്ടായപ്പോൾ അദ്ദേഹത്തിനുണ്ടായിരുന്ന ആസ്മ രോഗം വിവാഹത്തിൽ നിന്നും പിന്തിരിയാനുള്ള കാരണമായി അദ്ദേഹം ഉപയോഗിച്ചു.

### പൗരോഹിത്യ ശുശ്രൂഷ

എ.ഡി. 1723-ൽ വി. അൽഫോൻസ് ലിഗൂരി വി. ഫിലിപ്പ് നേരിയുടെ ഓറട്ടറിയിൽ ചേർന്ന് ഒരു പുരോഹിതനാകാൻ തീരുമാനിച്ചു. എന്നാൽ അദ്ദേഹത്തിന്റെ പിതാവ് ആദ്യം ഈ ഉദ്യമത്തെ ശക്തമായി എതിർത്തു. സാവധാനം പിതാവിന്റെ



മനോഭാവത്തിൽ മാറ്റം ഉണ്ടാവുകയും രണ്ടു മാസത്തിനു ശേഷം അദ്ദേഹം തന്റെ മകൻ ഈ ആശ്രമത്തിൽ ചേരാൻ അനുവാദം നൽകുകയും ചെയ്തു. പഠനകാലയളവിൽ വീട്ടിൽ താമസിക്കാനുള്ള അനുവാദം ഒത്തുതീർപ്പിന്റെ ഭാഗമായി അദ്ദേഹം അധികാരികളിൽ നിന്നും നേടിയെടുത്തിരുന്നു. അങ്ങനെ 1726 ഡിസംബർ 21-ന് തന്റെ മുപ്പതാമത്തെ വയസ്സിൽ അൽഫോൻസ് വൈദികനായി അഭിഷിക്തനായി. നേപ്പിൾസ് നഗരത്തിലെ അനാഥരുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും കൂടെയാണ് അദ്ദേഹം തന്റെ ആദ്യവർഷങ്ങൾ ചിലവഴിച്ചത്. ഇത് നഗരത്തിൽ അദ്ദേഹത്തിനു വലിയ പ്രശസ്തി ഉണ്ടാവുന്നതിന് ഇടയാക്കി. എന്നാൽ അദ്ദേഹം അതിൽ ആനന്ദം കണ്ടെത്തുകയോ അഹങ്കരിക്കുകയോ ചെയ്യാതെ തന്റെ ദൗത്യം തുടർന്നു.

അൽഫോൻസിന്റെ പ്രസിദ്ധമായ പ്രസംഗങ്ങൾ അറിവില്ലാത്തവർക്ക് പോലും മനസ്സിലാകുന്ന തരത്തിൽ ലളിതമായിരുന്നു. തെരുവുകളിൽ പ്രസംഗിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ

www.malankaralibrary.com



മിഷൻ പ്രവർത്തനം തുടങ്ങിയത്. എന്നാൽ അദ്ദേഹത്തിന്റെ ഒരു സഹായിക്ക് ഇക്കാലയളവിൽ ചിലർ പ്രശ്നങ്ങൾ സൃഷ്ടിച്ചപ്പോൾ ഇത് ഭവനങ്ങളിലേക്ക് മാറ്റുകയും അത് പിന്നീട് ചാപ്പലുകളിലേക്ക് മാറ്റുകയും ചെയ്തു. ഇതേ തുടർന്ന് ആളുകളുടെ പ്രാർത്ഥനാ ആവശ്യങ്ങൾ നിറവേറ്റുക എന്ന ലക്ഷ്യത്തോടെ സായാഹ്ന ചാപ്പലുകൾ ആരംഭിച്ചു. ഈ പ്രാർത്ഥനാ ഭവനങ്ങളുടെ നടത്തിപ്പ് യുവജനങ്ങൾക്കായിരുന്നു. സാമൂഹികവും വിദ്യാഭ്യാസ പരവുമായ മാറ്റങ്ങൾക്ക് ഉതകുന്ന മാതൃകാ സ്ഥാപനങ്ങളായി ഇവയൊക്കെ വളരെ വേഗം വളർന്നു. (അദ്ദേഹത്തിന്റെ മരണസമയത്ത് പതിനായിരം പേരോളം സംബന്ധിച്ചിരുന്ന ഇത്തരത്തിലുള്ള 72 ചാപ്പലുകൾ ഉണ്ടായിരുന്നു). വിശ്വാസ ജീവിതത്തിൽ നിന്നും വ്യതിചലിച്ചിരുന്ന അനേകരെ ക്രിസ്തുവിലേക്കുംസഭയിലേക്കും തിരികെ കൊണ്ടുവരുന്നതിന് ഇതിലൂടെ സാധിച്ചു.

**സന്യാസ സമൂഹ സ്ഥാപനം**

വി. അൽഫോൻസും മറ്റുചില വൈദികരും എല്ലാ മാസവും രണ്ടു മൂന്ന് ദിവസത്തെ അവധി എടുത്ത് നഗരത്തിന് പുറത്തുള്ള ഒരു ഏകാന്ത സ്ഥലത്ത് പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി പോവുക പതിവായിരുന്നു. അൽഫോൻസിന്റെ ഏറ്റം വലിയ സഹായിയായിരുന്ന തോമസ് ഫൽകോയിയ എന്ന വൈദികനായിരുന്നു എല്ലാവരുടെയും ആത്മീയ പിതാവായി വർത്തിച്ചത്. എന്നാൽ ഈ വൈദികൻ 1730-ൽ കാസ്തല്ലമാരെ രൂപതയുടെ ബിഷപ്പായിതിരഞ്ഞെടുക്കപ്പെട്ടു. ഈ സമയത്ത് അദ്ദേഹം ചെയ്തുകൊണ്ടിരുന്ന ജോലികൾ അൽഫോൻസിനെ ഏല്പിച്ചു. കൂടാതെ സ്കാല രൂപതയിലെ ബിഷപ്പ് അവിടെ ഉണ്ടായിരുന്ന കർമ്മല മാതാ സന്യാസ സമൂഹത്തിലെ മരിയ സെലസ്റ്റ എന്ന സിസ്റ്ററിനുണ്ടായ ചില വെളിപാടുകളുടെ നിജസ്ഥിതി പരിശോധിച്ചു ഒരു റിപ്പോർട്ട് സമർപ്പിക്കാൻ അൽഫോൻസിനെ ചുമതലപ്പെടുത്തി. ഈ വെളുപാടുകൾ പരിശോധിച്ചു അത് സത്യമാണെന്ന് അദ്ദേഹം റിപ്പോർട്ട് ചെയ്തു. പിന്നീട് ഈ സിസ്റ്റേഴ്സ് പുതിയൊരു സന്യാസ സമൂഹത്തിന് ആരംഭം കുറിക്കുകയും വി. അൽഫോൻസ് അവരുടെ സ്ഥാപകപിതാവാകുകയും ചെയ്തു. അങ്ങനെ 1731 ഓഗസ്റ്റ് 6-ന് റിഡപ്റ്ററിസ്റ്റ് സന്യാസിനി സമൂഹത്തിനു ആരംഭം കുറിച്ചു.

ഇതിന് ശേഷം ഏതാണ്ട് ഒരു വർഷം കഴിഞ്ഞു എ.ഡി. 1732 നവംബർ 9-ന് വി. അൽഫോൻസ് ലിഗൂരി തന്നോടൊപ്പം ചേർന്ന ഏതാനും വൈദികരെ കൂട്ടി ഒരു സന്യാസ സമൂഹം സ്ഥാപിച്ചു. മിഷൻ പ്രദേശങ്ങളിലും നഗരങ്ങളിലും സുവിശേഷം പ്രസംഗിക്കുക എന്നതായിരുന്നു ഈ സന്യാസികളുടെ ലക്ഷ്യം. കോൺഗ്രിഗേഷൻ ഓഫ് ദി മോസ്റ്റ് ഹോളി റെഡീമർ എന്ന പേരിൽ സ്ഥാപിച്ച ഈ സമൂഹം ലോകം മുഴുവൻ റിഡപ്റ്ററിസ്റ്റ് സമൂഹം എന്ന പേരിലും അറിയപ്പെടുന്നു. (സീറോ മലബാർ സഭയുടെ മുൻ അധ്യക്ഷൻ കർദിനാൾ വർക്കി വിതയത്തിൽ പിതാവ് ഈ സമൂഹത്തിലെ അംഗവും ഭാരതത്തിലെ പ്രൊവിൻഷ്യലുമായി സേവനം ചെയ്ത ആളാണ്). ചേരികളിലും പാവപ്പെട്ടവരുടെ ഇടയിലും സുവിശേഷം പ്രസംഗിക്കുകയും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുകയുമായിരുന്നു ഇവരുടെ ലക്ഷ്യം. അക്കാലത്തു പ്രബലമായിരുന്ന "ജാൻസനിസം" എന്ന വേദവിപരീതത്തിനെതിരെ സത്യവിശ്വാസം പഠിപ്പിക്കുന്നതിലും റിഡപ്റ്ററിസ്റ്റ് സമൂഹം ശ്രദ്ധിച്ചു.

വി. അൽഫോൻസിനെക്കൂടാതെ മറ്റു മൂന്നു വൈദികരും കൂടി ചേർന്നതായിരുന്നു ആദ്യത്തെ ഈ റിഡപ്റ്ററിസ്റ്റ് സമൂഹം. അധികം താമസിയാതെ വിവിധ സ്ഥലങ്ങളിൽ ഇവർ




www.malankaralibrary.com



പുതിയ ആശ്രമങ്ങൾ ആരംഭിച്ചു. 1749 ഫെബ്രുവരി 25-ന് ബെനഡിക്റ്റ് പതിനാലാമൻ മാർപാപ്പ ഈ സമൂഹത്തിന് ഔദ്യോഗിക അംഗീകാരം നൽകി.

തന്റെ സന്യാസ സമൂഹത്തിന്റെ ലക്ഷ്യമായി വി. അൽഫോൻസ് അവതരിപ്പിക്കുന്നത് ക്രിസ്തുവിന്റ കാലടിപ്പാടുകളും മാതൃകയും സൂഷ്മമായി പിന്തുടരുക എന്നതാണ്. സഹനവും വേദനയും നിറഞ്ഞ ഈ ലോകജീവിതത്തിൽ ക്രിസ്തുവിനെപ്പോലെ വിരക്തിയും സ്വയനിഗ്രഹവും അനുഷ്ഠിച്ചു ജീവിക്കുന്നതിനാണ് ഒരു റിഡപ്റ്ററിസ്റ്റ് സന്യാസി ശ്രദ്ധിക്കേണ്ടത്. വർഷത്തിൽ ഓരോ മാസവും ഒരു പുണ്യത്തെക്കുറിച്ചു ധ്യാനിക്കുകയും അങ്ങനെ ക്രിസ്തുവിനോട് കൂടുതൽ താതാത്മ്യപ്പെടാൻ ഓരോ റിഡപ്റ്ററിസ്റ്റ് സന്യാസിയും പരിശ്രമിക്കുകയും ചെയ്യണമെന്ന് അവരുടെ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിന്റെ പ്രതിച്ഛായയിലേക്ക് രൂപപ്പെടുക എന്നത് മാത്രമായിരിക്കണം സന്യാസ ലക്ഷ്യം. വിശ്വാസം, പ്രത്യാശ, ഉപവി, അയൽക്കാരനോടുള്ള സ്നേഹം, ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം,



എളിമ, ഇന്ദ്രിയനിഗ്രഹം, സ്മൃതിധ്യാനം (Recollection), പ്രാർത്ഥന, സ്വയനിഗ്രഹത്തോടെ കുരിശിനെ സ്നേഹിക്കുക എന്നിവയാണ് ഈ പന്ത്രണ്ട് പുണ്യങ്ങൾ.

സമൂഹത്തിലെ പാർശവത്ക്കരിക്കപ്പെട്ടവരോട് സുവിശേഷ പ്രഘോഷണം നടത്താൻ സന്യാസികൾ സദാ സന്നദ്ധരായിരിക്കണം എന്ന് അൽഫോൻസിന് നിർബന്ധമുണ്ടായിരുന്നു. ഇക്കാരണത്താൽ ആരംഭകാലങ്ങളിൽ ഈ സമൂഹത്തെ "സഭയുടെ രക്ഷാസൈന്യം" എന്നും വിളിച്ചിരുന്നു. ദേവാലയങ്ങളിൽ ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന ധ്യാനപ്രസംഗങ്ങൾ നടത്തി കുമ്പസാരം കേൾക്കുകയും അങ്ങനെ ഇടവക സമൂഹങ്ങളെ നവീകരിക്കുകയും ചെയ്യുക എന്നത് അവരുടെ ദൗത്യത്തിന്റെ ഭാഗമായിയിരുന്നു. അങ്ങനെ പാപത്തിൽ നിന്നും മാറി ക്രിസ്തുവിന്റെ രക്ഷാമാർഗ്ഗത്തിലൂടെ സഞ്ചരിക്കാനും വിശ്വാസത്തിൽ ബലപ്പെടുത്താനും എല്ലാവരെയും സഹായിക്കുക എന്ന ലക്ഷ്യമായിരുന്നു അവർക്കുണ്ടായിരുന്നത്. (ഇന്നും ഇത്തരത്തിലുള്ള ഇടവക 'മിഷൻ' പ്രവർത്തനങ്ങൾക്ക് റിഡപ്റ്ററിസ്റ്റ് സന്യാസികൾ നേതൃത്വം കൊടുക്കുന്നുണ്ട്).

അൽഫോൻസിന്റെ സന്യാസ സമൂഹം ആരംഭകാലഘട്ടത്തിൽ നിരവധി വെല്ലുവിളികൾ നേരിട്ടു. നേപ്പിൾസ് അധികാരികൾ ഒരു ഘട്ടത്തിൽ ഇവർക്കെതിരെ തിരിയുകയും നിയമനടപടി തുടങ്ങുകയും ചെയ്തു. അതിനേക്കാൾ വി. അൽഫോൻസിനെ പ്രയാസപെടുത്തിയത് സമൂഹത്തിൽ ഉണ്ടായ ആഭ്യന്തര പ്രശ്നങ്ങളാണ്. എന്നാൽ പ്രയാസങ്ങളുടെ നടുവിലും സമൂഹം ദൈവപരിപാലനയിൽ ആശ്രയിച്ചു മുന്നോട്ട് പോവുകയും വളരുകയും ചെയ്തു. ക്രിസ്തുവിനെ ശരിയായി അനുഗമിക്കാൻ ആഗ്രഹിക്കുന്നവർക്ക് കുരിശുകൾ ഏറ്റെടുക്കേണ്ടി വരുമെന്നും അതിനായി തയ്യാറായി ഇരിക്കണമെന്നും അദ്ദേഹം തന്റെ അനുയായികളെ ഉപദേശിച്ചു.

അൽഫോൻസ് തന്റെ സമയം പ്രാർത്ഥന, പഠനം, സുവിശേഷപ്രഘോഷണം എന്നിവയ്ക്കായി മാറ്റി വച്ചു. പുതിയതായി സമൂഹത്തിൽ ചേരാൻ ആഗ്രഹിക്കുന്നവരുടെ പരിശീലനത്തിനായി അദ്ദേഹം ധാരാളം സമയം കണ്ടെത്തി. ഇത് കൂടാതെ അദ്ദേഹത്തിന്റെ അരികിൽ ആത്മീയ ഉപദേശം തേടി അനേകം വിശ്വാസികൾ എത്തിയിരുന്നു. കാര്യങ്ങൾ കൃത്യതയോടെയും ദൈവീക

www.malankaralibrary.com



തയോടെയും നിർവഹിക്കുന്നതിന് അദ്ദേഹം എടുത്ത പ്രധാന തീരുമാനം ജീവിതത്തിൽ ഒരു നിമിഷം പോലും വൃഥാ ചിലവഴിക്കില്ലെന്നതാണ്. കൂടാതെ തന്റെ നേട്ടങ്ങളിൽ അഹങ്കരിക്കാതെ എളിമയോടെ ജീവിക്കണമെന്നതും അദ്ദേഹത്തിന്റെ വ്യക്തിപരമായ തീരുമാനമായിരുന്നു. ഇവ രണ്ടും അദ്ദേഹം തന്റെ ജീവിതാവസാനം വരെ പാലിച്ചു.

### ബിഷപ്പ്

എ.ഡി. 1762-ലാണ് ഇറ്റലിയിലെ സാന്താ അഗത്താ ദേയ് ഗോത്തി രൂപതയുടെ ബിഷപ്പായി അൽഫോൻസ് ലിഗൂരി നിയമിതനാകുന്നത്. ആരോഗ്യ പ്രശ്നങ്ങളും പ്രായാധിക്യവും കാരണം തനിക്ക് ഈ സ്ഥാനം സ്വീകരിക്കാൻ കഴിയില്ല എന്ന് അധികാരികളെ അദ്ദേഹം




അറിയിച്ചു. അറുപത്താറു വയസ്സായ തനിക്ക് രോഗത്താൽ നിവർന്ന് നിൽക്കാൻ സാധിക്കില്ലെന്നും തന്റെ കാഴ്ച ശക്തിയും കേൾവി ശക്തിയും ഏതാണ്ട് പൂർണ്ണമായും നഷ്ടപ്പെട്ടിരിക്കയാണെന്നുംഅദ്ദേഹം ഈ സന്ദേശവുമായെത്തിയ മാർപ്പാപ്പയുടെ ദൂതനോട് പറഞ്ഞു. ഒരു പക്ഷെ മാർപാപ്പ തന്നെ നേരിൽ കാണുകയാണെങ്കിൽ അഭിപ്രായം മാറ്റിയേക്കും എന്ന് അദ്ദേഹം ചിന്തിച്ചു. ഇക്കാലത്തു അൽഫോൻസിന്റെ രോഗം മൂർച്ഛിച്ചു അദ്ദേഹം അന്ത്യകൂദാശ സ്വീകരിക്കുന്ന അവസ്ഥയിൽ എത്തി. എന്നാൽ ക്ലമന്റ് പതിമൂന്നാമൻ മാർപാപ്പ തന്റെ മനസ്സ് മാറ്റാൻ തയ്യാറായില്ല. പകരം രോഗം ഭേദമാകുമ്പോൾ റോമിലേക്ക് വരാൻ അദ്ദേഹം സന്ദേശം അയച്ചു. അൽഫോൻസ് ലിഗൂരി തന്റെ ജീവിതത്തിൽ റോമിലേക്ക് നടത്തിയ ഒരേയൊരു സന്ദർശനം ആയിരുന്നു അത്. അവിടെവച്ചു 1762-ൽ അദ്ദേഹം ബിഷപ്പായി അഭിഷിക്തനാവുകയും ചെയ്തു.

അൽഫോൻസ് ലിഗൂരി ഒരു നല്ല ബിഷപ്പായിരിക്കും എന്ന മാർപാപ്പയുടെ പ്രതീക്ഷ അസ്ഥാനത്തായിരുന്നില്ല എന്ന് തെളിയിക്കുന്ന സംഭവങ്ങളാണ് പിന്നീട് നടന്നത്. തന്റെ രൂപതയിലെ വിശ്വാസികളുടെ ആത്മീയ നിലവാരം ഉയർത്തുന്ന പ്രവർത്തനങ്ങൾ അദ്ദേഹം ആരംഭിച്ചു. അതിനായി പുതിയ മിഷൻ പ്രവർത്തന രീതികൾ അൽഫോൻസ് തുടങ്ങുകയും അതിന് വ്യക്തിപരമായി നേതൃത്വം നല്കുകയും ചെയ്തു. തന്റെ സന്യാസ സമൂഹത്തിന്റെ മാത്രമല്ല, മറ്റുള്ള സന്യാസികളുടെ സഹായവും അദ്ദേഹം ഇക്കാര്യത്തിൽ തേടി. അൽഫോൻസിന്റെ പ്രത്യേക ശ്രദ്ധപതിഞ്ഞ മറ്റൊരു മേഖല വൈദിക പരിശീലനം ആയിരുന്നു. സെമിനാരിക്കാരെ തിരഞ്ഞെടുക്കുന്ന അഭിമുഖത്തിന് അദ്ദേഹം നേരിട്ടെത്തുകയും ദൈവവിളി ഉള്ളവരെന്ന് ബോധ്യപ്പെട്ടവരെ മാത്രം തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കുകയും ചെയ്തു. തുടർന്ന് ജീർണ്ണാവസ്ഥയിലായിരുന്ന സെമിനാരി കെട്ടിടം പുതുക്കി പണിയുകയും അത് വാസയോഗ്യവും ആകർഷണീയവുമാക്കി തീർക്കുകയും ചെയ്തു. ഒരു ബിഷപ്പെന്ന നിലയിൽ അദ്ദേഹത്തിനുണ്ടായിരുന്ന നിരവധി തിരക്കിനിടയിലും സെമിനാരിക്കാരെ പഠിപ്പിക്കാൻ അദ്ദേഹം സമയം കണ്ടെത്തി. പ്രധാനമായും പ്രഭാഷണകലയായിരുന്നു അദ്ദേഹം പഠിപ്പിച്ചത്. സെമിനാരിക്കാരുടെ പഠനത്തിന്റെ ഭാഗമായുള്ള ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്ന അവസരങ്ങളിൽ അദ്ദേഹം പങ്കെടുക്കുകയും പ്രസ്തുത സമ്മേളനങ്ങളിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. ഇത്തരത്തിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച അൽഫോൻസ് ലിഗൂരിയുടെ സെമിനാരിയിലേക്ക് മറ്റു രൂപതകളിൽ നിന്നുപോലും വൈദിക വിദ്യാർത്ഥികളെ ബിഷപ്പുമാർ അയച്ചിരുന്നു.

ശരിയായ അറിവിന്റെ അഭാവം വിശ്വാസജീവിതത്തിൽ പ്രതിസന്ധികൾ സൃഷ്ടിക്കും എന്ന്

www.malankaralibrary.com





തിരിച്ചറിഞ്ഞ അൽഫോൻസ് ലിഗൂരി തന്റെ ദൈവജനത്തെ സഹായിക്കുന്നതിനായി സ്ഥിരമായി ദേവാലയങ്ങൾ സന്ദർശിച്ചു പ്രസംഗങ്ങൾ നടത്തി. പിന്നീട് ഈ പ്രസംഗങ്ങൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പരിശുദ്ധ കുർബാനയോടും ദൈവമാതാവിനോടുമുള്ള ഭക്തി വർദ്ധിപ്പിക്കുന്നതിനുതകുന്ന പ്രാർത്ഥനകൾ പുതിയതായി അദ്ദേഹം എഴുതിയുണ്ടാക്കി. സെമിനാരി പരിശീലനത്തിന് വലിയ പ്രാധാന്യം കൊടുത്തുകൊണ്ട് വൈദികരുടെ ആത്മീയ നിലവാരം ഉയർത്തുന്നതിന് അദ്ദേഹം ശ്രദ്ധ ചെലുത്തി. കുർബാനയിലുള്ള ഭക്തി വർധിപ്പിക്കുന്നതിനുള്ള കാര്യങ്ങൾ അദ്ദേഹം ആവിഷ്ക്കരിച്ചു. തന്റെ ബിഷപ്പിന്റെ മോതിരം ഉൾപ്പെടെയുള്ള സാധനങ്ങൾ വിറ്റു പാവങ്ങളെ സഹായിച്ചു.

എ.ഡി. 1765-ൽ രൂപതയെക്കുറിച്ചു പരിശുദ്ധ സിംഹാസനത്തിനു സമർപ്പിച്ച റിപ്പോർട്ടിൽ വി. അൽഫോൻസ് ഇപ്രകാരം എഴുതി. "ചൂഷണം, അധാർമ്മികത, അന്ധവിശ്വാസപരമായ സമ്പ്രദായങ്ങൾ തുടങ്ങിയവ ഇപ്പോൾ ഈ നഗരത്തിലോ രൂപതയിലോ ഇല്ല... എല്ലാ ദിവസവും ഒരു നിശ്ചിത സമയത്ത് ദേവാലയമണികൾ മുഴങ്ങുമ്പോൾ വിശ്വാസികൾ പ്രധാന ദേവാലയത്തിൽ ഒത്തുകൂടുകയും പരിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ചു പ്രാർത്ഥിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നു. കത്തീഡ്രൽ ദേവാലയത്തിലെ ഈ ആരാധനയിൽ സംബന്ധിക്കുന്നതിന് ഞാൻ ഒരിക്കലും മുടക്കം വരുത്തിയിട്ടില്ല. അതിരാവിലെയുള്ള കുർബാനയ്ക്ക് മുൻപായി നടത്തുന്ന മൗന പ്രാർത്ഥനയിലും, ശനിയാഴ്ചയിലെ മാതാവിനോടുള്ള ഭക്താഭ്യാസങ്ങളിലും ഇവിടെ അനേകർ സംബന്ധിക്കുന്നു".

ക്ലമന്റ് പതിമൂന്നാമൻ മാർപാപ്പ അൽഫോൻസിന്റെ രാജി നിരസിച്ചുകൊണ്ട് ഇപ്രകാരം എഴുതി "അദ്ദേഹം തന്റെ കിടക്കയിൽ ആയിരുന്നുകൊണ്ട് രൂപതയെ ഭരിച്ചാൽ മതി... അദ്ദേഹത്തിന്റെ പ്രാർത്ഥനകൾതന്നെ ജനത്തിന് ലോകത്തിലുള്ള മറ്റെല്ലാ പ്രവർത്തനങ്ങളെക്കാളും ഫലദായകമാണ്". എന്നിരുന്നാലും 1775 പിയൂസ് ആറാമൻ മാർപാപ്പ രൂപതാഭരണത്തിൽ നിന്നും അദ്ദേഹത്തിന് വിടുതൽ നൽകി. അങ്ങനെ പതിമൂന്നു വർഷത്തെ മേല്പട്ട ശുശ്രൂഷയിൽ നിന്നും തന്റെ എഴുപത്തൊമ്പതാമത്തെ വയസ്സിൽ അദ്ദേഹം പടിയിറങ്ങി. അൽഫോൻസിന്റെ ജീവിതത്തിന്റ അവസാന നാളുകൾ വളരെയധികം സഹനങ്ങൾ നിറഞ്ഞതായിരുന്നു. രോഗങ്ങളും അദ്ദേഹം സ്ഥാപിച്ച സമൂഹത്തിലെ സഹോദര വൈദികരുടെ സമീപനങ്ങളും ആയിരുന്നു ഈ സഹനത്തിന്റെ പ്രധാന കാരണങ്ങൾ.

പ്രഭുകുടുംബത്തിലാണ് ജനിച്ചതെങ്കിലും അൽഫോൻസ് പാവങ്ങളോടാണ് തന്റെ ഐക്യദാർഢ്യം പ്രഖ്യാപിച്ചത്. ഒരു ബിഷപ്പെന്ന നിലയിൽ ആരിൽ നിന്നും സമ്മാനങ്ങൾ വാങ്ങില്ല എന്ന്

www.malankaralibrary.com



അദ്ദേഹം തീരുമാനിച്ചിരുന്നു. ഒരു എഴുത്തുകാരൻ എന്ന നിലയിൽ തന്റെ പുസ്തകത്തിൽ നിന്ന് യാതൊരു ലാഭവും അദ്ദേഹം വാങ്ങിയിരുന്നില്ല. അനേക വർഷങ്ങൾ ഒരു നേരം ഭക്ഷണം കഴിച്ചാണ് അദ്ദേഹം ജീവിച്ചത്. ഒരിക്കൽ അദ്ദേഹത്തിന്റെ ഔദാര്യം കാരണം പലരും അൽഫോൻസിനെ കബളിപ്പിക്കുണ്ടെന്ന് പറഞ്ഞ സന്യാസിയോട് അദ്ദേഹം പ്രതികരിച്ചത് ഇപ്രകാരമാണ്. "അത് ശരിയായിരിക്കാം... എന്നാൽ കബളിപ്പിക്കപ്പെട്ടാലും ഔദാര്യമതിയായിരിക്കുന്നതാണ് ദാനത്തിൽ പിശുക്കനായി ഒരുവന്റെ ആത്മാവ് നഷ്ടമാകുന്നതിനേക്കാൾ നല്ലത്''. ബിഷപ്പ് തങ്ങളുടെ ദേശത്തെ ഏറ്റം നല്ല മനുഷ്യനായി ആളുകൾ കണ്ടിരുന്നതിനാൽ ആ ഗ്രാമത്തിലെ ചിലരെങ്കിലും ജോലി ചെയ്യാൻ പോകുമ്പോൾ തങ്ങളുടെ കൊച്ചു കുട്ടികളെ ബിഷപ്പിന്റെ ഭവനത്തിൽ കൊണ്ടാക്കിയിട്ട് പോകുമായിരുന്നു.

**അന്ത്യനാളുകൾ, മരണം**

രോഗങ്ങൾ കലശലായ അവസരത്തിൽ വി. അൽഫോൻസ് തന്റെ ബിഷപ്പ് പദവി രാജി വയ്ക്കുകയും മാർപാപ്പ അത് സ്വീകരിക്കുകയും ചെയ്തു. ബിഷപ്പ് സ്ഥാനത്തു നിന്നും രാജിവച്ചു തന്റെ പഴയ ആശ്രമത്തിലേക്ക് പോയപ്പോൾ ഇത് തന്റെ അന്ത്യയാത്രക്കുള്ള ഒരുക്ക സമയമാണെന്ന് അൽഫോൻസ് മറ്റുള്ളവരോട് പറഞ്ഞിരുന്നു. എന്നാൽ അതിശയകരമായ കാര്യം അദ്ദേഹം വിശ്രമജീവിതത്തിൽ പോയതിന് ശേഷം പന്ത്രണ്ടു വർഷങ്ങൾക്കൂടി ജീവിച്ചുവെന്നതാണ്. വലിയ ശാരീരിക സഹനങ്ങൾഉണ്ടായിരുന്നപ്പോഴും അദ്ദേഹം തന്റെ ജോലി തുടർന്നുകൊണ്ടേയിരുന്നു. പ്രാർത്ഥനയ്ക്കും എഴുത്തിനും, ആത്മീയ ഉപദേശത്തിനുമായാണ് അദ്ദേഹം തന്റെ സമയം ചിലവഴിച്ചത്. ഇറ്റലിയിലെ പഗാനിയിൽ താൻ സ്ഥാപിച്ച സന്യാസ ആശ്രമത്തിലാണ് അദ്ദേഹം തന്റെ അന്ത്യകാലങ്ങൾ ചിലവഴിച്ചത്. അവിടെ വച്ച് 1787 ഓഗസ്റ്റ് 1-ന് അദ്ദേഹം അന്തരിച്ചു.

1816 സെപ്റ്റംബർ 15-ന് പിയൂസ് ഏഴാം മാർപാപ്പ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായും 1839 മെയ് 26-ന് ഗ്രിഗറി പതിനാറാമൻ മാർപാപ്പ അദ്ദേഹത്തെ വിശുദ്ധനായും പ്രഖ്യാപിച്ചു. എ.ഡി. 1949-ൽ റിഡപ്റ്ററിസ്റ്റ് സന്യാസ സമൂഹം വി. അൽഫോൻസ് ലിഗോരിയുടെ ബഹുമാനാർത്ഥം റോമിൽ ധാർമ്മിക ദൈവശാസ്ത്ര പഠനത്തിനായി അൽഫോൻസിയാനം എന്ന പേരിൽ ഒരു സർവ്വകലാശാല സ്ഥാപിച്ചു. പിയൂസ് പന്ത്രണ്ടാമൻ മാർപാപ്പ 1950 ഏപ്രിൽ 26-ന് അദ്ദേഹത്തെ കുമ്പസാരക്കാരുടെയും ധാർമ്മിക ദൈവശാസ്ത്രജ്ഞരുടെയും മധ്യസ്ഥനായി പ്രഖ്യാപിച്ചു. കൂടാതെ "ഹൗറീയേത്തിസ് അക്വാസ്" എന്ന തന്റെ ചാക്രികലേഖനത്തിൽ അദ്ദേഹത്തിന്റെ ജീവിതം എത്രമഹനീയമാണെന്ന് എഴുതുകയും ചെയ്തു.

വി. അൽഫോൻസ് ലിഗോരിയുടെ അവസാന നാളുകൾ വിവരണാതീതമായ പ്രയാസങ്ങളുടേതും സഹനത്തിന്റേതും ആയിരുന്നു. അദ്ദേഹം അന്ധനായിത്തീർന്നുവെന്ന് മാത്രമല്ല, നിരന്തരം തലവേദനയാൽ പ്രയാസപ്പെടുകയും ചെയ്തു. അതിനേക്കാൾ അദ്ദേഹത്തെ ദുഖിതനാക്കിയത് കൂടെയുള്ളവർ തള്ളിപ്പറയുകയും പല സുഹൃത്തുക്കളും ബന്ധം ഉപേക്ഷിച്ചു പോവുകയും ചെയ്തതാണ്. അദ്ദേഹത്തിന്റെ മരണസമയത്ത് റിഡപ്റ്ററിസ്റ്റ് സന്യാസ സമൂഹം പതിനഞ്ചു ഭവനങ്ങളിലായി 200 അംഗങ്ങളുമുള്ള സമൂഹമായി വളർന്നിരുന്നു. അനേകം വിശുദ്ധരെ സഭയ്ക്ക് പ്രദാനം ചെയ്ത ഈ സമൂഹത്തിൽ ഇന്ന് അയ്യായിരത്തോളം അംഗങ്ങൾ ഉണ്ട്.

**ദൈവശാസ്ത്ര സംഭാവനകൾ**

ക്രിസ്തീയ ദൈവശാസ്ത്രത്തിന് അമൂല്യ സംഭാവനകൾ നല്കിയ നൂറ്റിപ്പതിനൊന്നു കൃതികളുടെ കർത്താവാണ് വി. അൽഫോൻസ്. ഒരു ബഹുമുഖ പ്രതിഭ ആയിരുന്ന അദ്ദേഹം ചിത്രകല, കവിത, സംഗീതം എന്നീ മേഖലകളിലും തന്റെ പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്. അൽഫോൻസിന്റെ മാതാപിതാക്കൾ അദ്ദേഹത്തെ ചെറുപ്രായത്തിൽ തന്നെ ഇതിനുള്ള പരിശീലനം നല്കുകയും കഴിവുകൾ തിരിച്ചറിഞ്ഞു പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കത്തോലിക്കാ സഭയിലെ ഏറ്റം കൂടുതൽ വായിക്കപ്പെടുന്ന എഴുത്തുകാരുടെ ഗണത്തിൽ അദ്ദേഹം ഉൾപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളുടെ 21,500 പതിപ്പുകളാണ് ഇതുവരെ 72 ഭാഷകളിലായി പ്രസിദ്ധീകരിച്ചിരിക്കുന്നത്. സഭയുടെ മുഖ്യധാരയിൽ നിന്നുകൊണ്ട് സഭയോടൊത്തു ചിന്തിച്ച ദൈവശാസ്ത്രജ്ഞനാണ് അൽഫോൻസ്. താൻ എന്തുകൊണ്ടാണ് കത്തോലിക്കാ വിശ്വാസത്തിന്റെ വക്താവായിരുന്നത് എന്നതിനെക്കുറിച്ച് അദ്ദേഹം എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്: "കത്തോലിക്കാ സഭയുടെ ദൈവീക പ്രബോധനങ്ങളെ നിരാകരിക്കുക എന്നാൽ നമുക്ക് ലഭിച്ചിരിക്കുന്ന വെളിപാടിന്റെയും ബുദ്ധിയുടെയും അടിസ്ഥാനത്തെതന്നെ തള്ളിപ്പറയുക എന്നതാണ്..."

www.malankaralibrary.com



**ധാർമ്മിക ദൈവശാസ്ത്രം**

അൽഫോൻസ് ലിഗൂരിയുടെ ഏറ്റം നിർണ്ണായക സംഭാവന ധാർമ്മിക ദൈവശാസ്ത്ര മേഖലയിലാണ്. 1748-ൽ പ്രസിദ്ധീകരിച്ച "ധാർമ്മിക ദൈവശാസ്ത്രം" എന്ന ഗ്രന്ഥം അദ്ദേഹത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ കൃതിയായി വിലയിരുത്തപ്പെടുന്നു. ഈ കൃതി അനേക വർഷത്തെ കഠിനാദ്ധ്വാനത്തിന്റെ ഫലമായി രൂപപ്പെടുത്തിയതാണ്. ഈ വിഷയത്തിലുള്ള അനേകം എഴുത്തുകാരുടെ ചിന്തകൾ ഈ ഗ്രന്ഥത്തിൽ സാംശീകരിച്ചിരിക്കുന്നു. തന്റെ അജപാലന മേഖലയിലെ പ്രായോഗിക അറിവിന്റെ അടിസ്ഥാനത്തിൽ രചിക്കപ്പെട്ട ഈ കൃതി മാർപാപ്പമാരുടെപോലും പ്രശംസ നേടിയിട്ടുണ്ട്. സാധാരണക്കാരായ വിശ്വാസികൾ തങ്ങളുടെ ജീവിതത്തിലെ ധാർമ്മിക പ്രശ്നങ്ങളുമായി അദ്ദേഹത്തെ സമീപിച്ചപ്പോൾ ദൈവീക വെളിപാടിന്റെയും, വിശുദ്ധ ഗ്രന്ഥത്തിന്റെയും അടിസ്ഥാനത്തിൽ അദ്ദേഹം അവർക്ക് ഉത്തരം നൽകി. ഊഷരമായ നിയമ സിദ്ധാന്തങ്ങളെയോ കഠിന അനുഷ്ഠാനങ്ങളെയോ അദ്ദേഹം അനുകൂലിച്ചില്ല. ഇങ്ങനെ ചിന്തിക്കുന്നത് സുവിശേഷ മൂല്യങ്ങൾക്കെതിരാണെന്നും അതിനാൽ തന്നെ സഭ ഒരിക്കലും അതിനെ അനുകൂലിച്ചിരുന്നില്ലെന്നതുമായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. വിവേകത്തോടെയുള്ള ഒരു മധ്യവഴിയായിരുന്നു അൽഫോൻസിന്റേത്. 2017-ൽ പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് പതിപ്പ് അഞ്ചു വാല്യങ്ങളിലായിട്ടാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

അദ്ദേഹം എഴുതിയ "കുരിശിന്റെ വഴി" എന്ന പ്രാർത്ഥനാഗ്രന്ഥം ക്രിസ്തുസ്നേഹത്തിന്റെ തീഷ്ണതയാൽ വിളങ്ങി നിന്ന ഒരു വ്യക്തിത്വത്തിന് ഉടമയായിരുന്നു വി. അൽഫോൻസ് എന്ന് നമുക്ക് കാണിച്ചു തരുന്നു. ഇന്ന് കത്തോലിക്കാ സഭയിൽ വ്യാപകമായി ഉപയോഗിക്കുന്ന അദ്ദേഹം എഴുതിയ കുരിശിന്റെ വഴി നമുക്ക് പറഞ്ഞു തരുന്നത് ലോകരക്ഷകനായ ക്രിസ്തുവിന്റെ നമ്മോടുള്ള സ്നേഹമാണ്. കാവ്യാത്മകമായും ഭക്തിനിർഭരമായും എഴുതിയിരിക്കുന്ന ഈ പുസ്തകം അനേകരെ ഭക്തിയിലും വിശ്വാസത്തിലും വളരാൻ സഹായിച്ചിട്ടുണ്ട് എന്നത് നിസ്തർക്കമാണ്. ഒരു വിശുദ്ധന്റെ മനസ്സ് എങ്ങനെയാണെന്ന് വെളിപ്പെടുത്തുന്ന ഭക്താഭ്യാസം കൂടിയാണ് ഇത്.

"വിശുദ്ധ കുർബാന സന്ദർശനം" എന്ന കൃതി അദ്ദേഹം കത്തോലിക്കാ ദേവാലയങ്ങളിൽ



വി. കുർബാന എഴുന്നള്ളിച്ചു വയ്ക്കുമ്പോൾ ഭക്തി പ്രകടിപ്പിക്കാൻ എത്തുന്നവരെ സഹായിക്കാനായി എഴുതിയ പ്രാർത്ഥനയാണ്. ഇത് വി. കുർബാന സക്രാരിയിൽ സൂക്ഷിച്ചിരിക്കുന്ന ദേവാലയങ്ങൾ സന്ദർശിക്കുമ്പോഴും ഭക്തി പ്രകടിപ്പിക്കാനായി ഉപയോഗിക്കാവുന്നതാണ്. യേശുക്രിസ്തു വി. കുർബാനയിലൂടെ നമ്മോട് കാണിച്ച സ്നേഹം വെളിപ്പെടുത്തുന്ന പ്രാർത്ഥനയാണ് ഇത്. ഒരു മാസത്തിലെ എല്ലാ ദിവസവും വിശുദ്ധ കുർബാന സന്ദർശന സമയത്ത് ഒരാൾക്ക് നടത്താൻ വേണ്ടി വി.അൽഫോൻസ് എഴുതി തയ്യാറാക്കിയ പ്രാർത്ഥനയാണിത്. യേശുവിനോട് കൂടുതൽ അടുക്കുന്നതിന് ഇത് നമ്മെ സഹായിക്കുന്നു. അദ്ദേഹം ഇതിൽ എഴുതുന്നു: "ഏറ്റം പരിശുദ്ധമായ വി. കുർബാന - ഇവിടെയാണ്, ഭൂമിയിലെ നമ്മുടെ സ്വർഗ്ഗം" ഈ ഭക്താഭ്യാസത്തോടു ചേർന്ന് മരിയ ഭക്തി പ്രോത്സാഹിപ്പിക്കുക ലക്ഷ്യത്തോടെ തയ്യാറാക്കിയിരിക്കുന്ന കൃതിയാണ് 'പരിശുദ്ധ അമ്മയെ സന്ദർശിക്കു' എന്നത്. മാതാവിന്റെ മാധ്യസ്ഥം അപേക്ഷിച്ചുകൊണ്ടുള്ള പ്രാർത്ഥനകളുടെ സമാഹാരമാണിത്.

www.malankaralibrary.com



"മറിയത്തിന്റെ മഹത്വം" എന്ന ഗ്രന്ഥം അദ്ദേഹം എഴുതിയത് അക്കാലത്തു മരിയൻ ഭക്തിക്കെതിരെ സഭയിൽ ഉണ്ടായ ചില വിമർശനങ്ങളെ പ്രതിരോധിക്കുക എന്ന ലക്ഷ്യത്തോടെയാണ്. സഭാപിതാക്കന്മാരുടെയും വേദപാരംഗതരുടെയും പഠനങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹം തയ്യാറാക്കിയിരിക്കുന്ന ഈ ഗ്രന്ഥത്തിൽ അദ്ദേഹം തന്നെ എഴുതിയുണ്ടാക്കിയ ചില പ്രാർത്ഥനകളും ഉൾപ്പെടുത്തിയിരിക്കുന്നു. ഹെർമാനൂസ് കോൺട്രാക്തൂസ് എന്ന ബെനഡിക്റ്റീൻ സന്യാസി എഴുതിയ പ്രസിദ്ധ മരിയൻ ഭക്തിഗാനം "സാൽവെ റെജീന"യെക്കുറിച്ചുള്ള ഒരു വിവരണമാണ് ഈ ഗ്രന്ഥത്തിന്റെ ആദ്യഭാഗത്തു നൽകിയിരിക്കുന്നത്. രണ്ടാം ഭാഗത്തു പ്രധാനപ്പെട്ട മരിയൻ തിരുനാളുകളെക്കുറിച്ചുള്ള ഒരു വിവരണമാണ്. മൂന്നാം ഭാഗം മറിയത്തിന്റെ ഏഴു വ്യാകുലങ്ങളെക്കുറിച്ചും സഹനങ്ങളെക്കുറിച്ചുമുള്ളതാണ്. മറിയത്തിന്റെ പത്തു പുണ്യങ്ങൾ വിവരിക്കുന്ന നാലാം ഭാഗം ഈ പുണ്യങ്ങൾ എല്ലാ ക്രിസ്തീയ വിശ്വാസികൾക്കും മാതൃകയായി അവതരിപ്പിച്ചിരിക്കുന്നു. അഞ്ചാം ഭാഗത്തു മരിയൻ പ്രാർത്ഥനകളും ഭക്താഭ്യാസങ്ങളുമാണ് കൊടുത്തിരിക്കുന്നത്.

വിശുദ്ധ അൽഫോൻസ് ലിഗോരിയുടെ എഴുത്തിന്റെ മനോഹാരിത മനസ്സിലാക്കുന്നതിലേക്കായി "ദൈവേഷ്ഠവുമായുള്ള സാരൂപ്യം" എന്ന വിശിഷ്ട ആത്മീയ സാഹിത്യ കൃതിയിലെ ചില ആശയങ്ങൾ ഇവിടെ കൊടുക്കുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഇത്തരത്തിലുള്ള ഒരു കൃതി ഇന്നും പ്രസക്തമാകുന്നത് അതിനുള്ളിലെ ആത്മീയ സത്യങ്ങൾ കാലാതീതമായിരിക്കുന്നതിനാലാണ്. നമ്മുടെ സഹനങ്ങൾ പരിശുദ്ധിയിൽ വളരുന്നതിനുള്ള വഴികളാണ്. ദൈവത്തിന് നമുക്ക് നൽകാൻ സാധിക്കുന്ന ഏറ്റം വലിയ മഹത്വം ഓരോ നിമിഷവും അവിടുത്തെ ഇഷ്ടം നിറവേറ്റുക എന്നതാണ്. ദൈവത്തിന്റെ ഹിതവുമായി നമ്മുടെ മനസ്സിനെ ചേർത്തുവയ്ക്കുന്നത് ദൈവത്തോടു നമുക്കുള്ള സ്നേഹം പ്രകടിപ്പിക്കുന്നതിന് വളരെ സഹായകമാണ്. ഇത് നമ്മുടെ മനസ്സിന്റെ അസ്വസ്ഥതകളെ എല്ലാം എടുത്തുമാറ്റുന്നതിന് ഉപകരിക്കും. നല്ലകാലങ്ങളിൽ മാത്രമല്ല, വേദനകളുടെയും ദുഖങ്ങളുടെയും സമയത്തും നാം ദൈവഹിതം ചെയ്തുകൊണ്ടേയിരിക്കണം. പരാതി പറഞ്ഞുകൊണ്ടിരിക്കുന്നത് നിരർത്ഥകമാണ്. സഹനം, ദൈവവുമായി അടുക്കാനും നമുക്ക് ആത്മീയമായി വളരാനുമുള്ള അവസരമാണ്. ആത്മീയ അനുഗ്രഹങ്ങൾ ലഭിച്ചുകൊണ്ടിരിക്കുമ്പോൾ ദൈവഹിതം നിറവേറ്റുക എളുപ്പമാണ്. എന്നാൽ നമ്മുടെ യഥാർത്ഥ സ്വഭാവം വെളിപ്പെടുന്നത് സഹനങ്ങളെ കൈകാര്യം ചെയ്യുന്ന രീതിയിലൂടെയാണ്. ദൈവം ഈ അവസരത്തിൽ നമ്മെ ഉപേക്ഷിച്ചു എന്ന ചിന്ത നമ്മുടെ ആത്മീയ പക്വതക്കുറവിന്റെ ലക്ഷണമാണ്. നാമെല്ലാം നിരന്തരം ദൈവത്തോട് ഇപ്രകാരം പ്രാർത്ഥിക്കണം: "ദൈവമേ, അങ്ങയുടെ നയങ്ങളിൽ പ്രീതികരമായ വിധത്തിൽ എന്നെ പുനർനിർമ്മിക്കുകയോ തകർക്കുകയോ ചെയ്തുകൊള്ളുക. അതിൽ ഞാൻ സംതൃപ്തി കണ്ടെത്തിക്കൊള്ളാം. അങ്ങാഗ്രഹിക്കുന്നതു മാത്രമേ ഞാനും അഭിലഷിക്കുന്നുള്ളൂ." പരീക്ഷണങ്ങൾ ഉണ്ടാകുമ്പോൾ ഇപ്രകാരമാണ് പ്രാർത്ഥിക്കേണ്ടത്: "കർത്താവേ, അങ്ങാഗ്രഹിക്കുന്നതു മാത്രമേ എന്റെ ജീവിതത്തിൽ സംഭവിക്കാവൂ... അങ്ങയുടെ കൃപ ഒരിക്കലും എനിക്ക് നഷ്ടപ്പെടാതിരിക്കട്ടെ!"

പഠനത്തിലും എഴുതുന്നതിലും അസാമാന്യ കഴിവുണ്ടായിരുന്ന അൽഫോൻസിനു ചെറുപ്രായ



www.malankaralibrary.com





ത്തിൽ തന്നെ സംഗീതം പഠിക്കാൻ അവസരം കിട്ടിയത് അദ്ദേഹത്തിനുണ്ടായിരുന്ന സംഗീത വാസനകളെ ഉത്തേജിപ്പിച്ചു. വിവിധ സംഗീത ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് മാത്രമല്ല മനോഹര ഗീതങ്ങൾ എഴുതി സംഗീതം കൊടുക്കുന്നതിനും അദ്ദേഹത്തിന് സാധിച്ചിരുന്നു. ബിഷപ്പായിരുന്നപ്പോൾ തന്റെ രൂപതയിൽ ഗ്രിഗോറിയൻ സംഗീതം ആലപിക്കുന്നത് നടപ്പിലാക്കുകയും ദേവാലയ സംഗീതത്തെക്കുറിച്ചു ഒരു ഇടയലേഖനം പുറപ്പെടുവിക്കുകയും ചെയ്തു. പ്രാദേശിക സഭയ്ക്ക് ആവശ്യമായ രീതിയിലുള്ള സംഗീത ശൈലി തന്റെ രൂപതയിൽ അദ്ദേഹം നടപ്പിലാക്കി. കൂടാതെ അദ്ദേഹം ഇടവകകൾ സന്ദർശിക്കുമ്പോൾ മനോഹരമായി ആരാധന നടത്തുകയും പാടുകയും ചെയ്തിരുന്നതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. അങ്ങനെ അൻപതോളം ഗീതങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ടെന്ന് കരുതപ്പെടുന്നു.

കുമ്പസാരം കേൾക്കുക എന്നത് റിഡംപ്റ്ററിസ്റ്റ് സന്യാസികളുടെ പ്രധാന ദൗത്യമായി ഏറ്റെടുക്കണമെന്ന് തന്റെ സമൂഹത്തിലെ സന്യാസിമാരോട് അദ്ദേഹം ആവശ്യപ്പെടുകയും അത് നിയമാവലിയിൽ ഉൾപ്പെടുത്തുകയും ചെയ്തു: "കുമ്പസാരം കേൾക്കുന്നതിനേക്കാൾ പ്രിയപ്പെട്ടതായി റിഡംപ്റ്ററിസ്റ്റ് സന്യാസികൾക്ക് മറ്റൊന്നുമില്ല. കാരണം ദൈവമഹത്വവും മനുഷ്യരക്ഷയും സാധ്യമാകുന്ന വലിയൊരു വേദിയാണിത്." ഇക്കാരണത്താലാണ് ധാർമ്മിക ദൈവശാസ്ത്രജ്ഞരുടെയും കുമ്പസാരക്കാരുടെയും മധ്യസ്ഥനായി പിയൂസ് പന്ത്രണ്ടാമൻ മാർപാപ്പ അദ്ദേഹത്തെ പ്രഖ്യാപിച്ചിരിക്കുന്നത്. തന്റെ രൂപതയിലെ വൈദികർ മാസത്തിലൊരിക്കൽ കുമ്പസാരം കേൾക്കുന്നതിനായി അവരുടെ ഇടവകയിൽ വേറൊരു അച്ചനെ ക്രമീകരിക്കണമെന്ന് വി. അൽഫോൻസ് അവരെ ഉപദേശിച്ചിരുന്നു. കൂടാതെ വിശ്വാസികൾ അഭിമുഖീകരിക്കുന്ന ധാർമ്മിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് വൈദികർ ഒത്തുചേരുന്ന പതിവ് ഉണ്ടാകണമെന്നും അദ്ദേഹം നിഷ്ക്കർഷിച്ചിരുന്നു.

**ഉപസംഹാരം**

വളരെ സങ്കീർണ്ണമായ വ്യക്തിത്വത്തിന് ഉടമയായിരുന്നു വി. അൽഫോൻസ് ലിഗൂരി. ജീവിതം യാതൊരു മറയില്ലാതെ എളിമയോടെ ജീവിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു. അതീവ ബുദ്ധിമാനായിരുന്നെങ്കിലും ഒരു സാധാരണക്കാരനെപ്പോലെ അദ്ദേഹം കാണപ്പെടുകയും മറ്റുള്ളവരോട് പെരുമാറുകയും ചെയ്തു. ധാർമ്മികതയുടെ എല്ലാ വശങ്ങളും അറിഞ്ഞിരുന്നുവെങ്കിലും ചിലപ്പോഴൊക്കെ വലിയ മനശ്ചാഞ്ചല്യം ഉണ്ടാകുമായിരുന്നു. ഒരു നിമിഷം വൃഥാ കളയില്ലാ എന്ന നിശ്ചയത്തോടെ ജീവിച്ചപ്പോഴും സംഗീതത്തിന് വേണ്ടി ഒരുപാട് സമയം ചിലവഴിച്ചിരുന്നു. പ്രവചനങ്ങൾ നടത്തുകയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തിരുന്നുവെങ്കിലും താൻ അയോഗ്യനാണെന്നാണ് എപ്പോഴും കരുതിയിരുന്നത്. പുരാതനവും പുതിയതുമായ ധാരാളം ദൈവശാസ്ത്രജ്ഞരെ അടുത്തറിഞ്ഞപ്പോഴും തന്റേതായ നിഗമനങ്ങളിൽ എത്തുന്നതിന് അദ്ദേഹത്തിന് യാതൊരു ബുദ്ധിമുട്ടും ഇല്ലായിരുന്നു. പ്രഭു കുടുംബത്തിൽ നിന്നും വന്നുവെങ്കിലും പാവപ്പെട്ടവരെ കരുതുകയും അവരോടൊത്ത് ധാരാളം സമയം ചിലവഴിക്കുകയും ചെയ്തു. മിക്ക വിശുദ്ധരുടെയും പ്രത്യേകതയായ താനൊരു വിശുദ്ധനാണെന്ന് അറിയാതെ വിശുദ്ധ ജീവിതം നയിച്ച ആളാണ് അദ്ദേഹം. അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ വാക്കുകൾ ആളുകളെ വളരെയധികം സ്വാധീനിക്കുകയും അതുതന്നെ അനേകരുടെ മാനസാന്തരത്തിനു കാരണമാവുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന് അത്ഭു

www.malankaralibrary.com





തങ്ങൾ പ്രവർത്തിക്കാൻ കഴിവുണ്ടെന്ന് മറ്റുള്ളവർ പറയുമ്പോൾ അതിന് സാധിക്കുമായിരുന്നെങ്കിൽ താൻ തന്റെ തന്നെ രോഗങ്ങളെ സൗഖ്യമാക്കിയേനെ എന്ന് അദ്ദേഹം പറഞ്ഞിരുന്നു. നമ്മുടെ അനുദിന ജീവിതത്തിലെ സഹനങ്ങളെ ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ട് വി. അൽഫോൻസ് ലിഗോരിയെപ്പോലെ കൈകാര്യം ചെയ്യുന്നതിനുള്ള അനുഗ്രഹത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

ആത്മീയ കുർബാന അനുഭവത്തിനായി വി. അൽഫോൻസ് എഴുതിയ പ്രാർത്ഥന കുർബാന സ്വീകരിക്കാൻ പറ്റാത്ത അവസരത്തിലും ദേവാലയ സന്ദർശന വേളകളിലും നമുക്ക് ചൊല്ലാവുന്നതാണ്.

“എന്റെ യേശുവേ, വി. കുർബാനയിൽ അവിടുന്ന് സന്നിഹിതനാണെന്ന് ഞാൻ വിശ്വസിക്കുന്നു. എല്ലാത്തിനേക്കാളും അവിടുത്തെ ഞാൻ സ്നേഹിക്കുന്നു. അവിടുത്തെ എന്റെ ഹൃദയത്തിൽ സ്വീകരിക്കുന്നതിന് ഞാൻ ആഗ്രഹിക്കുന്നു. കൂദാശപരമായി ഇപ്പോൾ എനിക്ക് അവിടുത്തെ സ്വീകരിക്കാൻ സാധിക്കാത്തതിനാൽ ആത്മീമായി അവിടുന്ന് എന്റെ ഹൃദയത്തിലേക്ക് വരിക. അങ്ങ് അവിടെയുണ്ടെന്ന് അഭിലഷിച്ചുകൊണ്ടു ഞാൻ അവിടുത്തെ ആലിംഗനം ചെയ്യുകയും എന്നെ പൂർണ്ണമായും അങ്ങയോടു ചേർത്തുവയ്ക്കുകയും ചെയ്യുന്നു. അങ്ങിൽ നിന്നും അകലുന്നതിന് എനിക്ക് ഒരിക്കലും ഇടയാകാതിരിക്കട്ടെ. ആമേൻ.”

www.malankaralibrary.com





# അധികാരം ദിവ്യമാണ്, അറിഞ്ഞുപയോഗിക്കണം



ബോബി ഏബ്രഹാം

ഗ്രീക്ക് ചിന്തകനായ പ്ലേറ്റോ അധികാരത്തെ വിലയിരുത്തുന്നത് ഇങ്ങനെയാണ്. 'ഒരാളെ വിലയിരുത്തുമ്പോൾ അയാൾ അധികാരം എങ്ങനെ വിനിയോഗിച്ചു എന്നതും കണക്കിലെടുക്കണം'. എക്കാലത്തും പ്രസക്തമായ ഒരു ചിന്തയാണത്. ഓരോ ഫയലിലും ഓരോ ജീവിതമുണ്ട് എന്ന് രാഷ്ട്രീയ നേതാക്കൾ നിരന്തരം സർക്കാർ ഉദ്യോഗസ്ഥരോട് പറയാറുണ്ട്. മുഖ്യമന്ത്രി പിണറായി വിജയനും ഉദ്യോഗസ്ഥരെ ഇക്കാര്യം ഓർമിപ്പിക്കാറുണ്ട്. പക്ഷേ പലപ്പോഴും കാര്യങ്ങൾ അങ്ങനെയാവില്ല നടക്കുന്നത്. ആവശ്യത്തിലേറെയുള്ള നിയമങ്ങളും ചട്ടങ്ങളും പലപ്പോഴും വേഗത്തിൽ തീരുമാനമെടുക്കുന്നതിൽ നിന്ന് ഉദ്യോഗസ്ഥരെ പിന്നോട്ടു വലിക്കുന്നു. എങ്കിലും സാധിക്കാവുന്ന വിധത്തിൽ ജനങ്ങളെ സഹായിക്കുന്ന ഉദ്യോഗസ്ഥരുമുണ്ട്. എന്നാൽ മറ്റു ചിലർ കൈക്കൂലി കിട്ടിയാലേ തീരുമാനമെടുക്കൂ എന്ന മട്ടുകാരാണ്. ഇനി മറ്റൊരു കൂട്ടർ കഴിയുമെങ്കിൽ തീരുമാനമെടുക്കാതെ നീട്ടിക്കൊണ്ടുപോയി തങ്ങളുടെ ഭാഗം ക്ലിയർ ആക്കും. ഭാവിയിൽ പെൻഷന് തടസ്സമുണ്ടാകരുതല്ലോ. ചിലപ്പോൾ ഫയലുകൾ വൈകുന്നതിന് പ്രധാനകാരണം കർശനമായ നിയമങ്ങൾ ആവും. മാധ്യമ പ്രവർത്തകനായതിനാൽ ഇത്തരം പല പരാതികളും കിട്ടാറുണ്ട്.

കുറച്ചു വർഷം മുമ്പാണ്. ഒരു പടക്കക്കടയുടെ അനുമതിപത്രം പുതുക്കുന്നത് വൈകുന്നതിനെപ്പറ്റി കടയുടമ എന്നോടു സംസാരിച്ചു. പുതുക്കിനൽകേണ്ടത് എഡിഎം ആണ്. തീരുമാനം വല്ലാതെ വൈകുന്നുവെന്നും ഈ സീസണിലെ കച്ചവടം നഷ്ടമാകുമെന്നുമായിരുന്നു ഉടമയുടെ ആശങ്ക. എഡിഎം കാശ് വല്ലതും ചോദിക്കുന്നുണ്ടോ എന്ന് ഞാൻ ചോദിച്ചു. ഇല്ലെന്ന് അദ്ദേഹം പറഞ്ഞു. ഒരു പാർട്ടിയുമായി ബന്ധപ്പെട്ട ആരെയെങ്കിലും പരിചയപ്പെടുത്തിക്കൊടുക്കാമോ എന്ന് അദ്ദേഹം ചോദിച്ചു. ഞാൻ പരിചയപ്പെടുത്തിക്കൊടുത്തു. എന്നിട്ടും കാര്യം നടന്നില്ലെന്ന് പിന്നീട് അറിഞ്ഞു. അപ്പോൾ ഞാൻ കാര്യത്തിലേക്കു കടന്നു. അനുമതി പുതുക്കാനുള്ള വ്യവസ്ഥകളിലെന്തെങ്കിലും പാലിക്കാനുണ്ടോ എന്നു ചോദിച്ചു. അപ്പോഴാണ് കാര്യങ്ങൾ വ്യക്തമായത്. ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥകളിലൊന്നു പാലിച്ചിട്ടില്ല. കടയ്ക്കു പിൻവശത്തുകൂടി ഒരു വാതിൽ നിർബന്ധമായി വേണം. സുരക്ഷാ കാരണങ്ങളാൽ അത് ഒഴിവാക്കാൻ

www.malankaralibrary.com



പറ്റില്ല. എന്തെങ്കിലും അരുതാത്തത് സംഭവിച്ചാൽ അനുമതി കൊടുത്തയാൾ കുടുങ്ങും. ഒടുവിൽ ആ വ്യവസ്ഥ പാലിച്ചതോടെ അനുമതിപത്രവും കിട്ടി. പിൻഭാഗത്ത് വാതിൽ വയ്ക്കാൻ കെട്ടിടം ഉടമ സമ്മതിക്കുമോ എന്ന ആശങ്ക കാരണമാണ് അദ്ദേഹമത് ചോദിക്കാതെ നീട്ടിക്കൊണ്ടുപോയത്. അതായത് സർക്കാർ ഓഫിസിൽ എല്ലാ കാര്യങ്ങളും വൈകുന്നത് കൈക്കൂലി കാരണം മാത്രമല്ല.

മുകളിൽ പറഞ്ഞതിനു വിരുദ്ധമായ കാര്യങ്ങളും സംഭവിക്കുന്നുണ്ട്. സർക്കാർ ഓഫിസുകളിൽ പലയിടത്തും ഇടനിലക്കാരുടെ ഭരണമാണ്. മണ്ണെടുപ്പ്, നിലംനികത്തൽ, പെട്രോൾ പമ്പിന് അനുമതി ലഭ്യമാക്കൽ, ക്വാറികളുടെ ലൈസൻസ് തുടങ്ങിയതൊക്കെ സംഘടിപ്പിക്കാൻ ഇടനിലക്കാരുണ്ട്. അവർ എല്ലാവർക്കും പടി നിശ്ചയിച്ചിട്ടുണ്ട്. അത് കൊടുക്കും. കാര്യം നടത്തും. റജിസ്ട്രാർ ഓഫിസിലും ഇടനിലക്കാരാണ്. എങ്കിലും ചില ഉദ്യോഗസ്ഥർ തങ്ങളുടെ തടി കേടാകുന്ന വിഷയങ്ങളിലൊന്നും വഴങ്ങിക്കൊടുക്കില്ല. കണ്ണൂർ എഡിഎം ആയിരുന്ന നവീൻ ബാബു നിയമപ്രകാരമുള്ള നടപടികൾ പൂർത്തിയാക്കണമെന്ന് നിർബന്ധമുള്ള ആളായിരുന്നു എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അതിന് അദ്ദേഹത്തിന് നഷ്ടമാക്കേണ്ടിവന്നത് സ്വന്തം ജീവനും.

എഡിഎം നവീൻ ബാബുവിനെ കണ്ണൂരിലെ ക്വാർട്ടേഴ്സിൽ മരിച്ച നിലയിൽ കണ്ടെത്തിയതിനു പിന്നാലെയാണ് അദ്ദേഹത്തിന്റെ യാത്രയയപ്പ് യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ നടത്തിയ പ്രസംഗത്തിന്റെ വിഡിയോയും പ്രചരിച്ചു തുടങ്ങിയത്. സത്യസന്ധനായ ഒരു ഉദ്യോഗസ്ഥന്റെ ആത്മാഭിമാനത്തിന് മുറിവേൽപിക്കുന്ന പ്രസംഗം ആയിരുന്നു അതെന്ന് ഉറപ്പാണ്. ടി. വി. പ്രശാന്ത് എന്നയാൾ ചെങ്ങളായിയിൽ ഒരു



www.malankaralibrary.com



പെട്രോൾ പമ്പ് തുടങ്ങാൻ അനുമതി ചോദിച്ചിട്ടും എഡിഎം അതു വൈകിച്ചെന്നും ഒടുവിൽ അതു കിട്ടിയതെങ്ങനെ എന്ന് തനിക്കറിയാം എന്നും ദിവ്യ പറഞ്ഞു. ഇനി പോകുന്നിടത്തെങ്കിലും ഇങ്ങനെ യാകരുതെന്ന് ഉപദേശിക്കാനും മറന്നില്ല. മാത്രമല്ല, താൻ പറഞ്ഞതൊക്കെ ചിത്രീകരിക്കാൻ വീഡിയോഗ്രഫറെ ഏർപ്പാടും ചെയ്തു. പിന്നീട് ആ ക്ലിപ്പ് വ്യാപകമായി ആരോ പ്രചരിപ്പിക്കുകയും ചെയ്തു. എഡിഎം നവീൻ ബാബു 'ജീവനൊടുക്കാൻ' കാരണമായത് ദിവ്യ നടത്തിയ അധിക്ഷേപം തന്നെയാണെന്ന് അഭിപ്രായം ഉയർന്ന ഘട്ടത്തിലാണ് ഇടതു സൈബർ പോരാളികൾ ദിവ്യക്ക് സംരക്ഷണമൊരുക്കി രംഗത്തു വന്നത്. അങ്ങനെ ഒരാൾ ഇട്ട പോസ്റ്റിൽ പെട്രോൾ പമ്പ് അനുവദിക്കുന്നതിൽ എന്താണ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ റോൾ എന്നൊരു ചോദ്യം ഞാൻ ഉന്നയിച്ചു. അഴിമതി കണ്ടാൽ അതു ചൂണ്ടിക്കാട്ടുക ജനപ്രതിനിധിയുടെ കടമയാണ് തുടങ്ങി ന്യായീകരണ ഘോഷയാത്രയായിരുന്നു പിന്നീട്. ഈ പമ്പിൽ പി. പി. ദിവ്യയുടെ താൽപര്യമെന്തെന്ന ചോദ്യത്തിന് ഉത്തരം കിട്ടിയുമില്ല. സിപിഎം കണ്ണൂർ ജില്ലാ കമ്മിറ്റി നടത്തിയ പ്രസ്താവനയിലും ദിവ്യയെ പൊതിഞ്ഞു പിടിക്കുകയായിരുന്നു. സദുദ്ദേശ്യത്തോടെ നടത്തിയ വിമർശനമാണെങ്കിലും അത് ഉന്നയിച്ചയിടം തെറ്റിപ്പോയെന്ന മട്ടിലൊരു അഴകൊഴമ്പൻ പ്രസ്താവനയിൽ അതൊതുങ്ങി. എന്നാൽ സിപിഎം പത്തനംതിട്ട ജില്ലാ കമ്മിറ്റിക്ക് ന്യായീകരണത്തിനു ബുദ്ധിമുട്ടുണ്ടായിരുന്നു. കാരണം എഡിഎം നവീൻ ബാബുവിന്റെ കുടുംബം സിപിഎം അനുഭാവികളാണ്. കാലിനടിയിലെ മണ്ണൊലിച്ചുപോകുമെന്ന തോന്നൽ കൊണ്ടാവും പത്തനംതിട്ട ജില്ലാ സെക്രട്ടറി തന്നെ ദിവ്യയെ എതിർത്ത് രംഗത്തെത്തി. പക്ഷേ, സിപിഎം നാടകം തുടർന്നു. രണ്ടു ദിവസത്തിനു ശേഷം നിൽക്കക്കള്ളിയില്ലാതെ വന്നപ്പോൾ ജില്ലാ പഞ്ചായത്ത് പ്രസിഡന്റു സ്ഥാനത്തുനിന്ന് ദിവ്യ രാജി നൽകി. അപ്പോഴും പാർട്ടി നടപടിയൊന്നും എടുത്തില്ല.

ഇതിനിടെയാണ് എഡിഎമ്മിന് കൈക്കൂലി നൽകി എന്ന് ആരോപിച്ച് ടി.വി. പ്രശാന്തൻ മുഖ്യമന്ത്രിക്കു നൽകിയ പരാതിക്കത്ത് പ്രചരിച്ചത്. ഈ കത്ത് പക്ഷേ മുഖ്യമന്ത്രിക്ക് കിട്ടിയിട്ടില്ലെന്ന് സ്ഥിരീകരിക്കപ്പെട്ടു. മാത്രമല്ല, ഒക്ടോബർ 10 തീയതിവച്ചെഴുതിയ കത്തിൽ എഡിഎമ്മിന്റെ ചുമതല വഹിച്ചിരുന്ന നവീൻ ബാബു എന്ന പ്രയോഗം ഉണ്ട്. നവീൻ ബാബു 10നു ശേഷവും എഡിഎം ആയിരുന്നു എന്നോർക്കണം. അതായത് നവീൻ ബാബുവിന്റെ മരണശേഷം കെട്ടിച്ചമച്ച കത്ത് ആണിതെന്ന് വ്യക്തമാകുന്നു. എന്നിട്ടും വ്യാജക്കത്ത് ആരു തയ്യാറാക്കി എന്ന കാര്യത്തിൽ



അന്വേഷണമില്ല. കൈക്കൂലി വാങ്ങുന്നതുപോലെ തന്നെ തെറ്റാണ് കൈക്കൂലി കൊടുക്കുന്നതും. അങ്ങനെയെങ്കിൽ കൈക്കൂലി കൊടുത്തയാൾക്കെതിരെയും നടപടി വേണ്ടേ?

ആത്മഹത്യാ പ്രേരണക്കുറ്റം ചുമത്തിയിട്ടും ദിവ്യയെ ചോദ്യംചെയ്യാൻ പോലും പൊലീസിന് ആയില്ല. 9 ദിവസത്തോളം സംസ്ഥാന മുഖ്യമന്ത്രി മൗനത്തിലുമായിരുന്നു. പാർട്ടിയിലും മുന്നണിയിലും സമ്മർദമേറിയതോടെയാണ് നവീൻ ബാബു സത്യസന്ധനായ ഉദ്യോഗസ്ഥനായിരുന്നു എന്ന് മുഖ്യമന്ത്രി പറഞ്ഞത്. അപ്പോഴും ദിവ്യ എവിടെയെന്ന് കണ്ടെത്താൻ പൊലീസിനു കഴിഞ്ഞിട്ടില്ല. മുൻകൂർ ജാമ്യാപേക്ഷയിൽ തീരുമാനമാകുംവരെ ദിവ്യയെ അറസ്റ്റ് ചെയ്യേണ്ടെന്ന നിർദേശം ഉന്നതതലത്തിൽ നിന്നു കൊടുത്തി

www.malankaralibrary.com



രിക്കുന്നു എന്നു സാരം. ഇതിനിടെ എഡിഎമ്മിനെ അഴിമതിക്കാരനായി ചിത്രീകരിക്കാനുള്ള ശ്രമം തുടരുകയും ചെയ്യുന്നു. കെട്ടിച്ചമച്ച പരാതികൾ പ്രചരിപ്പിച്ചും എഡിഎം അഴിമതിക്കാരനാണെന്ന വാദം ഉന്നയിച്ചുമാണ് ജാമ്യം തേടിയതെന്നു കാണാം. ഡിവൈഎഫ്ഐയുടെ പ്രതികരണവും അത്തരത്തിലുള്ളതായിരുന്നു. മൊത്തത്തിൽ നോക്കുമ്പോൾ പത്തനംതിട്ടയിലെ പാർട്ടി നവീൻ ബാബുവിന്റെ കുടുംബത്തോടൊപ്പം എന്ന തോന്നലുണ്ടാക്കുകയും കണ്ണൂരിലെ പാർട്ടിയുടെ നേതൃത്വത്തിൽ ദിവ്യയെ സംരക്ഷിക്കുകയും ചെയ്യുന്ന ഇരട്ടത്താപ്പ് ആണ് പാർട്ടി സ്വീകരിക്കുന്നതെന്നു കാണാം. പമ്പിനു വേണ്ടി അപേക്ഷിച്ച പരിയാരം മെഡിക്കൽ കോളജ് ജീവനക്കാരനെതിരെ നടപടിയുണ്ടോ, ഈ പെട്രോൾ പമ്പിന്റെ കാര്യത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ പ്രത്യേക താൽപര്യം എന്താണ് തുടങ്ങിയ ചോദ്യങ്ങൾക്കൊന്നും ഉത്തരമില്ല.

ഇവിടെ പ്രസക്തമായ ചോദ്യം ഇതാണ്. പി.പി. ദിവ്യ ഒരു ജില്ലാ പഞ്ചായത്തിന്റെ പ്രസിഡന്റ് എന്ന നിലയിൽ വിപുലമായ അധികാരമുള്ളയാളാണ്. ആ അധികാരം അവർ ശരിയായ രീതിയിലാണോ വിനിയോഗിച്ചത്?

കുറച്ചുദിവസം മുമ്പാണ് കണ്ണൂരിൽ നിന്നു തന്നെയുള്ള ചിത്രലേഖയുടെ മരണവും റിപ്പോർട്ട് ചെയ്യപ്പെട്ടത്. ദളിത് കുടുംബാംഗമായ ചിത്രലേഖ സിപിഎം വിരുദ്ധയായതിന്റെ പേരിൽ അനുഭവിച്ചത് ഏറെയാണ്. അവരെ സ്റ്റാൻഡിൽ ഓടാൻ അനുവദിക്കുമായിരുന്നില്ല. അവരുടെ ഓട്ടോ റിക്ഷ രണ്ടുതവണയാണ് തീവയ്ക്കപ്പെട്ടത്. ഒന്നിലും ഒരു നടപടിയും ഉണ്ടായില്ല. ഇത്തരം ഒരു സംഭവം ഉണ്ടായെങ്കിലും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അതിൽ ഇടപെട്ടതായി അറിയില്ല. അതേ സമയം പാർട്ടി പ്രവർത്തകനും സർക്കാർ ജീവനക്കാരനുമായ ടി.വി. പ്രശാന്തന്റെ പെട്രോൾ പമ്പ് വിഷയത്തിൽ ദിവ്യ പ്രത്യേക താൽപര്യമെടുത്ത് എഡിഎമ്മിനെ വിളിക്കുന്നുണ്ട്. താൻ പറഞ്ഞിട്ടു നടക്കാതെ പോയ കാര്യം പിന്നീട് നടന്നുകിട്ടി എന്നറിഞ്ഞ ശേഷമാണ് ദിവ്യ എഡിഎമ്മിന്റെ യാത്രയയപ്പ് യോഗത്തിൽ ക്ഷണമില്ലാതെ പോയി വായിൽ തോന്നിയതൊക്കെ വിളിച്ചുപറയുന്നത്. തെളിവൊന്നുമില്ലാതെ വായിൽ തോന്നിയതു വിളിച്ചുപറഞ്ഞ ദിവ്യ അധികാരം എങ്ങനെ വിനിയോഗിക്കണമെന്ന് അറിയാത്ത അധികാരിയായിപ്പോയി എന്നു പറയാതെ വയ്യ.

ഇനി സംസ്ഥാനം ഭരിക്കുന്ന അധികാരികൾ ശരിയായ രീതിയിൽ അധികാരം വിനിയോഗിക്കുന്നുണ്ടോ? ദിവ്യ ഇപ്പോഴും ഒളിവിലാണെന്ന ന്യായീകരണം മാത്രം മതി സംസ്ഥാന ഭരണകൂടം അധികാരം എങ്ങനെ വിനിയോഗിക്കുന്നു എന്നു മനസ്സിലാക്കാൻ.

സിദ്ധാർഥ് എന്നൊരു വിദ്യാർഥി പൂക്കോട് വെറ്ററിനറി ക്യാംപസിൽ 'ജീവനൊടുക്കി'യതിന്റെ പിന്നിൽ എസ്എഫ്ഐ പ്രവർത്തകരാണെന്ന ആരോപണം വലിയ കോളിളക്കമുണ്ടാക്കിയിരുന്നു. പക്ഷേ അവിടെയും അന്വേഷണം വഴി പാടായിരുന്നു. സമ്മർദം മുറുകിയപ്പോൾ കുറച്ചു പേരെ അറസ്റ്റ് ചെയ്തെങ്കിലും അവരൊക്കെ പുറത്തിറങ്ങി. ആവശ്യമായ ഹാജർ പോലുമില്ലെങ്കിലും അവർക്കൊക്കെ പരീക്ഷയുമെഴുതാനായി. കേരളത്തിൽ കാര്യങ്ങൾ അങ്ങനെയൊക്കെയാണ്. നിങ്ങൾ ഭരണകക്ഷിയുടെ ആളാണെങ്കിൽ എന്തും ചെയ്യാം. പേടിക്കേണ്ട. അതാണ് സ്ഥിതി.

നവീൻ ബാബുവിന്റെ മരണത്തിലേക്കു തന്നെ മടങ്ങിവരാം. കേരള സർക്കാരിനു കീഴിലെ ഏറ്റവും പ്രധാനപ്പെട്ട വകുപ്പുകളിലൊന്നാണ് റവന്യൂ. ഈ വകുപ്പിൽ കാര്യങ്ങൾ നടക്കുന്നതെങ്ങനെ എന്നറിയാമെന്നാണ് പി.പി. ദിവ്യയുടെ പ്രസംഗത്തിന്റെ സാരം. ഇപ്പോൾ കോടതിയിലും വാദിക്കുന്നത് താൻ അഴിമതിക്കെതിരെ പോരാടുകയായിരുന്നു എന്നാണ്. കേരളത്തിലെ ഏറ്റവും വലിയ സർവീസ് സംഘടന സിപിഎം നേതൃത്വം നൽകുന്ന എൻജിഒ യൂണിയനാണ്. സിപിഐ നേതൃത്വം നൽകുന്ന ജോയിന്റ് കൗൺസിൽ റവന്യൂ വകുപ്പിൽ ശക്തമാണ്. ഈ രണ്ടു പാർട്ടികളും അഴിമതിക്കെതിരെ പോരാടുന്നു എന്ന് അവകാശപ്പെടുന്നവരാണ്. എന്നിട്ടും സിപിഎമ്മിന്റെ പ്രമുഖ നേതാവിനു തന്നെ അഴിമതിയുണ്ടെന്നു പറയേണ്ടി വരുന്നെങ്കിൽ അവർ കുറ്റപ്പെടുത്തുന്നത് സ്വന്തം പാർട്ടി നേതൃത്വം നൽകുന്ന സർവീസ് സംഘടനയിലെ അംഗങ്ങളെയാണ് എന്നതും മറന്നുകൂടാ. എവിടെപ്പോയി അഴിമതിവിരുദ്ധ പോരാട്ടം എന്നു ചോദിക്കാതെ വയ്യ.

അഴിമതിക്കെതിരെ വിരൽ ചൂണ്ടുക എന്നത് ജനപ്രതിനിധിയുടെ ദൗത്യമാണ് എ്ന്ന് ഇടതു കേന്ദ്രങ്ങൾ പറയുന്നു. അങ്ങനെയെങ്കിൽ മുഖ്യമന്ത്രി ഉൾപ്പെടെ പ്രതിക്കൂട്ടിലായ കേസുകളിൽ ദിവ്യ ഉൾപ്പെടെയുള്ള ഇടതു നേതാക്കൾ മൗനം പാലിക്കുകയായിരുന്നില്ലേ എന്നു ചോദിക്കേണ്ടിവരും. അപ്പോൾ അഴിമതിവിരുദ്ധ പോരാട്ടം ഒന്നുമല്ല, നിയമവിരുദ്ധമായ കാര്യങ്ങൾ നടത്തിക്കിട്ടാതെ വരുമ്പോഴുള്ള അരിശം മാത്രമാണ് ദിവ്യയുടെ പ്രസംഗത്തിലുണ്ടായിരുന്നതെന്നു

www.malankaralibrary.com



വ്യക്തമാകുന്നു. എഡിഎം കൈക്കൂലി വാങ്ങിയെന്ന് ബോധ്യമുണ്ടായിരുന്നെങ്കിൽ അവർക്ക് ഉചിതമായ വേദിയിൽ പരാതി കൊടുക്കാമായിരുന്നു. അതും ചെയ്തില്ല.

കേരളത്തിലിപ്പോൾ എല്ലാം അങ്ങനെയാണ്. ഏത് അഴിമതി പുറത്തുവന്നാലും എന്റെ മടിയിൽ കനമില്ല എന്നു മുഖ്യമന്ത്രി പറയുന്നതോടെ അവസാനിക്കുന്നു. അന്വേഷണം പോയിട്ട് വെറുതെ ചോദിക്കുക പോലും ഇല്ല. ഏറ്റവും ഒടുവിൽ രണ്ട് എംഎൽഎ മാരെ കൂറുമാറ്റാൻ മറ്റൊരു എം എൽ എ 100 കോടി വാഗ്ദാനം ചെയ്ത കാര്യം മുഖ്യമന്ത്രി അറിഞ്ഞത്രേ. ഇത്ര വലിയ അഴിമതി കണ്ടിട്ടും മുഖ്യമന്ത്രി എന്തു നടപടിയെടുത്തു എന്നു ചോദിച്ചാൽ ഒന്നും ചെയ്തില്ലെന്നു മറുപടി കിട്ടും. നിലമ്പൂർ എംഎൽഎ പി.വി. അൻവർ മുഖ്യമന്ത്രിയുടെ വിശ്വസ്തനായ എഡിജിപിക്ക് എതിരെ ആരോപണം ഉന്നയിച്ചിട്ടും ഫലമൊന്നുമുണ്ടായില്ല. മലപ്പുറത്തെ സ്വർണം പൊട്ടിക്കൽ സംഘവുമായി എഡിജിപിക്കും മുൻ എസ്പിക്കും ബന്ധമുണ്ടെന്ന ആരോപണം പോലും തമാശയായാണ് മുഖ്യമന്ത്രി എടുത്തത്. ആർ. എസ്. എസ് നേതാക്കളുമായി എഡിജിപി കൂടിക്കാഴ്ച നടത്തിയെന്ന പ്രതിപക്ഷ നേതാവിന്റെ ആരോപണം പുറത്തുവന്നിട്ടും നടപടിയുണ്ടായില്ല. ഒടുവിൽ സമ്മർദം മുറുകിയപ്പോൾ ഒരു മാസം കഴിഞ്ഞ് പേരിനൊരു സ്ഥാനമാറ്റം നടത്തി എഡിജിപിയെ രക്ഷിക്കുകയായിരുന്നു.

കേരളത്തിലെ സഹകരണ മേഖലയിൽ നിന്ന് ആയിരക്കണക്കിന് കോടി രൂപയാണ് വിവിധ രാഷ്ട്രീയ കക്ഷികളിലെ നേതാക്കൾ കൊള്ളയടിച്ചത്. ഇതിൽ ഏറിയ പങ്ക് സഹകരണ ബാങ്കുകളും ഭരിച്ചിരുന്നത് ഇടതു നേതൃത്വത്തിലുള്ള ഭരണസമിതികളായിരുന്നു. ആരുടെയും പണം പോകില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞിട്ടും ഇതുവരെ ആർക്കും പണം കിട്ടിയിട്ടില്ല. ഇതുപോലെ ആസൂത്രിതമായ ബാങ്ക് കൊള്ള വേറെ എവിടെയും നടന്നിട്ടില്ല. കഷ്ടപ്പെട്ടുണ്ടാക്കിയ പണം നഷ്ടപ്പെട്ട നിക്ഷേപകർ ആത്മഹത്യയുടെ വക്കിലാണ്. അധികാരം ശരിയായി വിനിയോഗിക്കുന്ന ഒരു ഭരണാധികാരിയുണ്ടായിരുന്നെങ്കിൽ ഈ ഗതി വരുമായിരുന്നില്ല. ഈ കേസുകൾ വച്ച് കേരള ഭരണകൂടത്തെ വരുതിക്കു നിർത്താനല്ലാതെ ജനത്തിനു വേണ്ടി ഒന്നും ചെയ്യാൻ കേന്ദ്രത്തിനും ആവുന്നില്ല. അവരും അധികാരം ശരിയായി വിനിയോഗിക്കാൻ മറന്നിരിക്കുന്നു. ചുരുക്കത്തിൽ തരാതരം പോലെ അഴിമതിവിരുദ്ധ പോരാട്ടവും അഴിമതിക്കാരെ സംരക്ഷിക്കലും നേതാക്കൾ നടത്തും. കൈയടിക്കാൻ മാത്രമാണ് ജനത്തിന് റോൾ. ഇതിനിടെ ഈ പോരാട്ടത്തിനിരയായി ചില നിരപരാധികൾ ആത്മഹത്യ ചെയ്തേക്കും. അതൊക്കെ ആരു നോക്കുന്നു. ജയിക്കാൻ ചിലരും തോൽക്കാൻ ജനവും.

**മേമ്പൊടി**

നീചന്റെ അവസാന അഭയ സ്ഥാനമാണ് ദേശസ്നേഹം എന്നു പറഞ്ഞത് ചിന്തകനായ സാമുവൽ ജോൺസൺ ആണ്. എന്നാൽ നീചന്റെ അവസാന അഭയസ്ഥാനമാണ് രാഷ്ട്രീയം എന്ന് അതിനൊരു വകഭേദവുമുണ്ട്. രാജ്യത്തെ രാഷ്ട്രീയക്കളികൾ കാണുമ്പോൾ അതു പറയാതെ വയ്യ. മഹാരാഷ്ട്രയാണ് ഏറ്റവും നല്ല ഉദാഹരണം. ഇന്നലെ വരെ ബിജെപിയായിരുന്നയാൾ ഇന്ന് സഖ്യകക്ഷിയായ ശിവസേനയിൽ ചേരുന്നു. നിയമസഭയിലേക്ക് മത്സരിക്കാൻ വേണ്ടി മാത്രം. ശിവസേനയിലായിരുന്നയാൾ പെട്ടെന്ന് അജിത് പവാറിന്റെ എൻസിപിയിൽ ചേരുന്നു. അതും മത്സരിക്കാൻ സീറ്റ് ഉറപ്പാക്കാൻ വേണ്ടി മാത്രം. കർണാടകയിൽ ബിജെപിയുടെ എംഎൽസി നേരെ പോയത് കോൺഗ്രസിലേക്കാണ്. സീറ്റ് ഉറപ്പാക്കിത്തന്നെ. സത്യത്തിൽ എന്താണ് ഇവരുടെ രാഷ്ട്രീയം?. കേരളവും മോശമല്ലല്ലോ. ഇന്നലെ വരെ കോൺഗ്രസിന്റെ സൈബർ വിഭാഗത്തെ നയിച്ച് എതിർ കക്ഷിയെ അറഞ്ചം പുറഞ്ചം വിമർശിച്ചയാൾ നേരം വെളുത്തപ്പോൾ സിപിഎം സ്ഥാനാർഥിയാകുന്നു. ഒരാൾ ഒരു രാഷ്ട്രീയ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ഒരു രാഷ്ട്രീയ കക്ഷിയിൽ അംഗത്വമെടുക്കുന്നത്. ആ വിചാരധാരയുമായി ഒരു ബന്ധവുമില്ലാത്ത മറ്റൊരു രാഷ്ട്രീയ കക്ഷിയിലേക്ക് അയാൾക്ക് പെട്ടെന്ന് മാറാൻ കഴിയുന്നുണ്ടെങ്കിൽ അത് യഥാർഥ രാഷ്ട്രീയമല്ല, മറിച്ച് കരിയർ രാഷ്ട്രീയം മാത്രമാണ്. സത്യത്തിൽ രാജ്യം മുഴുവൻ ഒരു പുതിയ പ്രഭുവർഗം രൂപപ്പെട്ടിട്ടുണ്ട്. രാഷ്ട്രീയ കക്ഷികളുടെ നേതാക്കളാണ് ഇവർ. വലിയ നേതാക്കൾ വലിയ പ്രഭുക്കളും ചെറിയ നേതാക്കൾ ചെറിയ പ്രഭുക്കളും. പണ്ട് നാടുവാഴികളും അവർക്കു താഴെ ഇടപ്രഭുക്കന്മാരും ഉണ്ടായിരുന്നതുപോലെ തന്നെ. ഈ പ്രഭുവർഗമാണ് ഇപ്പോൾ കാര്യങ്ങൾ നിശ്ചയിക്കുന്നത്. ആ പ്രഭുവർഗത്തിലേക്ക് ഇടിച്ചു കയറാൻ വലിയ തള്ളാണ്. അപ്പോൾ ആദർശമെന്ത്. ആരോ പറഞ്ഞതുപോലെ അധികാരം എവിടെ കിട്ടുമോ അതാണ് എന്റെ പാർട്ടി, അതാണ് എന്റെ പ്രത്യയശാസ്ത്രവും.

www.malankaralibrary.com



നിരീക്ഷണം



# രത്തൻ പഠിപ്പിച്ച പാഠരത്നങ്ങൾ

റവ. ഡോ. തോമസ് കുഴിനാപ്പുറത്ത്

കഴിഞ്ഞ ആഴ്ച നിര്യാതനായ രത്തൻ നവൽ ടാറ്റ മാധ്യമങ്ങളുടെ മുഴുവൻ ചർച്ചാവിഷയമായിരുന്നു. രാഷ്ട്ര നേതൃത്വവും വ്യാവസായിക പ്രമുഖരും അദ്ദേഹത്തിനു മേൽ അപദാനങ്ങൾ ആവോളം വർഷിച്ചു. എല്ലാറ്റിലുമുപരി ഹൃദയത്തിൽ പരസ്നേഹം കത്തിജ്ജ്വലിച്ചു നിന്നിരുന്ന ഒരു മനുഷ്യ സ്നേഹിയായിരുന്നു രത്തൻ ടാറ്റ. 1937 ഡിസംബർ 28 മുതൽ 2024 ഒക്ടോബർ 9 വരെ നീണ്ടു നിന്ന ആ ധന്യജീവിതം വിശ്വമാനവ സമൂഹത്തിന് പല പാഠങ്ങളും പകർന്നു നല്കിയിട്ടാണ് കടന്നു പോയത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ടാറ്റാ കമ്പനിയുടെ വരുമാന വർദ്ധനവ് തുടക്കത്തിൽ നിന്നും 41 ഇരട്ടിയായിരുന്നു. അദ്ദേഹം ചുമതല ഏൽക്കുമ്പോൾ ടാറ്റ ഗ്രൂപ്പിന്റെ വാർഷിക വരുമാനം 400 കോടി ഡോളർ ആയിരുന്നെങ്കിൽ ഇന്നത് 16500 കൊടിയിലെത്തി നിൽക്കുന്നു. ഇത് പെട്ടെന്നു സംഭവിച്ചതല്ല. പല തിരിച്ചടികളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ടുള്ള ഒരു വളർച്ചയായിരുന്നു. നല്ല തീരുമാനങ്ങൾ ശരിയായ സമയത്തെടുക്കുവാൻ രത്തന് സാധിച്ചതാണ് ഈ വിജയത്തിന്റെ പിന്നിലെ ഒരുകാരണം.

കമ്പനിയുടെ വിവിധ ശാഖകൾ സ്വയം പര്യാപ്തതയിൽ വ്യാപാരിച്ചിരുന്ന, കാര്യങ്ങൾ കൈവിട്ടു പോകുമെന്ന ഒരു സാഹചര്യമായിരുന്നു രത്തൻ ചുമതല ഏൽക്കുമ്പോൾ ഉണ്ടായിരുന്നത്. അവിടെ എല്ലാറ്റിനെയും ടാറ്റാ സൺസ് എന്ന ഒറ്റ കുടക്കീഴിലാക്കാൻ അദ്ദേഹത്തിന് കുറച്ചു വിയർപ്പൊഴുക്കേണ്ടി വന്നെങ്കിലും ഒടുവിൽ അദ്ദേഹം വിജയിച്ചു മുന്നേറുന്നതിനാണ് ചരിത്രം സാക്ഷ്യം വഹിച്ചത്. ശരിയായ സമയത്ത് ശരിയായ തീരുമാനങ്ങൾ കൈക്കൊള്ളുവാനുള്ള കഴിവ്

www.malankaralibrary.com





നേതൃത്വത്തിന് അനുപേക്ഷണീയമാണെന്നു രത്തൻ ലോകത്തെ പഠിപ്പിക്കുക കൂടിയായിരുന്നു ഈ വിജയത്തിലൂടെ. തന്റെ വ്യവസായ ത്തിന്റെ വളർച്ചയിലൂടെ ഇന്ത്യയുടെ വളർച്ചയാണ് ലക്ഷ്യം വയ്ക്കുന്നതെന്ന് പ്രഖ്യാപിക്കുകയായിരുന്നു, നഷ്ടത്തിലേക്ക് കൂപ്പുകുത്തി കൊണ്ടിരുന്ന 'എയർ ഇന്ത്യ'യെ ഏറ്റെടുത്തതിലൂടെ ടാറ്റ ഗ്രൂപ്പ് ചെയ്തത്. അതിരുകളില്ലാതിരുന്ന മനുഷ്യസ്നേഹമായിരുന്നു അദ്ദേഹത്തിന്റെ മറ്റൊരു സ്വഭാവ വൈശിഷ്ട്യം.

1984-ൽ ഇന്ദിരാ ഗാന്ധിയുടെ വധത്തെ തുടർന്നുണ്ടായ സിഖ് വിരുദ്ധ കലാപങ്ങളിൽ ദുരിതമനുഭവിക്കുന്നവർക്ക് നേരെ ആ കരം നീണ്ടു ചെന്നത് സൗജന്യ ട്രക്കുകളുടെ രൂപത്തിലായിരുന്നു. 2008-ൽ മുംബൈ താജ് ഹോട്ടലിൽ 58 പേരുടെ ജീവൻ രക്ഷിച്ചുകൊണ്ടു സ്വന്തം ജീവൻ ബലിയർപ്പിച്ച മലയാളിയായ വർഗീസ് തോമസിന്റെ വിധവ സുനു വർഗീസിനും മക്കൾക്കും കാണപ്പെടുന്ന ദൈവമായെത്തിയത് സാക്ഷാൽ രത്തൻ ടാറ്റ തന്നെയായിരുന്നു. ന്യൂ സൗത്ത് വെയിൽസ്, കാലിഫോർണിയ, കോർണെൽ, ഹാർവാർഡ് തുടങ്ങിയ വിദേശ സർവ്വകലാശാലകളിൽ അനേക ദശലക്ഷം ഡോളറുകളാണ് അദ്ദേഹം സ്കോളർഷിപ്പുകളിലൂടെ നിർധന വിദ്യാർഥികളുടെ ഉന്നമനത്തിനായി വർഷം തോറും നൽകി വന്നത്. ഇന്ത്യയിൽ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് നൽകുന്ന സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. മുംബൈയിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്ന സ്ഥാപനത്തിനു മാത്രം 2014-ൽ നൽകിയത് 950 ദശലക്ഷം രൂപയാണ്.

നൂറോളം രാജ്യങ്ങളിൽ വ്യാപിച്ചു കിടക്കുന്ന സമ്പന്നമായ ഒരു വ്യവസായ സ്ഥാപനത്തിന്റെ ഉടമയായിരുന്നെങ്കിലും രത്തന്റെ പേര് ലോക സമ്പന്നന്മാരുടെ പട്ടികയിൽ ഏറെ താഴെയായി പോയതിനു പിന്നിലുള്ള ഏക കാരണവും ഇതുതന്നെ. യഥാർത്ഥത്തിൽ സമ്പന്നനാകേണ്ടത് എങ്ങനെയെന്ന് അദ്ദേഹം ലോകത്തെ പഠിപ്പിക്കുകയായിരുന്നു. മനുഷ്യരെ മാത്രമല്ല പ്രകൃതിയെയും രത്തൻ അളവറ്റ് സ്നേഹിച്ചിരുന്നു. ശാന്തനു നായിഡു എന്ന ചെറുപ്പക്കാരൻ തെരുവ് നായകളെ സംരക്ഷിക്കുന്നതിനുള്ള ഒരു പുതിയ പ്രൊജക്റ്റുമായി ചെന്നപ്പോൾ പ്രോജെക്ട് അംഗീകരിച്ചു എന്ന് മാത്രമല്ല അവനെ തന്റെ സന്തത സഹചാരിയായി കൂടെ കൂട്ടുകയും ചെയ്തു. ഗോവയിൽ വെച്ച് തന്റെ കാറിൽ ചാടിക്കയറിയ തെരുവ് നായയെ വീട്ടിൽ കൊണ്ടുവന്നു അതിനു 'ഗോവ' എന്ന പേരിടാൻ രത്തന് മാത്രമേ സാധിക്കുകയുള്ളൂ. നമുക്ക് മാതൃകയാക്കാവുന്ന നേതൃത്വ ഗുണവും, ദേശസ്നേഹവും, സാമൂഹിക പ്രതിബദ്ധതയും, പ്രകൃതി സ്നേഹവും ഒക്കെ നാം രത്തനിൽ നിന്നും പഠിക്കേണ്ട പാഠരത്നങ്ങൾ തന്നെയാണ്. അങ്ങനെയാണ് രത്തൻ എന്ന തന്റെ പേരിൽ ഒളിച്ചുവെച്ച 'രത്നം' എന്ന വലിയ അർത്ഥത്തെ അദ്ദേഹം അന്വർത്ഥമാക്കിയത്.

www.malankaralibrary.com





# ശ്റോഗോ ദ് ഉറ്ഹോ (വഴിവിളക്ക്)



റവ. ഡോ. തോമസ് പ്രമോദ് ഒ.ഐ.സി.

## ആരാധനയും വാങ്ങിപ്പോയവരുടെ സംസർഗ്ഗവും

സുറിയാനി പാരമ്പര്യം മരണത്തെ അ്നാദ് എന്ന പദത്തിൽ വിവരിക്കുമ്പോൾ അർത്ഥമാക്കുന്നത് കടന്ന് പോകൽ എന്നാണ്. മരണത്തിന്റെ ആഴമേറിയ ദൈവശാസ്ത്രമാണിവിടെ ചിന്തനീയമാകുന്നത്. മരിച്ചുപോയവരെ, വാങ്ങിപ്പോയവർ (ആനീദെ) എന്ന് ആരാധനാക്രമം സുപരിചിതമാക്കുന്നു. ശരീരത്തിൽ നിന്നുള്ള ആത്മാവിന്റെ കടന്നുപോകലാണ് ഇവിടെ സൂചിതമാകുന്നത്. ആത്മാവ് അതിന്റെ ഉടയവനിലേക്ക് തിരികെ പോകുന്നു; കാലാവസാനത്തിൽ അത് തന്റെ വാസസ്ഥലത്തേക്ക് മടങ്ങിപ്പോകുന്നു. പ്രാർത്ഥിക്കുന്നത് വിശ്വസിക്കുന്നു എന്ന സഭാപാരമ്പര്യം, പ്രസ്തുത മരണ ദൈവശാസ്ത്രം ആരാധനയിലൂടെ പ്രഘോഷിക്കുന്നു. മരണമെന്ന യാഥാർത്ഥ്യത്തിന്റെ രഹസ്യാത്മകതയാണ് ഇവിടെ അവതരിപ്പിക്കുന്നത്. ജീവചൈതന്യത്തിന്റെ വേർപാടായി മരണത്തെ ദർശിക്കുകയാണിവിടെ. മരണമെന്ന പരമസത്യത്തിന് ക്രിസ്തീയമായ വ്യക്തത നല്കിയത് മ്ശിഹായുടെ മരണവും ഉത്ഥാനവുമാണ്. അപ്രകാരം എത്തിച്ചേരേണ്ട ഇടത്തിലേക്കുള്ള സമർപ്പണ പ്രയാണമായി വേർപാടിനെ ദർശിക്കുവാൻ ദൈവശാസ്ത്രസമീപനം ശ്രദ്ധവയ്ക്കുന്നു. വാങ്ങിപ്പോകുന്ന ആത്മാവ് തന്റെ യാത്രയയപ്പ് വേളയിൽ ഇപ്രകാരം മന്ത്രിക്കുന്നു: എന്റെ വാത്സല്യമുള്ളവരെ, നിങ്ങളെന്തിനകലെ നിൽക്കുന്നു! എന്നെ സമീപിച്ച് എനിക്ക് സമാധാനം തന്ന്, എനിക്കു വേണ്ടി പ്രാർത്ഥിക്കുകയും, നെടുവീർപ്പോടുകൂടെ എന്നെക്കുറിച്ച് വിലപിക്കുകയും ചെയ്യുവിൻ... കാനനപുഷ്പങ്ങൾ അമാനുഷിക കരങ്ങൾ നെയ്ത വസ്ത്രം ധരിക്കുന്നതുപോലെതന്നെ, ആദാമിന്റെ മക്കൾക്കായി പരിശുദ്ധാത്മാവു നെയ്തിട്ടുള്ള വസ്ത്രം ഉയിർപ്പിൽ നീതിമാരോടൊപ്പം (ഞാനും) ധരിക്കുമാറാകട്ടെ.

### ഓർമ്മയാചരണം

സഭയുടെ ഉദാത്തമായ പ്രാർത്ഥനയാണ് അവളുടെ ആരാധന. അനുസ്മരണം അതിലെ സുപ്ര

www.malankaralibrary.com



ധാന ഘടകമായി നിലകൊള്ളുന്നു. കർത്താവേ ഓർത്തുകൊള്ളണമേ എന്ന് അനുസ്യൂതം അവൾ ഉദ്ഘോഷിക്കുന്നു. ദൈവസ്മരണക്കായി വേർപെട്ടവരെ സമർപ്പിക്കുന്നത് ആരാധനയുടെ സ്വാഭാവഗുണമായി നിലകൊള്ളുന്നു. ദൈവീകസ്മരണയ്ക്ക് അവരെ അർഹരാക്കുവാനാണ് ഈ ഓർമ്മയാചരണം. കാരണം, ദൈവീക ചിന്തയിൽ സ്ഥിതിചെയ്യുന്ന ഒരുവന് മാത്രമേ അസ്തിത്വമുള്ളു എന്ന ആരാധനാദൈവശാസ്ത്രം ഇവിടെ അന്തർലീനമായിരിക്കുന്നു. ഉണ്ടാകണം എന്ന ദൈവീക ചിന്തയുടെ സഫലീകരണമായിരുന്നല്ലോ സൃഷ്ടികർമ്മം. ഓരോ അസ്തിത്വവും ഉണ്ടാകണമെന്ന ദൈവീകചിന്ത നിലനിൽക്കുമ്പോൾ അത് സജീവമാകുന്നു. രണ്ടാം വരവിനെക്കുറിച്ച് വി. കുർബാന ഉദ്ഘോഷിക്കുമ്പോൾ, പോകുവിൻ നിങ്ങളെ ഞാൻ അറിയുന്നില്ല എന്നുള്ള കഠോര ശബ്ദം കേൾക്കുവാൻ പാടില്ലായെന്ന് സഭ കേണപേക്ഷിക്കുന്നു. അസ്തിത്വത്തിന്റെ നിലനില്പ്പിന് ആവശ്യമായ ദൈവീക സ്മരണയാണിവിടെ ആരാധനാക്രമം സാക്ഷ്യപ്പെടുത്തുന്നത്. ദൈവം ഓർക്കുന്നു എന്നത് ദൈവം ജീവൻ നല്കുന്നു എന്ന് സാരം. നിത്യജീവന്റെ സ്വന്തമാക്കലിൽ അനിവാര്യമായിരിക്കുന്നത് പ്രസ്തുത സ്മരണയാണ്. പരേതർക്കായുള്ള സ്മരണയും നമസ്ക്കാരവും വഴി, കർത്താവേ ഓർത്തുകൊള്ളണമേയെന്നും, നിത്യജീവൻ നല്കണമേയെന്നുമാണ് പ്രാർത്ഥിക്കുന്നത്. നമ്മുടെ അനുസ്മരണവഴി, ദൈവീകസഹായം പരേതയേത്മാക്കൾ സ്വീകരിക്കുന്നു. ക്രിസ്തുവിന്റെ മുഖപ്രകാശം ലഭ്യമാകുവാൻ പ്രസ്തുത ഓർമ്മയാചരണം കാരണമാകുന്നു. വി. കുർബാനയിലെ ആറ് തുബ്ദേനുകളിൽ ആദ്യത്തെ മൂന്നെണ്ണം ജീവിച്ചിരിക്കുന്നവർക്ക് വേണ്ടിയാണെങ്കിൽ അവശേഷിക്കുന്നവ വാങ്ങിപ്പോയവരുടെ ഓർമ്മയ്ക്കായി സമർപ്പിച്ചിരിക്കുന്നു. ജീവന്റെ പുസ്തകമായ പ്രിസ്തായിൽ പരേതരുടെ പേരുകളും ഇവിടെ അനുസ്മരിക്കുന്നു.

## ദൂരസ്ഥരും സമീപസ്ഥരും തമ്മിലുള്ള കൂട്ടായ്മ

സഭയെന്ന ആരാധനാസമൂഹം ജീവിച്ചിരിക്കുന്നവരുടെയും മരിച്ചവരുടെയും സമ്മേളന വേദിയാണ്. അവിടെ സ്വർഗ്ഗവും ഭൂമിയും ഒരുമിച്ച് സമ്മേളിക്കുന്നു. ആരാധനയുടെ ആഘോഷകർ ദൃശ്യരായ ജീവിച്ചിരിക്കുന്നവരും അദൃശ്യരായ വാങ്ങിപ്പോയവരുമാണ്. മാലാഖമാരോടൊപ്പം ഏവരും ചേർക്കപ്പെടുന്നു. ഇതാണ് വി. സഭയുടെ സമഗ്രത; ഏവരെയും അവൾ ഉൾക്കൊള്ളുന്നു. മരിച്ചവർ, കർത്താവുമായി സംസർഗ്ഗത്തിലായിരിക്കുന്നവരാണ്. സ്വർഗ്ഗീയരും ഭൗമീകരും, അകന്നവരും അടുത്തവരും, ആരാധനയിൽ സജീവരായതുകൊണ്ടാണ് പ്രസ്തുത സമൂഹത്തെ കൂട്ടായ്മ (കൂറോബോ) എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. വി. കുർബാനയിൽ, കാഴ്ച്ച സമർപ്പണം മുതൽ തന്നെ പുരോഹിതൻ, ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുന്നു. ആരാധനാക്രമത്തിലെ ഒരു ഹൂത്തോമ്മോ ഇവിടെ ശ്രദ്ധേയമാകുന്നു; പട്ടക്കാരൻ വിശുദ്ധ ദൈവാലയത്തിൽ വി. കുർബാന നടത്തുമ്പോൾ ആത്മാക്കൾ കൂട്ടത്തോടെ വന്ന് ആ യാഗത്തിൽ സംബന്ധിച്ച് സന്തോഷം പ്രാപിച്ച് അവരുടെ വാസസ്ഥലത്തേക്ക് മടങ്ങുന്നു. ആത്മീയരോടൊപ്പം ഭൗമികർക്കും ദൈവമഹത്വത്തിന് ഭാഗ്യം നല്കുന്ന കർത്താവിന്റെ കരുണയെ പ്രതി, ആരാധനാക്രമം മഹോന്നതനെ പ്രകീർത്തിക്കുന്നു. മരിച്ചവർക്ക് വേണ്ടിയുള്ള പ്രാർത്ഥനയും അവരുടെ പങ്കാളിത്തവും ഉൾപ്പെടുത്താതിരുന്നാൽ പ്രാർത്ഥന പൂർണ്ണമാകുകയില്ലായെന്നാണ് സുറിയാനി സഭാപാരമ്പര്യം. കാനോനിക നമസ്കാരവും വി. കുർബാനയും പ്രസ്തുത സംസർഗ്ഗത്തെ അനിവാര്യമാക്കി പ്രഘോഷിക്കുന്നുണ്ട്. ക്രിസ്തു തന്റെ തിരുരക്തത്താൽ വിലയ്ക്കു വാങ്ങിയവരാണ് പരേതർ എന്ന് ആനീദെ ഞായർ സന്ധ്യാനമസ്ക്കാരക്രമം സാക്ഷ്യപ്പെടുത്തുന്നു. ആയതിനാൽ ക്രിസ്തു സാന്നിദ്ധ്യത്തിൽ പരേതരും വി.സഭയിൽ ചേർക്കപ്പെട്ടിരിക്കുന്നു. മരണം നിർവ്വചിക്കപ്പെട്ടിരിക്കുന്നത്, ക്രിസ്തുവിനോടുള്ള കൂട്ടായ്മയുടെ പൂർണ്ണതയായിട്ടാണ്. പൂർണ്ണ പങ്കാളിത്തത്തിനു വേണ്ടിയുള്ള പ്രയാണമാണിത്. ആയതിനാലാണ് ജഡിക മരണത്തെ ഒരു ദൈവവിളിയും കാത്തിരിപ്പുമായി അവതരിപ്പിച്ചിരിക്കുന്നത്. മരണശേഷവും ദൈവബന്ധത്തിൽ നിന്നും വേർതിരിക്കപ്പെടുന്നില്ല; പിന്നെയോ പ്രസ്തുത പാരസ്പര്യതയുടെ തുടർച്ചയാണ് സംഭവ്യമാകുന്നത്. വേർപെട്ടവർക്ക്, ആത്മീയലോകത്തിലെ ജനനവും നിത്യജീവനിലേക്കുള്ള പ്രവേശന കവാടവും ലഭ്യമാകുന്നു. അപ്രകാരം ദൈവവുമായി സംസർഗത്തിലായിരിക്കുന്ന ഭൗമീക ഭക്തരും, ആത്മീയ സാന്നിദ്ധ്യങ്ങളും ദൈവാരാധനയിൽ കൂട്ടായ്മയിലായിരിക്കുന്നു.

## പാതാള വാസം

മരണമെന്ന രഹസ്യത്തെ ആരാധനാക്രമം അവതരിപ്പിക്കുമ്പോൾ കടന്നുവരുന്ന ഒരു വാക്കാണ് പാതാളം. പാരമ്പര്യമനുസരിച്ച് മരണാനന്തരം വാങ്ങിപ്പോയവർ പാതാളത്തിൽ പ്രവേശിക്കുന്നു. ഒരു ഭൂമിശാസ്ത്രപരമായ മേഖലയെക്കാൾ അത്

www.malankaralibrary.com





ഒരു അവസ്ഥയെ സൂചിതമാക്കുന്നു. യഹൂദമതാത്മ കതയുടെ കാഴ്ച്ചപ്പാടുകൾ ഇവിടെ സ്വാധീനം ചെലു ത്തുന്നുണ്ട്. മരണം ജീവിതത്തിന്റെ അന്ത്യമല്ല; മരി ച്ചവരുടെ വാസസ്ഥലം പാതാളമാണ് ധസംഖ്യ 16/ 30 പ. ആത്മീയതയുടെ ചിന്തകൾക്കാണ് പ്രസ്തുത അവസ്ഥ പ്രാധാന്യം നല്കുന്നത്. ആത്മാക്കൾ അന്ത്യവിധിക്കായി കാത്തിരിക്കുന്ന അവസ്ഥയാണി ത്. ദാനിയേൽ 12/2 ൽ പറയുന്നപ്രകാരം, അവിടെ നിന്നു വിടുതൽ പ്രാപിക്കുന്നത് ഉയിർത്തെഴു ന്നേൽപ്പിലൂടെയാണ്. പാതാളമെന്ന ചിന്ത, കാല ഘട്ടത്തിൽ വികാസം പ്രാപിച്ചപ്പോൾ, അതിന് രണ്ട് ഭാഗങ്ങളുണ്ടെന്നും നീതിമാന്മാരും പാപികളും പ്രത്യേകം അവിടെ സ്ഥിതിചെയ്യുന്നുവെന്നും പഠി പ്പിക്കുന്നു. നീതിമാന്മാരുടെ വാസസ്ഥലം പറു ദീസ എന്നും പാപികളുടെ അധിവാസസ്ഥലം പാതാളം എന്നുമുള്ള ചിന്തക്ക് അവഗാഹം ലഭിച്ചു. ഉയിർപ്പിന്റെ മഹത്വത്തിലാണ് പരേതാത്മക്കൾക്ക് രൂപാന്തരീകരണവും രക്ഷയും പ്രാപ്യമാകുന്നത്. ക്രിസ്തുവിന്റെ മരണം, കല്ലറയിലെ വാസം-പാതാള പ്രവേശം, ഉയിർത്തെഴുന്നേൽപ്പ് എന്നിവ യെല്ലാം മരണ ദൈവശാസ്ത്രത്തിന് ക്രിസ്തീയ ചൈതന്യം നല്കി ജീവസുറ്റതാക്കി. ക്രിസ്തു വിൽ മരിച്ചവർക്ക് രണ്ടാം മരണമില്ല; അവർ ഉത്ഥാ നത്തിൽ സ്വർഗ്ഗീയന്റെ സാദൃശ്യം ധരിക്കും 1 കൊരി. 15/49പ. ശരീരം ജീർണ്ണത പ്രാപിക്കുന്നു; എന്നാൽ ആത്മാവ് അമർത്യമായി സ്ഥിതി ചെയ്യുന്നു. ശരീരവും ആത്മാവും മരണംകൊണ്ട് വേർപെടുകയും ക്രിസ്തുവിന്റെ രണ്ടാം ആഗമനത്തിൽ ദൈവപുത്ര നോട് ചേർക്കപ്പെടുകയും ചെയ്യുന്നു. പുനരുദ്ധാന മെന്നത് പുതുജീവനാണ്. വി. കുർബാനയിലെ പ്രാർത്ഥന സാക്ഷ്യപ്പെടുത്തുന്നപ്രകാരം, ക്രിസ്തു വിന്റെ തിരുശരീര രക്തങ്ങൾ സ്വീകരിച്ചിട്ടുള്ളതി നാൽ വാങ്ങിപ്പോയവർ മഹത്വീകരിക്കപ്പെട്ട പുന രുത്ഥാനത്തിന് ഭാഗ്യം ലഭിക്കും. ഉയിർപ്പ് എന്നത് മനുഷ്യന്റെ തനതായ അവസ്ഥയുടെ പുനഃസ്ഥാപ നമാണ്. മർത്യമായത് അമർത്യമാകുവാൻ മര ണവും പാതാള പ്രവേശനവും അനിവാര്യമാണ്.

## സ്വർഗ്ഗ പ്രവേശം

സ്വർഗ്ഗമെന്നത് തീർത്ഥാടകൻ എത്തിച്ചേരേണ്ട ഇടമാണ്. അത് ദൈവത്തിന്റെ വാസസ്ഥലവും ദൈവീക മഹത്വത്തിൽ പങ്കാളികളായിരിക്കുന്നവർ ആയിരിക്കുന്ന അവസ്ഥയുമാണ്. ദൈവസാന്നി ദ്ധ്യവും ദൈവീകാധികാരവുമാണിവിടെ സംഭവ്യ മാകുന്നത്. ജീവന്റെ പൂർണ്ണതയും വിശുദ്ധ ജീവി തത്തിന്റെ ലക്ഷ്യസ്ഥാനവുമാണിത്. ആരാധനാ ക്രമം, സ്വർഗ്ഗവാസത്തെ ചിലപ്രയോഗങ്ങളാൽ വർണ്ണിക്കുന്നു: അബ്രഹാമിന്റെ മടി, മണവറ, ആദ്യ

www.malankaralibrary.com



ജാതന്മാരുടെ സഭ, പ്രകാശ മണവറ, ജീവന്റെ തുറ മുഖം, മഹത്വീകരിക്കപ്പെട്ട ആട്ടിൻ തൊഴുത്ത്... ആത്മാക്കൾ നിത്യ വിശ്രമം കണ്ടെത്തുന്ന ഇടമാണിത്. ദൈവരാജ്യത്തിന്റെ പൂർണ്ണതയാണിത്. നരകമാണ് പാപികളുടെ വിശ്രമസ്ഥലം. അത് നിത്യ ശിക്ഷയുടെ അവസ്ഥയാണ്. കെടാത്ത തീയും ചാകാത്ത പുഴുവുമുള്ള പ്രദേശമായി ഇതിനെ അവതരിപ്പിച്ചിരിക്കുന്നു. വി. ത്രിത്വത്തിന്റെ ബന്ധത്തിൽ നിന്നും അകന്ന് പോയ ഒരു ജീവിതാവസ്ഥയുടെ പരിണിതഫലമാണിത്. കൂട്ടായ്മയുടെ മനോഹാരികതയ്ക്കുപകരം ഒറ്റപ്പെടലിന്റെ വേദനയാണിവിടെ ലഭ്യമാകുന്നത്. സഭ പ്രാർത്ഥിക്കുന്നതും ധൂപം സമർപ്പിക്കുന്നതും മരണമടഞ്ഞവരെ ഇത്തരം ഭീകരതയിൽ നിന്നും രക്ഷിക്കേണമേയെന്നാണ്. സ്വർഗ്ഗീയ സന്തോഷ പ്രാപ്തിക്കുവേണ്ടിയാണ് ജീവിച്ചിരിക്കുന്നവർ പ്രാർത്ഥന സമർപ്പിക്കുന്നത്. വി. കുർബാനയിൽ വാങ്ങിപ്പോയവർ സജീവമായി പങ്കെടുക്കുന്നു; കാരണം ആ ദൈവീകബന്ധത്തിന്റെ പാരസ്പര്യതയിലാണവർ നിലകൊള്ളുന്നത്.

വാങ്ങിപ്പോയവരുമായുള്ള സംസർഗ്ഗം സഭാവിശ്വാസത്തിന്റെ കാതലും ആരാധനാക്രമത്തിന്റെ പ്രധാന ഉള്ളടക്കവുമാണ്. അവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നത് സഭയുടെ സ്വഭാവവും ധർമ്മവുമാണ്. അവർ വിശുദ്ധരോട് സംസർഗം ചെയ്യുന്നുവെന്നുള്ള വിചാരവും സഭയ്ക്കുണ്ട്. അവർ വാങ്ങിപ്പോയവരാണ്; മൃതരായവരല്ല. ആരാധനയുടെ സ്വഭാവമായ അനുസ്മരണം (ദുഖ്റോനോ) അവരെ ചേർത്തുനിറുത്തുന്നു. വാങ്ങിപ്പോയവരുടെ ഓർമ്മയാചരണത്താൽ അവരുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെടുന്നു. കർത്താവിന്റെ ആഗമനത്തിൽ അതിനാൽ അവർക്ക് ആനന്ദം ലഭിക്കുകയും ചെയ്യും. ഭക്തരായി മരിച്ചവർക്ക് നല്ല ഓർമ്മയുണ്ടാകണം എന്നതാണ് സഭയുടെ പ്രാർത്ഥന. മൂന്നാം ദിവസത്തെ ഓർമ്മ, ക്രിസ്തുവിന്റെ മൂന്നാം ദിവസത്തെ ഉയിർത്തെഴുന്നേൽപ്പും, ഒൻപതാം ദിവസം, ഒൻപത് വൃന്ദം മാലാഖമാരോട് ചേർന്നുള്ള വിശുദ്ധസംസർഗത്തെയും, മുപ്പതാം ദിവസം, യഹൂദരുടെ മുപ്പത് ദിവസത്തേക്കുള്ള വിലാപ ദിനങ്ങളെയും, നാല്പതാം ദിവസം, ക്രിസ്തുവിന്റെ നാല്പതാം ദിവസത്തെ സ്വർഗ്ഗാരോഹണത്തെയും ദൃഷ്ടാന്തമാക്കി പരേതരുടെ ഓർമ്മയെ സഭ ഒരു ആഘോഷമാക്കിമാറ്റുന്നു. വാങ്ങിപ്പോയവരുടെ സജീവ സാന്നിദ്ധ്യം വഴി സ്വർഗ്ഗീയ സഭയും ഭൗമീക സഭയും ആരാധനയിൽ പാരസ്പര്യതയിലാകുന്നു.



www.malankaralibrary.com




## ഹെസദ് 2024-സഭാതല യുവജന ദിനാഘോഷം

മലങ്കര കാത്തലിക് യൂത്ത് മൂവ്മെൻറ് (എം.സി.വൈ.എം.) നേതൃത്വത്തിൽ സഭാതല യുവജന സംഗമം ഹെസദ് 2024 തിരുവല്ല അതിഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ ഷെവലിയാർ വർഗീസ് കരിപ്പായിൽ നഗറിൽ (തിരുവല്ല സെൻറ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ) വച്ച് നടന്നു. ഒക്ടോബർ 20 ഞായറാഴ്ച രാവിലെ തിരുവല്ല അതിഭദ്രാസന മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവിന്റെ മുഖ്യകാർമികത്തിലും, യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് എപ്പിസ്കോപ്പ, സഭാതല ഡയറക്ടർ ഫാ. ഡോ. പ്രഭീഷ് ജോർജ്, വിവിധ ഭദ്രാസന ഡയറക്ടർ അച്ചന്മാർ എന്നിവരുടെ സഹകാർമികത്തിലും നടന്ന ആഘോഷമായ വിശുദ്ധ കുർബാനയോടെ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. തുടർന്ന് ബ്രദർ സച്ചിൻ കപ്പുച്ചിൻ &. ടീം നയിച്ച ഐസ് ബ്രേക്കിംഗ് സെഷനോടുകൂടി യൂത്ത് സെമിനാർ ആരംഭിച്ചു. റവ. ഫാ. റോയി കണ്ണൻചിറ സി.എം.ഐ. നയിച്ച യൂത്ത് സെമിനാർ യുവജനങ്ങൾക്ക് പുത്തൻ ഉണർവ് നൽകുന്നത് ആയിരുന്നു. എം.സി.വൈ.എം. സഭാതല പ്രസിഡൻറ് ശ്രീ മോനു ജോസഫ് അധ്യക്ഷത വഹിച്ച പൊതുസമ്മേളനം ബഹു. കേന്ദ്ര ന്യൂനപക്ഷ, ഫിഷറീസ് സഹമന്ത്രി അഡ്വക്കേറ്റ് ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. സഭാതല ജനറൽ സെക്രട്ടറി ലിനു ഡാനിയേൽ മീറ്റിംഗിന് സ്വാഗതം ആശംസിച്ചു, സഭാതല ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ് ആമുഖ സന്ദേശം നൽകി. ആർച്ചുബിഷപ്പ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത അനുഗ്രഹ പ്രഭാഷണം നടത്തി, മലങ്കര സുറിയാനി കത്തോലിക്കാ സഭ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് എപ്പിസ്കോപ്പ മുഖ്യപ്രഭാഷണം നടത്തി. തിരുവല്ല അതിഭദ്രാസന മുഖ്യ വികാരി ജനറൽ റൈറ്റ് റവ. ഐസക് പറപ്പള്ളിൽ, തിരുവല്ല അതിഭദ്രാസന ഡയറക്ടർ ഫാ. ചെറിയാൻ കുരിശുംമൂട്ടിൽ, പ്രസിഡൻറ് സിറിയക് വി. ജോൺ, കെ.സി.വൈ.എം. വൈസ് പ്രസിഡൻറ് ഷിബിൻ ഷാജി എന്നിവർ ആശംസകൾ അറിയിച്ചു, ട്രഷറർ രഞ്ജു രാജു നന്ദി അറിയിച്ചു വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക മേഖലകളിൽ അവാർഡുകൾ നേടിയവരെ ആദരിച്ചു. തുടർന്ന് നടന്ന യുവജന റാലി ഏറെ വർണ്ണാഭ മായിരുന്നു. എം. സിവൈ. എം. 2025 ലെ ഹെസദിന് ആതിഥേയത്വം വഹിക്കുന്ന മാർത്താണ്ഡം ഭദ്രാ സനത്തിന് എം.സി.വൈ.എം. പതാക കൈമാറിക്കൊണ്ട് 2024 വർഷത്തെ ഹെസദിന് സമാപനം കുറിച്ചു.

www.malankaralibrary.com
RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)/284/2024-2026
Date of Publication 29-10-2024

Christavakahalam Monthly, NOVEMBER 2024
Annual Subscription Rs. 150/
Single Copy Rs. 15/

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
പ്രഥമ പ്രസിദ്ധീകരണം.
ആകർഷകമായ രൂപകല്പനയിൽ
എല്ലാ കുടുംബങ്ങളിലേക്കും....

ക്രൈസ്തവ
കാഹളം




വായിക്കുക
വരിക്കാരാകുക
പ്രചരിപ്പിക്കുക

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374,
e-mail:stmaryspresspattom@gmail.com